ചരിത്ര പാഠപുസ്തകം

ഭാഗം 4

# കേരള ചരിത്രത്തിലെ
# തിരഞ്ഞെടുത്ത പ്രമേയങ്ങൾ

XII


കേരള സർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by :*

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala

*To be printed in quality paper - 80gsm map litho (snow-white)*

പ്രിയ പഠിതാക്കളെ,

കേരളത്തിൽ ഹയർസെക്കന്ററി തലത്തിലെ (പന്ത്രണ്ടാം ക്ലാസിലെ) ചരിത്രപഠനത്തിന് ഇന്ത്യാ ചരിത്രത്തിലെ വ്യത്യസ്തങ്ങളായ പ്രമേയങ്ങൾ ഉൾപ്പെടുന്ന എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ ഇന്ത്യാ ചരിത്രവുമായി ബന്ധപ്പെട്ട പ്രമേയങ്ങളാണ് നിങ്ങൾ പഠിക്കുന്നത്. എന്നാൽ, നിങ്ങൾ ഈ തലത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രം പഠിക്കുന്നില്ല. ഒരു ചരിത്ര വിദ്യാർത്ഥിക്ക് വിവിധ കാലഘട്ടങ്ങളിലൂടെയുള്ള സമൂഹത്തിന്റെ പരിണാമത്തെക്കുറിച്ച് സമഗ്രമായ ഒരു ചിത്രം ലഭിക്കണമെങ്കിൽ സ്വന്തം ദേശത്തിന്റെ ചരിത്രത്തെക്കുറിച്ച് തീർച്ചയായും അറിവുണ്ടാകണം. ഈ ലക്ഷ്യത്തോടെയാണ് 'കേരള ചരിത്രത്തിലെ തിരഞ്ഞെടുത്ത പ്രമേയങ്ങൾ' എന്ന പുസ്തകം അവതരിപ്പിക്കുന്നത്. പ്രാരംഭകാലഘട്ടം മുതൽ 1956 ലെ ഐക്യകേരള രൂപീകരണം വരെയുള്ള കേരള ചരിത്രത്തിന്റെ വികാസത്തെക്കുറിച്ചുള്ള ഒരു പൊതുധാരണ ഈ പുസ്തകം നിങ്ങൾക്ക് നൽകും.

ഈ പുസ്തകത്തിൽ കേരളത്തിന്റെ സമഗ്രമായ ചരിത്രത്തെ വിപുലമായി പറയുവാനല്ല, മറിച്ച്, കേരളത്തിന്റെ സാവധാനത്തിലുള്ളതും എന്നാൽ സ്ഥിരതയാർന്നതുമായ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ രൂപീകരണത്തെക്കുറിച്ച് ഒരു പൊതുധാരണ നൽകുവാനാണ് ശ്രമിക്കുന്നത്. കേരളത്തിന്റെ വിവിധ കാലഘട്ടങ്ങളിലെ സമ്പദ്‌വ്യവസ്ഥ, സമൂഹം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട ചരിത്രസംഭവങ്ങളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ചരിത്രം എന്നത് രാഷ്ട്രീയ സംഭവങ്ങൾ മാത്രമല്ല, സമൂഹത്തിൽ സംഭവിക്കുന്ന സകലതിനെയും ഇത് പ്രതിനിധാനം ചെയ്യുന്നു. ഇന്ത്യാ ചരിത്രത്തെ ശരിയായി മനസ്സിലാക്കാൻ പ്രാദേശിക ചരിത്രത്തിന്റെ പഠനം അത്യാവശ്യമാണെന്ന് ഈ പുസ്തകം പഠിക്കുന്നതിലൂടെ നിങ്ങൾക്ക് മനസ്സിലാകും.

ഈ പതിപ്പിന്റെ പരിഷ്കരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ എസ്.സി.ഇ.ആർ.ടി. സ്വാഗതം ചെയ്യുന്നു.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരള

## പാഠപുസ്തക നിർമ്മാണ സമിതി

**ഡോ. കെ.പി. രാജേഷ്**
അസിസ്റ്റന്റ് പ്രൊഫസർ, എൻ.എസ്.എസ്. കോളേജ്,
മഞ്ചേരി, മലപ്പുറം

**പ്രദീപൻ. ടി**
എച്ച്.എസ്.എസ്.ടി. ചരിത്രം,
ജി.എച്ച്.എസ്.എസ്, കല്ലാച്ചി, കോഴിക്കോട്

**യൂസഫ് കുമാർ. എസ്.എം**
എച്ച്.എസ്.എസ്.ടി. ചരിത്രം,
ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്,
ആറ്റിങ്ങൽ, തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. അബ്ദുൾ റസാക്ക് പി.പി.**
അസോസിയേറ്റ് പ്രൊഫസർ, ചരിത്രവിഭാഗം
പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി, മലപ്പുറം

**ഡോ. കെ.എസ്. മാധവൻ**
അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രവിഭാഗം,
കാലിക്കറ്റ് സർവ്വകലാശാല

**ലുക്മാനുൾ ഹക്കീം കെ.**
അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രവിഭാഗം,
മഹാരാജാസ് കോളേജ്, എറണാകുളം

## അക്കാദമിക് കോർഡിനേറ്റർ

**കെ.വി. മനോജ്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
*To be printed in quality paper - 80gsm map litho (snow-white)*
© Department of Education, Government of Kerala

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.


**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തക വിവർത്തനം

## ശിൽപ്പശാലയിൽ പങ്കെടുത്തവർ

**അജു എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., വെച്ചൂച്ചിറ കോളനി, പത്തനംതിട്ട

**ദിവ്യ. പി. എസ്.**
എച്ച്.എസ്.എസ്.ടി. മലയാളം, ഗവ.നളന്ദ എച്ച്.എസ്.എസ്., കിഴുപ്പിള്ളിക്കര, തൃശ്ശൂർ

**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി, കോട്ടയം

**പ്രൊഫ. എം. ജലാലുദ്ദീൻ** (റിട്ട.)
സി.കെ.ജി. മെമ്മോറിയൽ ഗവ.കോളേജ്, പേരാമ്പ്ര, കോഴിക്കോട്

**മടവൂർ ശശി**

**ഡോ. ബി.വി. നന്ദകുമാർ**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.വി.എച്ച്.എസ്.എസ്., ആര്യനാട്, തിരുവനന്തപുരം

**ഡോ. കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട.), ഗവ. കോളേജ് ഫോർ വിമിൻ, തിരുവനന്തപുരം

**സജീവ് ഡി.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എം.എച്ച്.എസ്.എസ്., വെഞ്ഞാറമൂട്, തിരുവനന്തപുരം

**സജീവ് കുമാർ ജി. എസ്.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., കടയ്ക്കൽ, കൊല്ലം

**യൂസഫ് കുമാർ എസ്. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്., പകൽക്കുറി, തിരുവനന്തപുരം

**വിനോദ് എം. എം.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.ജി.എച്ച്.എസ്.എസ്., മാവേലിക്കര, ആലപ്പുഴ

## അക്കാദമിക് കോർഡിനേറ്റർമാർ

**ചിത്രാ മാധവൻ**
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി.

**അഞ്ജന വി.ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം

**പ്രമേയം : പതിനാല്**

ആധുനിക പൂർവ കേരളം:
സമ്പദ്‌വ്യവസ്ഥ, സമൂഹം, ഭരണസംവിധാനം ..................... 09

**പ്രമേയം : പതിനഞ്ച്**

കേരളം: ആധുനികതയിലേക്ക് ............................................. 47

Y8U8H7

## കുറിപ്പ്

### (ക്രമനമ്പരുകളിലെ മാറ്റം)

ഇന്ത്യാ ചരിത്രത്തിലെ പതിനഞ്ച് പ്രമേയങ്ങളാണ് മൂന്ന് പുസ്തകങ്ങളിലായി എൻ.സി.ഇ.ആർ.ടി. പന്ത്രണ്ടാം ക്ലാസിനായി തയാറാക്കിയിട്ടുള്ളത്. എൻ.സി.ഇ.ആർ.ടി. യുടെ പുസ്തകത്തിൽ കേരള ചരിത്രത്തിലെ പ്രമേയങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇന്ത്യാചരിത്രത്തിൽ ഉൾപ്പെടുന്നതും എന്നാൽ മറ്റു ചില വിഷയങ്ങളിൽ കുട്ടികൾ വിശദമായി പഠിക്കുന്നതുമായ ആശയങ്ങൾ ഉൾപ്പെടുന്ന രണ്ട് പ്രമേയങ്ങൾക്ക് പകരം കേരള ചരിത്രത്തിലെ രണ്ട് പ്രമേയങ്ങൾ ഉൾപ്പെടുത്തി എസ്.സി.ഇ.ആർ.ടി. തയാറാക്കിയ നാലാമതൊരു പുസ്തകം പഠിപ്പിച്ചുവരുന്ന വിവരം അറിവുള്ളതാണല്ലോ.


ഇംഗ്ലീഷ് പതിപ്പുകൾ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയപ്പോൾ ഇന്ത്യാചരിത്രത്തിലെ പ്രമേയങ്ങളുടെ ക്രമനമ്പരുകൾ 1 മുതൽ 13 വരെ തുടർച്ചയായും തുടർന്ന് 14, 15 ക്രമനമ്പരുകൾ കേരളചരിത്ര പ്രമേയങ്ങൾക്കുമാണ് നൽകിയിട്ടുള്ളത് എന്നകാര്യം പഠിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രമേയം
പതിനാല്

# ആധുനിക പൂർവ കേരളം: സമ്പദ്‌വ്യവസ്ഥ, സമൂഹം, ഭരണസംവിധാനം (PRE MODERN KERALA: ECONOMY, SOCIETY & POLITY)

V9P1B8

ആദ്യകാലഘട്ടം മുതൽ 1800 സി.ഇ. വരെയുള്ള കേരളത്തിന്റെ ചരിത്രപരമായ വികാസമാണ് ഈ അധ്യായത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത്. ഈ പ്രമേയത്തെ നാല് ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു; ബഹുവിധമായ ഉപജീവനതന്ത്രങ്ങളും ആദ്യകാല മുഖ്യൻ വ്യവസ്ഥയുടെ രൂപീകരണവും, കാർഷികാധിവാസ പ്രദേശങ്ങളുടെ ഏകീകരണവും തട്ടുകളായി തിരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ രൂപീകരണവും മഹോദയപുരത്തെ പെരുമാക്കളുടെ ഉദയവും സി.ഇ. 1200 മുതൽ 1800 വരെയുള്ള സാമൂഹിക-സാമ്പത്തിക രാഷ്ട്രീയ പരിവർത്തനങ്ങളും.



## സ്രോതസ്സുകളുടെ ഒരു സംക്ഷിപ്ത പരിശോധന (A BRIEF SURVEY OF THE SOURCES)

ആധുനികപൂർവ കേരളത്തിന്റെ ചരിത്രം പഠിക്കുന്നതിന് വൈവിധ്യമാർന്ന സ്രോതസ്സുകൾ ലഭ്യമാണ്. ഇരുമ്പുയുഗത്തിലെയും ആദിമചരിത്രകാലഘട്ടത്തിലെയും പുരാവശിഷ്ടങ്ങൾ, റോമൻ-ചേര കാലഘട്ടത്തിലെ നാണയങ്ങൾ, ശിലാലേഖകൾ, തമിഴ്‌വീരഗാഥകൾ പോലുള്ള സാഹിത്യപരമായ തെളിവുകൾ, *മൂഷകവംശകാവ്യം* പോലെയുള്ള മറ്റു സംസ്കൃത കൃതികൾ, വായ്മൊഴി പാരമ്പര്യങ്ങൾ അടക്കമുള്ള മലയാളസാഹിത്യം, *ഗ്രന്ഥവരികൾ*, ഗ്രീക്ക് റോമൻ ചൈനീസ് അറബി പോർച്ചുഗീസ് തുടങ്ങിയവരുടെ യാത്രാവിവരണങ്ങൾ എന്നിവ അവയിലുൾപ്പെടുന്നു.

### മൂഷകവംശകാവ്യം Mushakavamsakavya

കണ്ണൂർ ജില്ലയിലെ ഏഴിമലയിലെ *മൂഷകവംശപരമ്പരയെക്കുറിച്ച്* സംസ്കൃതത്തിൽ രചിക്കപ്പെട്ട ഒരു അർധചരിത്ര ദിനവൃത്താന്ത (Chronicles) മാണ് പതിനഞ്ച് അധ്യായങ്ങൾ ഉൾക്കൊള്ളുന്ന *മൂഷകവംശകാവ്യം*. മൂഷകവംശസ്ഥാപക ഭരണാധികാരി രാമഘടമൂഷകൻ മുതൽ അവസാന ഭരണാധികാരിയായ ശ്രീകണ്ഠൻ വരെയുള്ള *മൂഷകരുടെ വംശചരിത്രമാണ്* ഇതിൽ പ്രതിപാദിക്കുന്നത്. അവസാന മൂഷകരാജാവായ ശ്രീകണ്ഠന്റെ കൊട്ടാരം കവിയായിരുന്ന അതുലനാണ് സി.ഇ. പതിനൊന്നാം നൂറ്റാണ്ടിൽ ഇതു രചിച്ചത്. വംശചരിത്രത്തിന്റെയും പ്രാദേശിക ചരിത്രത്തിന്റെയും കേരളത്തിൽ ഇന്നു ലഭ്യമായ ഏറ്റവും പഴക്കമേറിയ കൃതിയാണിത്. ഇന്ത്യയിലെ ഏറ്റവും ആദ്യത്തെ ചരിത്രപരമായ ദിനവൃത്താന്തമെന്ന് പറയപ്പെടുന്ന കൽഹണന്റെ *രാജതരംഗിണിക്കും* ഒരു നൂറ്റാണ്ട് മുമ്പാണ് ഇത് എഴുതപ്പെട്ടത്.

# ബഹുവിധമായ ഉപജീവനതന്ത്രങ്ങളും ആദ്യ കാല മുഖ്യൻ വ്യവസ്ഥയുടെ രൂപീകരണവും (MULTIPLE SUBSISTENCE STRATEGIES AND FORMATION OF EARLY CHIEFDOM)

## ചരിത്രാതീത കാലത്തെക്കുറിച്ചുള്ള പര്യവേക്ഷണങ്ങൾ (Explorations in pre-history)

നമുക്കറിയാവുന്നതുപോലെ ഇന്ത്യയിൽ ചരിത്രാതീത കാല പഠനം ആരംഭിക്കുന്നത് 1863 ൽ റോബർട്ട് ബ്രൂസ് ഫൂട്ട് (Robert Bruce Foote) മദ്രാസിലെ പല്ലവാരത്ത് പുരാതന ശിലായുഗായുധങ്ങൾ കണ്ടെത്തിയതോട് കൂടിയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേരളത്തിലെ കനത്ത വർഷപാതവും നിബിഡവനങ്ങളും നിമ്നോന്നതമായ തുണ്ട് പ്രദേശങ്ങളും, വെള്ളാരം കല്ലുകളുടെ അഭാവവും അടക്കമുള്ള വാസയോഗ്യമല്ലാത്ത പാരിസ്ഥിതിക ഘടകങ്ങൾ ശിലായുഗ മനുഷ്യർക്ക് ഈ പ്രദേശത്തോടുള്ള താൽപര്യം കുറച്ചിട്ടുണ്ടാകാം. എന്നാൽ 1970 കൾക്കുശേഷം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയ ശിലായുധങ്ങൾ, ഉപദ്വീപീയ ഇന്ത്യയുടെ ഇതരഭാഗങ്ങളെപ്പോലെ തന്നെ കേരളത്തിനും ശിലായുഗ പാരമ്പര്യം ഉണ്ടെന്ന് തെളിയിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ റ്റോഡ് (Todd) കോഴിക്കോട്ടെ ചേവായൂരിൽനിന്ന് സൂക്ഷ്മശിലായുധങ്ങളുടെ (മൈക്രോലിത്തുകൾ) ഒരു ശേഖരം കണ്ടെത്തുകയുണ്ടായി. ഇടുക്കിയിലെ മറയൂരിൽനിന്നും പദ്മനാഭൻതമ്പി സൂക്ഷ്മശിലായുധങ്ങളും മധ്യശിലായുഗ (മെസോലിത്തിക്) ഗുഹാചിത്രങ്ങളും കണ്ടെത്തുകയുണ്ടായി (1973). പി.രാജേന്ദ്രൻ 1974 ൽ പാലക്കാട് ജില്ലയിലെ കാഞ്ഞിരംപുഴയിൽ നിന്ന് ഒരു പുരാതനശിലായുഗ ഉപകരണം കണ്ടെത്തി. നവീന ശിലായുഗകോടാലികൾ താമരശ്ശേരി (1975), പൂതാടി (1978), പറമ്പിക്കുളം (1983) എന്നിവിടങ്ങളിൽ നിന്നും അവിടവിടെയായി കണ്ടെത്തി. 1989 ൽ നവീനശിലായുഗത്തിലെ ഒരു കോടാലി മൺറോ തുരുത്തിൽ (കല്ലട നദീതടപ്രദേശം, കൊല്ലം ജില്ല) നിന്ന് പി.രാജേന്ദ്രൻ കണ്ടെത്തി. സമീപകാലത്ത് പാലക്കാട് ജില്ലയിലെ ആനക്കരയിൽ നിന്നും കുറച്ച് സൂക്ഷ്മശിലായുധങ്ങൾ കണ്ടെത്തുകയുണ്ടായി (2006).

## പൂർവചരിത്രം (Antecedents)

കേരളത്തിൽ ജനജീവിതം ആരംഭിച്ചതെന്നാണ്? ഈ ചോദ്യത്തിന് ഉത്തരം നൽകുക വളരെ ദുഷ്കരമാണ്. കിഴക്ക് പശ്ചിമഘട്ടത്തിനും, പടിഞ്ഞാറ് അറബിക്കടലിനും ഇടയ്ക്ക് സ്ഥിതി ചെയ്യുന്ന മലനാട്, ഇടനാട്, തീരപ്രദേശം എന്നിവ ഉൾപ്പെടുന്ന ഒരിടുങ്ങിയ നാടപോലുള്ള പ്രദേശമാണ് കേരളമെന്ന് നമുക്കറിയാമല്ലോ. ഈ ഭൂപ്രദേശത്തിലെ മനുഷ്യപങ്കാളിത്തത്തിന് ശിലായുഗത്തോളം (പ്രാചീനശിലായുഗം, മധ്യശിലായുഗം, ആധുനിക ശിലായുഗം) പഴക്കമുണ്ട്.

എങ്ങനെയാണ് ആദ്യകാലജനത അതിജീവിച്ചത്? ഉപജീവനത്തിന് വേണ്ടി പ്രാചീന ശിലായുഗ ജനത പ്രധാനമായും ആശ്രയിച്ചിരുന്നത് വേട്ടയാടലിനേയും ഭക്ഷണ ശേഖരണത്തെയുമായിരുന്നു. മധ്യശിലായുഗ (മെസോലിത്തിക്) കാലഘട്ടത്തിൽ വേട്ടയാടലിനും ഭക്ഷണശേഖരണത്തിനുമൊപ്പം അവർ മീൻപിടുത്തവും നടത്തി. നവീന ശിലായുഗത്തിൽ കൃഷിയുടെ ആരംഭത്തോടെ ലോകത്താകമാനം ഒരു വിപ്ലവകരമായ മാറ്റം സംഭവിച്ചു. ഒരു പക്ഷേ, കേരളത്തിൽ ഇത് ശേഖരണത്തിന്റെയും, പ്രാകൃത കൃഷിയുടെയും അനുപൂരകമായ വേട്ടയാടലിന്റെയും മീൻപിടുത്തത്തിന്റെയും ഒരു സമ്മിശ്രമായിരുന്നിരിക്കാം. അവർ എവിടെ താമസിച്ചിരുന്നു? പ്രകൃതിദത്തമായ ഗുഹകളിൽ, പ്രത്യേകിച്ച് മഴക്കാലത്ത് അവർ തമ്പടിച്ചിരുന്നിരിക്കാം. ചരിത്രാതീത ചിത്രകലയും മറ്റു കലാപ്രവർത്തനങ്ങളും


തൊവരി കൊത്തുവേല.


എടയ്ക്കൽ കൊത്തുവേല

ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഇത്തരം ഗുഹകൾ മറയൂർ (ഇടുക്കി), എടയ്ക്കൽ (വയനാട്), തൊവരി (അമ്പലവയൽ, വയനാട്), ആങ്കോട് (നെയ്യാറ്റിൻകര താലൂക്ക്, തിരുവനന്ത പുരം) തെന്മല (കൊല്ലം) എന്നിവിടങ്ങളിൽ കണ്ടെത്തിയി ട്ടുണ്ട്. എന്നിരുന്നാലും ഭൗതിക തെളിവുകളുടെ ദൗർലഭ്യം മൂലം, കേരളത്തിന്റെ ശിലായുഗഘട്ടത്തെക്കുറിച്ച് എന്തെ ങ്കിലും തീർത്തു പറയുക ദുഷ്കരമാണ്. മഹാശിലായുഗം (megalithic) അഥവാ ഇരുമ്പ് യുഗവും ആദ്യകാല ചരിത്ര കാലഘട്ടവുമാണ് നമുക്ക് ധാരാളം തെളിവ് ലഭിച്ചിട്ടുള്ള കേരളത്തിന്റെ ഏറ്റവും പ്രാചീനമായ കാലഘട്ടം.


കുടക്കല്ല്


തൊപ്പിക്കല്ല്


പത്തിക്കല്ല്


ശിലാനിർമ്മിത അറകൾ

| കേരളത്തിലെ മഹാശിലായുഗ ഉൽഖനനങ്ങൾ Megalithic Excavations in Kerala | | |
|---|---|---|
| കേന്ദ്രത്തിന്റെ പേര് | വർഷം | ഉൽഖനനം നടത്തിയ ആൾ |
| ചാത്തപറമ്പ | 1819 (1823) | ജെ.ബാബിങ്ടൺ |
| ബംഗ്ലാമൊട്ടപറമ്പ് | 1879 (1887) | വില്യം ലോഗൻ |
| ഫറൂക്ക് | 1933 | എ.അയ്യപ്പൻ |
| പൊർക്കളം | 1953 | ബി.കെ.ഥാപ്പർ |
| ചിത്രാരി | 1974 | കെ.ജെ.ജോൺ |
| മച്ചാട് | 1978 | ആർ.എൻ.മേത്ത<br>കെ.എം.ജോർജ് |
| പഴയന്നൂർ | 1978 | ആർ.എൻ.മേത്ത, കെ.എം.ജോർജ് |
| പേരാമ്പ്ര | 1982 | കെ.ജെ.ജോൺ |
| അരിപ്പ | 1990 - 91 | ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ |
| ചേരമനങ്ങാട് | 1990 - 91 | ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ |
| മങ്ങാട് | 1992 | ടി.സത്യമൂർത്തി |
| ഉമ്മിച്ചിപൊയിൽ | 2001 | ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ |
| കടനാട് | 2008 | ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ |
| ആനക്കര | 2008 - 09 | രാജൻ ഗുരുക്കൾ |



ശവമടക്ക് ഭരണി (*നന്നങ്ങാടി*)

➲ **ചർച്ച ചെയ്യുക...**

കേരളത്തിന്റെ ആദിമ ചരിത്രപഠനത്തിൽ പുരാവസ്തു ശാസ്ത്രത്തിന്റെ പ്രാധാന്യം വിലയിരുത്തുക.

## ഇരുമ്പ് യുഗവും ആദ്യകാല ചരിത്ര ഘട്ടവും (Iron Age and Early Historic phase)

നമുക്കിനി ഇരുമ്പ് യുഗത്തിലും ആദ്യകാല ചരിത്രകാലഘട്ടത്തിലുമായി നടന്ന മനുഷ്യ അധിവാസ പ്രദേശങ്ങളുടെ വ്യാപനത്തെക്കുറിച്ചും സാംസ്കാരിക രൂപീകരണത്തെക്കുറിച്ചും പഠിക്കാം. (ഏകദേശം 300 ബി.സി.ഇ. മുതൽ 500 സി.ഇ. വരെ) ഈ കാലഘട്ടത്തെക്കുറിച്ച് പഠിക്കാൻ പുരാവസ്തു തെളിവുകളും സാഹിത്യപരമായ തെളിവുകളും നമുക്കുണ്ട്.

ശവസംസ്കാര സ്മാരകങ്ങളായിരുന്ന ശിലയറകൾ, *കുട കല്ലുകൾ, തൊപ്പിക്കല്ലുകൾ,* മുനിയറകൾ, കല്ലറകൾ (സിസ്റ്റുകൾ), ശവമടക്ക് ഭരണികൾ (നന്നങ്ങാടി), കാലുകളോട് കൂടിയ കളിമൺ ശവപ്പെട്ടി (സാർകോഫാഗസ്), വീരക്കല്ലുകൾ, വൃത്താകൃതിയിൽ നാട്ടിയ കല്ലുകൾ തുടങ്ങിയവയാണ് ഈ കാലഘട്ടത്തിലെ പ്രധാന പുരാവസ്തു തെളിവുകൾ. ഈ സ്മാരകങ്ങളിൽ നിന്ന് കിട്ടിയിട്ടുള്ള പ്രധാന ശവസംസ്കാര വസ്തുക്കൾ ചുവപ്പും കറുപ്പും കലർന്ന മൺപാത്രങ്ങൾ, ചുവപ്പു പൂശിയ മൺപാത്രങ്ങൾ, തവിട്ടു നിറത്തിലുള്ള മൺപാത്രങ്ങൾ, കറുത്ത മൺപാത്രങ്ങൾ എന്നിവയാണ്. ഇരുമ്പ് വസ്തുക്കളായ കത്തി, വാൾ, അരിവാൾ, മുക്കാലിപീഠം, കുന്തമുന, അമ്പുമുന, ത്രിശൂലം, ഇരുമ്പുവിളക്കുകൾ എന്നിവയും കൽമുത്തുകൾ, അലങ്കാരവസ്തുക്കൾ എന്നിവയും ഇതിൽ

ഉൾപ്പെടുന്നു. എല്ലാത്തരം ശവസംസ്കാര സ്മാരകങ്ങളെയും ചേർത്ത് പൊതുവെ മെഗാലിത്തുകൾ (മഹാശിലകൾ–വലിയ കല്ലുകൾ) എന്നു വിളിക്കാറുണ്ടെങ്കിലും ഇവയിൽ ഉൾപ്പെട്ട ഭരണികൾ, കാലുള്ള ശവപ്പെട്ടികൾ എന്നിവ കളിമണ്ണാൽ നിർമ്മിതവും ശിലയുമായി യാതൊരു ബന്ധവുമില്ലാത്തതുമാണ്. അതിനാൽ എല്ലാ ശവസംസ്കാര സ്മാരകങ്ങളും മഹാശിലാ സ്മാരകങ്ങളല്ല. ഇരുമ്പുപകരണങ്ങളുടെ വ്യാപകമായ ഉപയോഗം ഈ കാലഘട്ടത്തിന്റെ സവിശേഷതയായതിനാൽ ഇതിനെ കേരളചരിത്ര പഠനത്തിൽ ഇരുമ്പ് യുഗമെന്ന് കൂടി വിളിക്കുന്നു.



തമിഴകം (ഭൂപടം)

കേരളത്തിലെ മഹാശിലകളുടെ കാലഗണന സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമില്ല. പൊർക്കളത്തും, മങ്ങാടും (തൃശ്ശൂർ ജില്ല) നടത്തിയ ഉത്ഖനനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മഹാശിലാ സ്മാരകങ്ങൾക്ക് ബി.സി.ഇ 4 ഉം 3 ഉം നൂറ്റാണ്ടുകൾക്കും സി.ഇ. ഒന്നാം നൂറ്റാണ്ടിനുമിടയിലുമുള്ള ഒരു കാലഘട്ടം ചാർത്തപ്പെട്ടു. ഏറെക്കുറെ 500 ബി.സി.ഇ ക്കും 500 സി.ഇ ക്കും ഇടയിലായിരുന്നു കേരളത്തിലെ മഹാശിലാകാലം എന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

പൊതുവിൽ *സംഘ*സാഹിത്യം എന്ന് വിളിക്കപ്പെടുന്ന ആദ്യകാല തമിഴ് പദ്യസമാഹാരമാണ് അടുത്ത പ്രധാനപ്പെട്ട ഉറവിട സാമഗ്രി. ഇതിന്റെ കാലഘട്ടം ബി.സി.ഇ 300 നും സി.ഇ 500 നും ഇടയിലാണെന്ന് കരുതപ്പെടുന്നു. ആദ്യകാല ബ്രാഹ്മി ലിഖിതങ്ങൾ (ഉദ്ദേശം 300 ബി.സി.ഇ. യും 400 സി.ഇ. യും) ഗ്രീക്കോ-റോമൻ ഉത്കൃഷ്ടവിവരണങ്ങൾ (സി.ഇ. ഒന്നും രണ്ടും നൂറ്റാണ്ട്), ഏകദേശം ഇതേ കാലത്തുള്ള മുദ്രാങ്കിത നാണയങ്ങളുടെയും റോമൻ നാണയങ്ങളുടെയും ശേഖരം എന്നിവയാണ് മറ്റ് തെളിവുകൾ. ഈ സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ ഉദ്ദേശം 300 ബി.സി.ഇ. ക്കും 500 സി.ഇ. ക്കുമിടയിലുള്ള കാലഘട്ടം പൊതുവെ കേരളത്തിലെ ഇരുമ്പുയുഗമെന്നും ആദ്യകാല ചരിത്രഘട്ടമെന്നും കരുതപ്പെടുന്നു. ഈ കാലഘട്ടത്തിൽ കേരളം വടക്ക് വെങ്കടത്തിനും തെക്ക് കന്യാകുമാരിക്കും ഇടയിലുള്ള ഒരു ഭാഷാ - സാംസ്കാരിക മേഖലയായിരുന്ന *തമിഴക*ത്തിന്റെ (വർത്തമാനകാല കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശിന്റെ തെക്കൻഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രദേശം) ഭാഗമായിരുന്നു.

## ഉപജീവനരീതികൾ (Forms of subsistence)

ഈ കാലഘട്ടത്തിലെ ജനത പലവിധ ഉപജീവനരീതികളായ വേട്ടയാടൽ, ഭക്ഷണശേഖരണം, കാലി വളർത്തൽ, കവർച്ച അഥവാ പിടിച്ചുപറി, വെട്ടിച്ചുട്ട് കൃഷി, വയൽക്കൃഷി, മൺപാത്ര നിർമ്മാണം, ലോഹസംസ്കരണം, മീൻപിടുത്തം, ഉപ്പുനിർമ്മാണം തുടങ്ങിയവയിൽ ഏർപ്പെട്ടിരുന്നു. ഇവയോരോന്നും പരിപൂർണമായും ഒറ്റയ്ക്കൊറ്റയ്ക്കല്ല, ഇടക


കറുപ്പും ചുവപ്പും കലർന്ന മൺപാത്രം

ഐന്തിണകളെക്കുറിച്ചുള്ള നിങ്ങളുടെ ധാരണകൾ ഓർത്തെടുക്കാമോ?

ലർന്നാണ് നിലനിന്നിരുന്നത്. *കുറിഞ്ചി* (വനനിബിഡമായ കുന്നിൻ പ്രദേശം), മുല്ലൈ (മേച്ചിൽ പുറങ്ങൾ), *പാലൈ* (വരണ്ട പ്രദേശം), *മരുതം* (നനവുള്ള സമതലങ്ങൾ), *നെയ്തൽ* (തീരപ്രദേശം) എന്നിങ്ങനെ അഞ്ച് *തിണൈ*കളെ (tinais) കുറിച്ച് സംഘം കവിതകൾ സൂചിപ്പിക്കുന്നുണ്ട്. ഓരോ *തിണൈ*യിലും ഉപജീവനരീതികൾ വ്യത്യസ്തമായിരുന്നു. ഏറ്റവും പ്രാചീനമായ ഉപജീവന മാർഗങ്ങളായിരുന്നു വേട്ടയാടലും ഭക്ഷണ ശേഖരണവും. *അകനാനൂറിൽ*, *കുറിഞ്ചി*യിലെ വേട്ടക്കാർ ഉപയോഗിച്ചിരുന്ന പ്രാചീനായുധങ്ങളായ *കവണൈ* (തെറ്റാലി) *വേൽ* (ത്രിശൂലം) എന്നിവയെക്കുറിച്ച് പരാമർശമുണ്ട്. വിവിധ മഹാശിലാ കേന്ദ്രങ്ങളിൽ നിന്ന് കണ്ടെടുത്തിട്ടുള്ള പുരാവസ്തു തെളിവുകളായ ത്രിശൂലം, അമ്പുമുനകൾ, കുന്തമുനകൾ, വാളുകൾ, കഠാര, കത്തി തുടങ്ങിയവ വേട്ടയാടൽ, സമാഹരണം എന്നിവയുടെ തെളിവാണ്. ഗോത്രീയ രക്തബന്ധുസംഘങ്ങൾ വിഭവസമൃദ്ധമായ വനപ്രദേശത്ത് നിന്ന് തങ്ങളുടെ ദൈനംദിന ഭക്ഷണം കൂട്ടായി ശേഖരിക്കുകയും ഗോത്രാംഗങ്ങൾക്കിടയിൽ അവ പുനർവിതരണം നടത്തുകയും ചെയ്തു. *അകനാനൂറ്, കുറിഞ്ചി* മേഖലയിലെ *കിഴങ്ങ്, ചേമ്പ്, തിന* എന്നിവയുടെ ശേഖരണത്തെക്കുറിച്ച് പരാമർശിക്കുന്നു. പുൽത്തകിടി പ്രദേശമായിരുന്ന മുല്ലൈയിൽ കാലിവളർത്തൽ സജീവമായിരുന്നു.



വീരക്കല്ല്

*കുറിഞ്ചി, മുല്ലൈ* മേഖലകളിൽ വെട്ടിച്ചുട്ട് മാറ്റക്കൃഷി വ്യാപകമായി ചെയ്തിരുന്നു. ഇത്തരം *തിണൈ*യിൽ നിന്നാണ് കാർഷിക ഘടകത്തിന്റെ ആദ്യകാല രൂപമായ *നാട്* വികാസം പ്രാപിച്ചത്. *നൽമലൈനാട്* എന്ന പദം മലനിരകളിലെ സമ്പൽസമൃദ്ധമായ ഉൽപ്പാദന ഘടകങ്ങളെയും അധിവാസ പ്രദേശങ്ങളെയും സൂചിപ്പിക്കുന്നു. പു*നനാട്* എന്ന പദം പുനം കൃഷി നടന്നിരുന്ന പ്രദേശങ്ങളെ സൂചിപ്പിക്കുന്നു. പുനം കൃഷിയിൽ വനത്തിലും പുൽമേടിലുമായി വ്യാപിച്ചിരുന്ന വെട്ടിച്ചുട്ട് കൃഷി ഉൾപ്പെടുന്നു. ശവസംസ്കാര സ്മാരകങ്ങളിൽ നിന്ന് കറുപ്പും ചുവപ്പും കലർന്ന നിറത്തിലുള്ള മൺപാത്രങ്ങൾ കിട്ടിയത് വേട്ടയാടലിൽ നിന്നും ആഹാര സമ്പാദനത്തിൽ നിന്നും സ്ഥിരവാസകൃഷിയിലേക്കുള്ള അനുക്രമമായ മാറ്റത്തിന്റെ സൂചനയാണ്. നദീതീരങ്ങളിലുള്ള എക്കൽത്തടങ്ങളിലാണ് നെൽവയൽക്കൃഷി വികാസം പ്രാപിച്ചത്. ഈ പ്രദേശങ്ങൾ പിന്നീട് *മരുതം* നിലങ്ങൾ എന്നറിയപ്പെട്ടു.

വരണ്ട പ്രദേശങ്ങളിൽ (*പാലൈ*) കവർച്ച സജീവമായിരുന്നു. ആയുധധാരികളായ *മറവർ, എയിനെർ* എന്നീ ഗോത്രവിഭാഗക്കാർ *പാലൈ* പ്രദേശത്തുകൂടി കടന്നുപോകുന്ന ജനങ്ങളെ കൊള്ളയടിച്ചിരുന്നു. *വെട്ച്ചി* എന്നറിയപ്പെട്ടിരുന്ന മറവരുടെ കാലിമോഷണവും അവയെ വീണ്ടെടുക്കാനുള്ള പോരാട്ടങ്ങളും സംഘകാല സാമൂഹ്യജീവിതത്തിന്റെ ഭാഗ

മായിരുന്നു. ഇത്തരം കാലിവേട്ടയ്ക്കിടയിൽ മരണപ്പെട്ട വീരന്മാരുടെ സ്മരണയ്ക്കായി നാട്ടിയവയായിരുന്നു വീരക്കല്ലുകൾ (മെൻഹിറുകൾ). തീരപ്രദേശത്തെ *(നെയ്തൽ)* ജനത മീൻപിടുത്തത്തിലും ഉപ്പുനിർമാണത്തിലുമേർപ്പെട്ടിരുന്നു. ആദ്യചരിത്രകാലത്തെ ജനത മൺപാത്ര നിർമ്മാണം, ലോഹസംസ്ക്കരണം, കല്ല് കീറൽ, മുത്തു നിർമ്മാണം തുടങ്ങിയവയിലും മുഴുകിയിരുന്നു.

**ചർച്ച ചെയ്യുക...**

ആദിമ ചരിത്രകാലഘട്ടത്തിലെ ജനങ്ങളുടെ ഉപജീവന തന്ത്രങ്ങൾ വിലയിരുത്തുക.

## സാമൂഹ്യക്രമം (Social Order)

പരിസ്ഥിതി മേഖലകളുടേയും *(തിണൈ)* തൊഴിലിന്റെയും അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരുന്ന ജാതിരഹിത-ബന്ധുത്വാധിഷ്ഠിത സമൂഹമായിരുന്നു സംഘകാലസമൂഹം. മഹാശിലകളുടെ വ്യാപകമായ വിന്യാസം സൂചിപ്പിക്കുന്നത് ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടം ജനസംഖ്യാ വർധനവിനും വൈദഗ്ധ്യമുള്ള കൈത്തൊഴിൽ വിഭാഗങ്ങളുടെ വളർച്ചയ്ക്കും സാക്ഷ്യം വഹിച്ചു എന്നതാണ്. ഇത് വിവിധ ഉൽപ്പാദന യൂണിറ്റുകൾ തമ്മിൽ ആശ്രയവിനിമയത്തിന് കളമൊരുക്കി. *സംഘ* സാഹിത്യപ്രകാരം അന്നത്തെ സമൂഹം വിവിധ തൊഴിൽ വിഭാഗങ്ങളായ *കുറവർ, കണവർ, വേടർ, ആയർ* അഥവാ *ഇടയർ, ഉഴവർ, തൊഴുവർ, പരതവർ, മീനവർ, വളവർ, ഉമണർ, കളറർ, മറവർ* തുടങ്ങിയവരടങ്ങിയതായിരുന്നു. *കുടി* എന്നത് ബന്ധുത്വത്തെ അടിസ്ഥാനപ്പെടുത്തിയ തൊഴിൽ വിഭാഗമായിരുന്നു. അവരെ *കുടികക്കൾ* എന്നു വിളിച്ചു.

ബന്ധുത്വത്തിലധിഷ്ഠിതമായ അടിസ്ഥാന അധിവാസ ഘടകമായിരുന്നു *ഊർ. ഊരിൽ* കാർഷിക-കാലിമേയ്ക്കൽ സമൂഹങ്ങൾ വളർന്നു വന്നു. ധാരാളം *കുടി*കളുടെ ഒരു ഗണമായിരുന്നു ഇത്. *പേരൂർ* (വലിയ അധിവാസ പ്രദേശം), *ചിറൂർ* (ചെറിയ അധിവാസ പ്രദേശം), *മുതൂർ* (പഴയ അഥവാ പരമ്പരാഗത അധിവാസ പ്രദേശം) *പുതൂർ* (പുതിയ അധിവാസപ്രദേശം) എന്നിവയെ സംബന്ധിച്ച പരാമർശങ്ങളുണ്ട്. സമ്പദ്സമൃദ്ധമായ *ഊർ 'നല്ലൂർ'* എന്നറിയപ്പെട്ടു. കുറച്ചു കൂടി വിശാലമായതും വിഭവസമൃദ്ധവുമായ അധിവാസ പ്രദേശമായിരുന്നു *'നാട്'*. ബ്രാഹ്മണരെക്കുറിച്ചും, ശ്രമണരെക്കുറിച്ചും (ഒരുപക്ഷെ ബൗദ്ധ, അല്ലെങ്കിൽ ജൈന വിഭാഗക്കാർ) സംഘസാഹിത്യങ്ങളിൽ ചില പരാമർശങ്ങളുണ്ട്. മുകളിൽ പറഞ്ഞ പുനർവിതരണ സംവിധാനത്തിന്റെ ഭാഗമായി പണ്ഡിത കവികളും, വേദപുരോഹിതരും, ആചാര്യരും ആയിരുന്ന ബ്രാഹ്മണർക്ക് ചിലപ്പോഴൊക്കെ ഭരണമുഖ്യരിൽ നിന്നും ഭൂമി സമ്മാനമായി ലഭിച്ചിരുന്നു. കേരളത്തിലെ ആദ്യകാല ബ്രാഹ്മണാധിവാസകേന്ദ്രമായ *പെരിഞ്ചെല്ലൂർ* (ആധുനിക തളിപ്പറമ്പ്, കണ്ണൂർ ജില്ല) എന്ന ബ്രാഹ്മണഗ്രാമത്തെക്കുറിച്ച് *അകനാനൂറിൽ* പരാമർശിക്കുന്നുണ്ട്. സി.ഇ. നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട *കീഴ്കണക്ക്*

**മൃതദേഹങ്ങൾ മറവ് ചെയ്യുന്ന രീതികൾ (Forms of Disposal of the Dead)**

*"ചുടുവോർ, ഇടുവോർ, തൊടുകുഴി, പടുപ്പോർ താഴ്‌വായിനടൈപ്പോർ താഴിയിൽ കവിപ്പോർ"*

(*മണിമേഖലൈ*, VI 65-73)

- *ചുടുവോർ* – ശവം ദഹിപ്പിക്കുന്നവർ
- *ഇടുവോർ* – ശവം തുറസായ സ്ഥലത്ത് ഇടുന്നവർ
- *തൊടുകുഴി പടുപ്പോർ* – തറയിൽ കുഴിക്കുന്ന കുഴിയിൽ ശവശരീരമോ ഭൗതികാവിഷ്ടങ്ങളോ അടക്കം ചെയ്യുന്നവർ.
- *താഴ്‌വയിനടൈപ്പോർ* – ഭൂമിക്കടിയിലുള്ള അറകളിൽ (സിസ്റ്റ്) മറവ് ചെയ്യുന്നവർ
- *താഴിയിൽ കവിപ്പോർ* – ശവശരീരമോ, അല്ലെങ്കിൽ അവശിഷ്ടങ്ങളോ ഒരു ശവമടക്ക് ഭരണിയിൽ (നന്നങ്ങാടി) യിൽ വച്ച് മൂടി കൊണ്ടടയ്ക്കുന്നവർ

*സന്ദർഭം:*

*പുഹാർ അഥവാ കാവേരി പട്ടണത്തിലെ ശ്മശാന ഗുഹയെക്കുറിച്ചുള്ള വിവരണം.*

എന്ന *സംഘകാലാനന്തര* കൃതി ദക്ഷിണഭാഗത്ത് ബ്രാഹ്മണാധിവാസ പ്രദേശങ്ങളുടെ രൂപീകരണം നടന്നതിനുള്ള നിരവധി തെളിവുകൾ നൽകുന്നുണ്ട്.

ജനങ്ങൾ മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നതായി *മഹാശില*കളും ശവത്തോടൊപ്പം അടക്കം ചെയ്തിരുന്ന വസ്തുക്കളും സൂചിപ്പിക്കുന്നു. അധിവാസപ്രദേശത്തിൽ നിന്ന് ഏറെ അകലെയല്ലാതെ അവർക്ക് ശവമടക്കുന്നതിനായി പ്രത്യേക സ്ഥലമുണ്ടായിരുന്നു. ശവമടക്കിനുള്ള പ്രത്യേക സ്ഥലത്തിന് മികച്ച ഉദാഹരണമാണ് അരിയന്നൂർ, ചേരമനങ്ങാട് (തൃശ്ശൂർ) എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച മഹാശിലാസമൂഹം. വിവിധ തരത്തിലുള്ള ശവമടക്ക് രീതികളായ ശവം ദഹിപ്പിക്കൽ, മൃതദേഹം തുറസ്സായ സ്ഥലത്തുപേക്ഷിക്കൽ, കുഴിയിൽ മൃതദേഹം അടക്കം ചെയ്യൽ തുടങ്ങിയവയെക്കുറിച്ച് *മണിമേഖലൈയിൽ* പരാമർശിക്കുന്നുണ്ട്.

## കൈമാറ്റം (Exchange)



കൊത്തുപണി ചെയ്ത ഇന്ദ്രഗോപക്കൽ മുത്ത്

പ്രാദേശികമായും വിദൂരസ്ഥലങ്ങളുമായും സമുദ്രാന്തരദേശങ്ങളുമായുമുള്ള കൈമാറ്റങ്ങളും പുനർവിതരണവും ഈ കാലത്ത് സജീവമായിരുന്നു. കൊയ്ത്തിനുശേഷം മുഖ്യന്മാരുടെ വീടുകളിൽ കൂന കൂട്ടിയിട്ടിരിക്കുന്ന നെല്ലിനെക്കുറിച്ച് *സംഘം* കൃതികൾ പരാമർശിക്കുന്നു. അവർ ആ നെല്ല് ബന്ധുത്വഗോത്ര വിഭാഗങ്ങൾക്കും, (*കിളൈഞർ*) പണ്ഡിതകവികൾക്കും, (*പുലവർ*) സാധാരണ പാട്ടുകാർക്കും (*പാണർ*) യോദ്ധാക്കൾക്കും (*മറവർ*) ഭിക്ഷാടകരായി അലയുന്ന മറ്റു പല വിഭാഗക്കാർക്കുമിടയിൽ (*ഇരവർ*) പുനർവിതരണം ചെയ്തു. സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറിയിരുന്നതിനെ *സംഘം* കവിതകളിൽ *നൊടുത്തൽ* എന്ന പേരിൽ നിരന്തരം പരാമർശിച്ചിട്ടുണ്ട്. ഓരോ *തിണൈ*യിലെയും ഉൽപ്പന്നങ്ങൾ മറ്റു *തിണൈ*കളുമായി പരസ്പരം കൈമാറ്റം ചെയ്തിരുന്നു. വിവിധ ഉല്പന്നങ്ങളുടെ പാരസ്പരികാനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് വിനിമയ മാധ്യമം കണക്കാക്കിയിരുന്നത്. പ്രാദേശിക വിനിമയ കേന്ദ്രങ്ങൾ *ചന്തൈ* (ചന്ത), *അങ്ങാടി* എന്നിങ്ങനെ അറിയപ്പെട്ടു.

വിദൂര വ്യാപാര ഇടപാടുകളാണ് വികസിച്ചു വന്ന മറ്റൊരു വിനിമയ രീതി. തീരപ്രദേശത്ത് (*നെയ്തൽ*) നിന്നുള്ള മത്സ്യവും ഉപ്പും വിദൂര ലക്ഷ്യസ്ഥാനങ്ങളിലേക്ക് തുടർച്ചയായി കൊണ്ടുപോയിരുന്നു. വ്യാപാരസാധനങ്ങളുടെ വിതരണത്തിൽ മുഴുവൻസമയ വിദഗ്ധ തൊഴിൽക്കൂട്ടമായി *ഉമണർ* (ഉപ്പ് വ്യാപാരികൾ) വളർന്നുവന്നുവെന്ന് കരുതാം. സഞ്ചാരികളായ ഉപ്പുവ്യാപാരികളെ *ഉമണംച്ചാത്ത്* അഥവാ *ഉമണർചാത്ത്* എന്ന് *സംഘം* കവിതകൾ പരാമർശിക്കുന്നു. അവർക്ക് വഴിയിലുടനീളം സംരക്ഷണം നൽകുന്നതിനായി ഒരു കൂട്ടം *മറവർ* എന്ന് അറിയപ്പെടുന്ന യോദ്ധാക്കൾ അനുഗമിച്ചിരുന്നു. സി.ഇ. ഒന്നാം നൂറ്റാണ്ടിലെ ഒരു തമിഴ് ബ്രാഹ്മി മേൽവിലാസക്കുറിയിൽ വിദഗ്ധ കച്ചവടക്കാരായ *പൊൻവണികൻ* (സ്വർണവ്യാപാരി), *അറുവൈവണികൻ* (തുണി വ്യാപാരി), *കൊഴൂവണികൻ* (കലപ്പ വ്യാപാരി), *ഉപ്പുവണികൻ* (ഉപ്പു വ്യാപാരി), *പാനിതവണികൻ* (കള്ള് വ്യാപാരി) എന്നിവരെക്കുറിച്ച് പരാമർശിക്കുന്നു. കോട്ടയത്തുനിന്നും എയ്യലിൽ നിന്നും കണ്ടെടുത്ത മുദ്രാങ്കിത നാണയശേഖരങ്ങൾ വടക്കും-തെക്കും തമ്മിൽ നിലനിന്നിരുന്ന സജീവവ്യാപാരത്തിലേക്ക് വിരൽ ചൂണ്ടുന്നു. പട്ടണം ഉൽഖനനത്തിൽ നിന്ന് കണ്ടെടുത്തിട്ടുള്ള ഇന്ത്യൻ ചാരക്കുത്തുകളോട് കൂടിയ മൺപാത്രങ്ങൾ, (The Indian Rouletted ware), അർധമൂല്യക്കല്ലുകളായ ഗന്ധകക്കല്ല്, (amethyst), ഇന്ദ്രനീലക്കല്ല് (canelian), മാണിക്യം (chalcedony), വൈഡൂര്യം (beryl), സ്ഫടികക്കല്ല് (quartz), ഗോമേദകം (onyx) എന്നിവയും തെക്കും വടക്കും തമ്മിൽ നിലനിന്നിരുന്ന വ്യാപാര ബന്ധങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

കേരളത്തിൽ വളരെ സജീവമായിരുന്ന സമുദ്രാന്തരവ്യാപാരം അതിന്റെ പാരമ്യതയിലെത്തിയത് പൊതുവർഷത്തിന്റെ ആരംഭത്തിലാണ്. ഒരു അജ്ഞാത നാവികൻ രചിച്ച *പെരിപ്ലസ് ഓഫ് ദി എറിത്രിയൻ സീ* എന്ന കൃതിയിൽ കേരള തീരത്തിലെ തുറമുഖങ്ങളായിരുന്ന നൗറ, ടിൻഡിസ്, മുസിരിസ്, ബെക്കാരെ, നെൽസിൻഡ, ബലിത തുടങ്ങിയവയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. *സംഘ*സാഹിത്യത്തിൽ *യവനർ* എന്ന് വിശേഷിപ്പിക്കപ്പെടുന്ന മെഡിറ്ററേനിയൻ പ്രദേശത്ത് നിന്നുള്ള, പ്രത്യേകിച്ച് ഗ്രീസ്, റോം, പശ്ചിമേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള വ്യാപാരികൾ സുഗന്ധവ്യഞ്ജനങ്ങൾ ശേഖരിക്കാനായി അടിക്കടി കേരള തീരത്തെത്തിയിരുന്നു. ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട തീരപ്രദേശ തുറമുഖ നഗരങ്ങളിലൊന്നായിരുന്നു പെരിയാർ നദീതടത്തിലെ മുസിരിസ്. ഇന്നത്തെ കൊടുങ്ങല്ലൂർ പ്രദേശമാണ് മുസിരിസ് എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ അടുത്ത കാലത്ത് നടന്ന പട്ടണം പര്യവേക്ഷണത്തിൽ നിന്നും ഇന്തോ-റോമൻ, പശ്ചിമേഷ്യൻ വ്യാപാരത്തിന്റെ ധാരാളം

### *യവനർ (Yavanar)*

സംഘസാഹിത്യത്തിൽ ഗ്രീക്ക്-റോമൻ, പശ്ചിമേഷ്യൻ വ്യാപാരികളെ സൂചിപ്പിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്ന പദമാണിത്.

പിന്നീട് ഈ പദം വിദേശികളെ പൊതുവേ സൂചിപ്പിക്കുന്നതിനുപയോഗിച്ചു. *ജോനകർ* എന്നത് *യവനർ* എന്ന പദത്തിന്റെ അപഭ്രംശം സംഭവിച്ച രൂപമാണ്. മുസ്ലീമുകളെ സൂചിപ്പിക്കാനും ഈ പദം ഉപയോഗിച്ചിരിക്കുന്നു.

### ➲ ചർച്ച ചെയ്യുക...

കേരളത്തിന് ആദ്യകാലത്തുണ്ടായിരുന്ന വിദേശ ബന്ധത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അതിനുള്ള തെളിവുകളുടെ ഒരു പട്ടിക തയാറാക്കുകയും ചെയ്യുക.

## പുരാവസ്തുശാസ്ത്രം എന്നാൽ എന്താണെന്ന് നിങ്ങൾക്കറിയുമോ...? (Do you know what is archaeology...?)

ഭൗതികാവശിഷ്ടങ്ങളിലൂടെ മനുഷ്യന്റെ ഭൂതകാലത്തെക്കുറിച്ച് പഠിക്കുന്നതാണ് പുരാവസ്തുശാസ്ത്രം. ഭൗതികാവശിഷ്ടങ്ങളെ വിശാലാർഥത്തിൽ മൂന്നായി തിരിക്കാം : *മനുഷ്യനിർമ്മിത വസ്തുക്കൾ (artefacts) സ്ഥാവര മനുഷ്യനിർമ്മിത വസ്തുക്കൾ (features) ജൈവ-ജൈവേതര അവശിഷ്ടങ്ങൾ (ecofacts).* മനുഷ്യൻ നിർമ്മിച്ചതോ, മോടി പിടിപ്പിച്ചതോ, പരിഷ്കരിച്ചതോ, ഉപയോഗിച്ചതോ ആയ മൺപാത്രങ്ങൾ, മുത്തുകൾ, കൊഴു, ആഭരണങ്ങൾ തുടങ്ങി എല്ലാത്തരം ജംഗമ വസ്തുക്കളും മനുഷ്യനിർമ്മിത വസ്തുക്കളാണ് (artefacts). ജംഗമമല്ലാത്ത മനുഷ്യനിർമ്മിത വസ്തുക്കളായ അടുപ്പുകൾ, തറയുടെ ഘടനകൾ, ഭിത്തികൾ തുടങ്ങിയവയെ സ്ഥാവര മനുഷ്യനിർമ്മിത വസ്തുക്കളെന്ന് വിളിക്കുന്നു. ജൈവേതര വസ്തുക്കളായ ധാതുക്കൾ, അവസാദങ്ങൾ, കല്ലുകൾ, അഗ്നിപർവത ചാരം തുടങ്ങിയവയെയും ജൈവവസ്തുക്കളായ അസ്ഥി, അസ്ഥിപഞ്ജരം, തലയോട്ടികൾ, പല്ല്, പുറന്തോടുകൾ, സസ്യങ്ങളുടെയോ തടിയുടെയോ അവശിഷ്ടങ്ങൾ, പൂമ്പൊടി, പരിപ്പുകൾ, ധാന്യങ്ങൾ, ഉമി തുടങ്ങിയവയെയും ജൈവ-ജൈവേതര അവശിഷ്ടങ്ങളായി (ecofacts) കണക്കാക്കുന്നു.

### പട്ടണം പര്യവേക്ഷണം (PATTANAM EXCAVATIONS)




ഇഷ്ടിക കൊണ്ട് നിർമ്മിച്ച തറ

പെരിയാർ നദീതടത്തിൽ എറണാകുളത്തിന്/കൊച്ചിക്ക് ഏകദേശം 25 കി.മി വടക്കുഭാഗത്തായിട്ടാണ് പട്ടണം സ്ഥിതി ചെയ്യുന്നത്. ഇതാണ് ആദിമ ചരിത്രകാലത്തെ ഇന്ത്യൻ മഹാസമുദ്ര വ്യാപാരത്തിന്റെ, പ്രത്യേകിച്ച് ഇൻഡോ-റോമൻ, പശ്ചിമേഷ്യൻ വ്യാപാരത്തിന്റെ, ധാരാളം പുരാവസ്തുപരമായ തെളിവുകൾ നൽകിയ കേരളതീരത്തെ ആദ്യകേന്ദ്രം. ഇത് കണ്ടെത്തുന്നതുവരെ കേരളതീരത്തിന് ഇൻഡോ-റോമൻ വ്യാപാരത്തിലുണ്ടായിരുന്ന നിർണായകസ്ഥാനം അടയാളപ്പെടുത്തുന്നതിനുണ്ടായിരുന്ന തെളിവുകൾ, കുറച്ച് റോമൻ നാണയശേഖരങ്ങളും, ഗ്രീക്കോ റോമൻ ഉൽക്കൃഷ്ട സാഹിത്യ വിവരണങ്ങളും മാത്രമായിരുന്നു.



റോമൻ ഭരണി (ആംഫോറ) യുടെ കഷണങ്ങൾ



അർധമൂല്യമുള്ള കല്ലുകൾ കൊണ്ടുണ്ടാക്കിയ മുത്തുകൾ



ആദ്യകാല ചേരനാണയങ്ങൾ

ഈ കേന്ദ്രത്തിൽ 2004 ൽ ആദ്യമായി പൈതൃകപഠനകേന്ദ്രം (Centre for Heritage studies) ഒരു പരീക്ഷണ പര്യവേക്ഷണം നടത്തുകയുണ്ടായി. 2007 മുതൽ കേരള ചരിത്ര ഗവേഷണ കൗൺസിൽ (Kerala Council for Historical Research (KCHR) കേരള ഗവൺമെന്റിന്റെ 'മുസിരിസ് പൈതൃക പദ്ധതി'യുടെ ആഭിമുഖ്യത്തിൽ വ്യാപകമായ പര്യവേക്ഷണം നടത്തി.

### ഭൗതികാവശിഷ്ടങ്ങൾ *(Material Remains)*

റോമൻ ഭരണികൾ (amphorae), ചിത്രപ്പണികൾ ചെയ്ത ചുവന്ന നിറത്തിലുള്ള റോമൻ കളിമൺ പാത്രക്കഷണങ്ങൾ (terra sigilatta sherds), കാലുള്ള സ്ഫടികക്കിണ്ണങ്ങൾ, പശ്ചിമേഷ്യൻ കളിമൺ പാത്രങ്ങൾ, തദ്ദേശീയ കളിമൺ പാത്രങ്ങൾ, സ്ഫടിക/അർധമൂല്യകല്ലുകൊണ്ടുള്ള മുത്തുകൾ (semi-precious stone beeds), ആദ്യകാല ചേരന്മാരുടെ നാണയങ്ങൾ, ബ്രാഹ്മി ലിഖിതങ്ങൾ, ചാരക്കുത്തുകളുള്ള കളിമൺ പാത്രങ്ങൾ തുടങ്ങിയവയാണ് ഈ കേന്ദ്രത്തിൽ നിന്ന് കണ്ടെടുത്തിട്ടുള്ള പ്രധാന മനുഷ്യനിർമ്മിത വസ്തുക്കൾ. കണ്ടെത്തിയ പ്രധാന സ്ഥാവര മനുഷ്യനിർമ്മിത വസ്തുക്കളിൽ (features) ഇഷ്ടിക നിർമ്മിതത്തറകൾ, തുറ (കടൽപ്പാലം), ആറടി നീളമുള്ള ഒറ്റത്തടി വള്ളം തുടങ്ങിയവ ഉൾപ്പെടുന്നു. ചിരട്ട, കുരുമുളക് മണി, കുന്തിരിക്കം, അസ്ഥിക്കഷണങ്ങൾ തുടങ്ങിയവ ഉൾപ്പെടെ ജൈവ-ജൈവേതര അവശിഷ്ടങ്ങളുടെ ഒരു വൻശേഖരവും ഈ കേന്ദ്രത്തിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്.

പുരാവസ്തു അവശിഷ്ടങ്ങൾ ലഭ്യമായിട്ടുണ്ട്. വല്ലുവള്ളി, (എറണാകുളം ജില്ല) എയ്യൽ (തൃശൂർ ജില്ല), കോട്ടയം-പൊയിൽ (കണ്ണൂർ ജില്ല) എന്നീ സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുള്ള സ്വർണനാണയങ്ങൾ പൊതു വർഷത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ കേരള തീരത്തുണ്ടായിരുന്ന റോമൻ വ്യാപാരികളുടെ സാന്നിധ്യത്തെ സാക്ഷ്യപ്പെടുത്തുന്നു. ഈ അടുത്ത കാലത്ത് മലബാർ തീരത്തുനിന്നുള്ള ഒരു കളിമൺ ഭരണിയിൽ ഏകദേശം 7.5 കി.ഗ്രാം കുരുമുളക് നിറച്ചത് ഈജിപ്തിലെ ബെർനെകെ (Bernike) യിൽ നിന്ന് കണ്ടെടുത്തത് കേരളവും പടിഞ്ഞാറൻ ലോകവും തമ്മിലുണ്ടായിരുന്ന ഊർജസ്വലമായ വ്യാപാരശൃംഖലകളുടെ അധിക തെളിവ് നൽകുന്നു.

### പതിറ്റുപത്തിൽ സൂചിപ്പിച്ചിരിക്കുന്ന ആദ്യകാല ചേരമുഖ്യർ
### *Early Chera chiefs mentioned in Patittuppathu*

**ഉതിയൻ വംശാവലി**

1. പെരിഞ്ചോറ്റുതിയൻ
2. ഇമയവരമ്പൻ നെടുഞ്ചേരലാതൻ
3. പല്യാനൈ ചെൽകേഴു കുട്ടുവൻ
4. കലങ്കയ്ക്കണ്ണി നാർമുടി ചേരൽ
5. കടൽപിറകൊട്ടിയ ചെങ്കുട്ടുവൻ
6. ആട്ടുകൊട്ടുപാട്ടു ചേരലാതൻ
7. ആണ്ടുവൻ ചേരലാതൻ

**ഇരുമ്പൊറൈ വംശാവലി**

8. *ശെൽവകടുങ്കൊ ആഴിയാതൻ*
9. *തകതൂർ എറിന്ത പെരുംചേരൽ ഇരുമ്പൊറൈ*
10. *കുടക്കൊ ഇളഞ്ചേരൽ ഇരുമ്പൊറൈ*

## കിഴാർ, വേളിർ, വേന്തർ (Kizhar, Velir and Ventar)

ഗോത്രജനതയുടെ പുനർവിതരണ പ്രക്രിയയോടൊപ്പംതന്നെ വിവിധതലങ്ങളിലെ മുഖ്യരുടെ അധികാരവളർച്ചയും നടന്നു. മുഖ്യനധികാരത്തിന്റെ പ്രധാനസവിശേഷത കൊള്ളയടിയുമായും കൊള്ളമുതലിന്റെ പുനർവിതരണവുമായും ബന്ധപ്പെട്ടിരുന്നു. ഗോത്രങ്ങളുടെ ആവശ്യകതയനുസരിച്ച് കൊള്ളവസ്തുക്കൾ പുനർവിതരണം ചെയ്യപ്പെട്ടു. പുനർവിതരണ പ്രക്രിയ നിയന്ത്രിച്ചിരുന്നത് മുഖ്യനായിരുന്നു.

*കിഴാർ, വേളിർ, വേന്തർ* എന്നിങ്ങനെ മൂന്ന് തലങ്ങളിലുള്ള മുഖ്യന്മാരെക്കുറിച്ച് *സംഘസാഹിത്യം* പരാമർശിക്കുന്നു. *ഊരിലെ* പ്രധാന കുടുംബങ്ങളുടെ തലവന്മാരായിരുന്നു *ഊർ-കിഴാർ* അഥവാ *ഊർ-മന്നർ* എന്ന് അറിയപ്പെട്ടിരുന്ന കിഴാർമാർ. കൊള്ളയ്ക്കായി നടത്തുന്ന കടന്നാക്രമണങ്ങളിലും, കാർഷികനിലങ്ങളിലും ആധിപത്യം ചെലുത്തിയിരുന്ന വേട്ടനായകരായിരുന്നു അടിസ്ഥാനപരമായി അവർ. *തമിഴകത്തെ* ഏറ്റവും പ്രാചീന മുഖ്യന്മാരായിരുന്നിരിക്കണം *വേളിർ*. അവർ മലമ്പ്രദേശങ്ങളിലെ മുഖ്യന്മാരും *കുറിഞ്ഞി, മുല്ലൈ* പ്രദേശങ്ങളുടെ അധിപരുമായിരുന്നു.

ആദ്യകാല തമിഴകത്തിലെ ചേര, പാണ്ഡ്യ, ചോള എന്നീ മൂന്നു പ്രധാന മുഖ്യൻവംശ പരമ്പരകളെ പ്രതിനിധീകരിക്കുന്ന 'വേന്തർ' ആണ് അടുത്ത രാഷ്ട്രീയാധികാര വിഭാഗം. ഈ മൂന്ന് പേരെയും *സംഘസാഹിത്യത്തിൽ മൂവേന്തർ* അഥവാ *മൂവർ* എന്ന് വിശേഷിപ്പിക്കുന്നു. മഹാശിലകളുടെ വലിപ്പ വ്യത്യാസങ്ങളും ശവത്തോടൊപ്പം അടക്കം ചെയ്തിരിക്കുന്ന വസ്തുക്കളിലെ വൈവിധ്യവും ഈ കാലഘട്ടത്തിൽ പല തട്ടുകളിലുള്ള രാഷ്ട്രീയ പദവികൾ ഉണ്ടായിരുന്നെന്ന് സൂചിപ്പിക്കുന്നു.

**➲ ചർച്ച ചെയ്യുക..**

ആദിമ ചരിത്രകാലത്ത് കേരളത്തിലുടലെടുത്തത് ഏത് തരത്തിലുള്ള രാഷ്ട്രീയ സംവിധാനമാണ്? അത് മുഖ്യനധികാര വ്യവസ്ഥ (chiefdom) ആയിരുന്നോ?

ആദ്യകാല *തമിഴകത്തിൽ*പ്പെടുന്ന കേരളപ്രദേശം രണ്ട് *വേളിർ* മുഖ്യന്മാരുടെയും (വടക്ക് ഏഴിമലയിലെ നന്നൻമാരും തെക്ക് ആയ്കളും), മധ്യഭാഗത്തുള്ള വേന്തർ ചേരന്മാരുടെയും അധികാരത്തിൻ കീഴിലായിരുന്നു. മധ്യകേരളത്തിലുള്ള, കൊങ്ങുനാടിന്റെ ഭാഗങ്ങളിലേക്ക് വ്യാപിച്ചു കിടക്കുന്ന പ്രദേശങ്ങളിലാണ് ചേര മുഖ്യന്മാർക്ക് നിയന്ത്രണമുണ്ടായിരുന്നത്. പതിറ്റുപ്പത്ത് എന്ന സ്തുതിഗീതങ്ങളുടെ സമാഹാരത്തിൽ ഈ ഏക *വേന്തർമുഖ്യ* അധികാരപരമ്പരയായ ചേരന്മാരെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്. *പുറനാനൂറും, പതിറ്റുപ്പത്തും* ഉതിയൻ, ഇരുമ്പൊറൈ എന്നിങ്ങനെ രണ്ടു ചേര വംശങ്ങളെക്കുറിച്ച് പരാമർശിക്കുന്നു. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി ജില്ലയിലെ പുഗലൂരിൽ നിന്ന് കിട്ടിയ ഒരു ബ്രാഹ്മി ലിഖിതത്തിൽ ഇരുമ്പൊറൈ വംശത്തിലെ മൂന്ന് ചേരന്മാരെക്കുറിച്ച് സൂചിപ്പിക്കുന്നു. (ചെല്ലിരുമ്പൊറൈ, പെരുങ്കടുങ്കൊ, കടുങ്കൊ). ചേരമുഖ്യന്റെ കേന്ദ്രസ്ഥാനം കരൂർ ആയിരുന്നു. *മുചിരി* ചേരുടെ ഒരു പ്രധാന കേന്ദ്രം ആയിരുന്നു.

## കാർഷികാധിവാസ പ്രദേശങ്ങളുടെ ഏകീകരണവും തട്ടുകളാക്കപ്പെട്ട സമൂഹത്തിന്റെ രൂപീകരണവും (CONSOLIDATION OF AGRARIAN SETTLEMENTS AND FORMATION OF A STRATIFIED SOCIETY)

ബഹുവിധത്തിലുള്ള ഉപജീവനമാർഗങ്ങളുടെ തുടർച്ചയ്ക്ക് സംഘാനന്തര കാലഘട്ടം സാക്ഷ്യം വഹിച്ചു. ഈ കാലഘട്ടത്തിലെ ഒരു അനുപമമായ സവിശേഷതയായിരുന്നു വയൽക്കൃഷിയുടെ വ്യാപനം. ജലസമൃദ്ധമായ സമതലങ്ങളിൽ സ്ഥിരവാസകർഷകർ പെരുകിയപ്പോൾ ആദ്യകാല *കുടികളും ഊരുകളും* കൂടുതൽ വികസിക്കുകയും *ഉഴക്കുടി* എന്ന് അറിയപ്പെടാനാരംഭിക്കുകയും ചെയ്തു. വയലിലെ നെൽക്കൃഷിയുടെ വികാസത്തോടൊപ്പംതന്നെ ഉയർന്നപ്രദേശങ്ങളായ പറമ്പും വീടിന് ചുറ്റുമുള്ള പ്രദേശങ്ങളും (പുരയിടം) വിപുലമായ കൃഷിക്കുപയുക്തമാക്കപ്പെട്ടു. സി.ഇ. ഒൻപത് മുതൽ പന്ത്രണ്ട് വരെ നൂറ്റാണ്ടുകളിൽ നിന്നുള്ള ലിഖിതങ്ങളിൽ *വയൽ, നിലം, കഴനി, കരി, കണ്ടം* തുടങ്ങിയ പദങ്ങൾ വയൽ ഭൂമിയെയും *പറമ്പ്, തോട്ടവിള, വിളാകം* മുതലായവ പറമ്പിനെയും, *പുരയിടങ്ങൾ* എന്ന പദം വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ സൂചിപ്പിക്കാനും ഉപയോഗിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് സംഘാനന്തര കാലഘട്ടത്തിൽ ഒരു ബഹുവിള കൃഷിയിലധിഷ്ഠിതമായ അധിവാസം ഉയർന്നു വന്നു എന്നാണ്. ഈ കാലഘട്ടം കേരളചരിത്രത്തിൽ പൊതുവേ പ്രാരംഭ മധ്യകാലഘട്ടമെന്ന് കണക്കാക്കപ്പെടുന്നു. (സി.ഇ. ഏഴ് മുതൽ പന്ത്രണ്ട് വരെ നൂറ്റാണ്ടുകൾ)

ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടം ബ്രാഹ്മണാധിവാസപ്രദേശങ്ങളുടെ വ്യാപനത്തിന് സാക്ഷ്യം വഹിച്ചു. *കേരളോല്പത്തി* പാരമ്പര്യമനുസരിച്ച് മുപ്പത്തിരണ്ട് ബ്രാഹ്മണാധിവാസ പ്രദേശങ്ങൾ

കേരളത്തിലുണ്ടായിരുന്നു. പ്രാദേശിക മുഖ്യരിൽ നിന്ന് ബ്രാഹ്മണർക്ക് ഭൂമി ദാനമായി ലഭിച്ചിരുന്നു. ഈ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കിയിരുന്നു. ബ്രാഹ്മണർ സ്വയം കാർഷിക വൃത്തിയിൽ ഏർപ്പെടാതിരുന്നതിനാൽ അവർക്ക് സമീപസ്ഥ ഗോത്രകുടുംബങ്ങളിലെ തൊഴിലാളികളെ ഭൂമി ഒരുക്കുന്നതിനും കൃഷിക്കുമായി ആശ്രയിക്കേണ്ടി വന്നു. കേരളത്തിലെ ബ്രാഹ്മണാധിവാസകേന്ദ്രങ്ങൾ രൂപഘടനയുള്ള ക്ഷേത്രങ്ങളുടെ വ്യാപനത്തിന് വഴിതെളിക്കുകയും ഇത് കൃഷിയുടെ കൂടുതലായ വ്യാപനത്തെ അടയാളപ്പെടുത്തുകയും ചെയ്തു. ഒൻപത് മുതൽ പതിനൊന്നാം നൂറ്റാണ്ട് വരെയുള്ള ബഹുഭൂരിപക്ഷം രൂപഘടനയുള്ള ക്ഷേത്രങ്ങളും ലിഖിതങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അവ പ്രാദേശികമുഖ്യരുടെ ഭൂദാനത്തെ സംബന്ധിച്ചോ ബഹുവിള കാർഷിക മേഖലകളിൽ നിന്ന് ക്ഷേത്രത്തിലേക്കുള്ള ഉൽപ്പന്നങ്ങളുടെ ദാനത്തെ സംബന്ധിച്ചോ ഉള്ള വിവരണങ്ങൾ നൽകുന്നു. പ്രാദേശിക മുഖ്യർ നടത്തിയ ഭൂദാനങ്ങളെ സംബന്ധിച്ച ഏതാനും പരാമർശങ്ങൾ ഇവയിൽ ഉണ്ട്. കാർഷിക അധിവാസ പ്രദേശമായ *കുടികളിൽ* നിന്നുള്ള ഭൂദാനങ്ങളാണ് ഭൂരിഭാഗവും. ഉദാഹരണത്തിന് തൃക്കാക്കര ലിഖിതത്തിൽ, കാൽക്കരൈനാട് (Kalkarainatu) നാടുവാഴി തൃക്കാക്കര ക്ഷേത്രത്തിന് ഭൂമി ദാനം നൽകിയതായും, തിരുനെല്ലി ലിഖിതത്തിൽ, കുറുമ്പ്രനാട് നാടുവാഴിയുടെ *ചേരിക്കൽ* ഭൂമി (നാടുവാഴിയുടെ ഭൂമി) തിരുനെല്ലിക്ഷേത്രത്തിന് ദാനം നൽകിയതായും, തിരുവല്ല ചെപ്പേടിൽ വെമ്പൊലിനാട്ടിലെ മുഖ്യർ തങ്ങളുടെ *കിഴിത്* (*Kilitu*) (കീഴിലുള്ള ഭൂമി) ഭൂമി തിരുവല്ല ക്ഷേത്രത്തിന് നൽകിയതായുമുള്ള പരാമർശങ്ങൾ ഇതിന് ഉദാഹരണമാണ്. ഈ ഭൂമികൾ ക്ഷേത്രസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൻകീഴിൽ കൃഷി ചെയ്തുവന്നു. കൃഷിപ്പണിക്കാരുടെ കാർഷികാധിവാസ പ്രദേശങ്ങൾക്ക് മേൽ ഭൂവുടമസ്ഥാധികാരങ്ങൾ സ്ഥാപിക്കാൻ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും സാധിച്ചു.

### *കേരളത്തിലെ 32 ബ്രാഹ്മണാധിവാസ പ്രദേശങ്ങൾ*
### *32 Brahmin Settlements of Kerala*

**പെരുമ്പുഴ നദിക്കും കരിമ്പുഴ നദിക്കും മധ്യേ (Between river Perumpuzha and Karimpuzha)**

പയ്യന്നൂർ, പെരുംചെല്ലൂർ, കരിക്കാട്ട്, ഈശാനിമംഗലം, ആലത്തൂർ, കാരന്താൾ, തൃശ്ശിവപേരൂർ, പെരുവനം, പന്നിയൂർ, ചോകിരം

**കരിമ്പുഴയ്ക്കും ചൂർണിയാറിനും (Curni) (പെരിയാർ) മധ്യേ (Between river Karimpuzha and Curni (Periyar))**

പറവൂർ, ഐരാണിക്കുളം, മൂഴിക്കളം, ഇരിങ്ങാലക്കുട, അടവൂർ, ചെങ്ങനാട്, ഉളിയന്നൂർ, കുളനാട്, കുഴവൂർ, ഇളിഭ്യം, ചാമുണ്ട, അവിട്ടത്തൂർ

**ചൂർണിയാറിനും കന്യാകുമാരിക്കും മധ്യേ (Between Curni and Kannyakumari)**

കിടങ്ങൂർ, കുടമറുക്, കുമാരനല്ലൂർ, കവിയൂർ, ഏറ്റുമാനൂർ, നീർമണ്ണ്, വെൺമണി, ആറൻമുള, ചെങ്ങന്നൂർ, തിരുവല്ല


മണിയൂർ ലിഖിതം (കണ്ണൂർ)

സംഘാനന്തര കാലഘട്ടത്തിൽ ഉപജീവനോപാധികളുടെ ഏതെങ്കിലും തരത്തിലുള്ള തുടർച്ച നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമോ?

ഈ പ്രക്രിയ സമൂഹത്തിൽ രണ്ട് വർഗങ്ങളുടെ രൂപീകരണത്തിന് കാരണമായി. ഭൂവുടമകളും, ഭൂരഹിത കർഷകരും. ഇത് കാർഷികമേഖലയിൽ ബന്ധുത്വാടിസ്ഥാനത്തിലല്ലാതെയുള്ള തൊഴിൽ രൂപങ്ങൾക്ക് വഴി തെളിച്ചു. ഭൂമി പാട്ടത്തിനെടുക്കുന്ന *കാരാളർ* എന്ന മധ്യവർത്തി വിഭാഗത്തിന്റെ വളർച്ചയാണ് ഈ കാലഘട്ടത്തിന്റെ മറ്റൊരു സവിശേഷത. ക്ഷേത്രഭൂമിയും ബ്രാഹ്മണവ്യക്തികളുടെ ഭൂമിയും *കാരാളർക്ക്* പാട്ടത്തിന് കൊടുത്തിരുന്നു. കൃഷിക്കാർ 'കുടി' എന്നറിയപ്പെട്ടു, തൊഴിൽശക്തി പ്രദാനം ചെയ്തിരുന്നത് പ്രധാനമായും *പുലയർ, ആൾ, ആളടിയാർ* എന്നീ വിഭാഗക്കാരായിരുന്നു. അവരെ ഭൂമിയോടൊപ്പം കൈമാറ്റം ചെയ്തിരുന്നു. നിർബന്ധിത പണിയെടുപ്പായി ഈ കാലത്ത് അടിയായ്മ വളർന്നു വന്നു. കിളിമാനൂർ, പെരുംചെല്ലൂർ ലിഖിതങ്ങളിൽ *അടിമ* അഥവാ നിർബന്ധിത തൊഴിലാളി എന്ന് വാച്യാർഥം വരുന്ന ആൾ എന്ന പദം പരാമർശിക്കുന്നു. *തച്ചർ* (ആശാരിപ്പണിക്കാർ), *കലവാണിയർ* (കുശവന്മാർ), *വാണിയർ* (എണ്ണ വ്യാപാരി), *വണ്ണാർ* (അലക്കുകാർ) തുടങ്ങിയ കൈത്തൊഴിലുകാരെയും കരകൗശലവിദ്യക്കാരെയും കുറിച്ചും ലിഖിതങ്ങൾ പരാമർശിക്കുന്നുണ്ട്. എന്നിരുന്നാലും, ക്ഷേത്രകേന്ദ്രീകൃത ബ്രാഹ്മണാധിവാസ കേന്ദ്രത്തിന്റെ സ്വാധീനഫലമായി പുതിയൊരു സാമൂഹ്യക്രമം വളർന്നു വന്നു. ആദ്യകാലത്ത് തൊഴിലടിസ്ഥാനത്തിലുണ്ടായിരുന്ന കുടികൾ പ്രത്യേക സ്വഗണവിവാഹികളായ ജാതിവിഭാഗങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു. തട്ടുകളായുള്ള സാമൂഹ്യ വിഭജനം ജാതിശ്രേണിയെ സംബന്ധിച്ച ബ്രാഹ്മണ സങ്കൽപ്പങ്ങളിലധിഷ്ഠിതമായിരുന്നു.

ക്ഷേത്രങ്ങൾ അവയുടെ പരിപാലനത്തിന് നിരവധി ബ്രാഹ്മണ, അബ്രാഹ്മണ തൊഴിൽ വിഭാഗങ്ങളെ നിലനിർത്തിയിരുന്നു. ക്ഷേത്രഭൂമിയിൽ നിന്നുള്ള മിച്ചോൽപ്പാദനവും വിവിധ കാണിയ്ക്കകളിൽ നിന്നായി ക്ഷേത്രത്തിന് ലഭിക്കുന്ന വരുമാനവും ക്ഷേത്രത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിഫലമായി പുനർവിതരണം ചെയ്തിരുന്നു. ക്ഷേത്രത്തിലെ അവരുടെ സേവനത്തിന് പ്രതിഫലമായി ലഭിച്ചിരുന്ന *വിരുത്തി* അഥവാ 'ജീവിത'ത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്.

*ആഴ്‌വാർ*മാരുടെയും (വിഷ്ണുഭക്തർ), *നായനാർ*മാരുടേയും (ശിവഭക്തർ) ഭക്തിപ്രസ്ഥാനം അടിസ്ഥാനപരമായി ബ്രാഹ്മണാധിവാസപ്രദേശങ്ങളുടെ

### *ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ വിഭാഗങ്ങൾ*
### *(Occupational groups associated with Temple)*

**ബ്രാഹ്മണർ (Brahmin)**

*സഭൈയാർ* ('സഭ'യിലെ അംഗങ്ങൾ) ആയിരുന്നു ഏറ്റവും ശക്തരായ ബ്രാഹ്മണർ. ക്ഷേത്രത്തിലെ ശാലകളുമായി ബന്ധപ്പെട്ട് കഴിഞ്ഞിരുന്ന ബ്രാഹ്മണ പണ്ഡിതരും വിദ്യാർഥികളുമായ *ഭട്ടന്മാരും ചാത്തിരരും, തന്ത്രികൾ* (agamic instructors) *ശാന്തിയടികൾ* തുടങ്ങിയവരുമായിരുന്നു ക്ഷേത്രവുമായി ബന്ധപ്പെട്ട് നിന്ന മറ്റ് പ്രബല ബ്രാഹ്മണർ.

**അബ്രാഹ്മണർ (Non-Brahmin)**

*പൊതുവാൾ* (ക്ഷേത്ര കാര്യദർശി), *അകപൊതുവാൾ, പുറപൊതുവാൾ* (ക്ഷേത്ര ആഭ്യന്തര-ബാഹ്യകാര്യങ്ങളുടെ ചുമതലക്കാർ) *വാരിയം* (മേൽനോട്ടക്കമ്മിറ്റി ഉദാഹരണം; *തോട്ടവാരിയം* എന്നാൽ ഉദ്യാനമേൽനോട്ടക്കമ്മറ്റി), *കൊട്ടികൾ* (ചെണ്ടക്കാർ), *നങ്ങ* അഥവാ *നങ്ങച്ചികൾ* (നർത്തകിമാർ) *ചാക്യാന്മാർ* (നർത്തകർ), *അടിക്കുമവർ* (തൂപ്പുകാർ) *വിറകിടുമവർ* (വിറക് നൽകുന്നവർ) തുടങ്ങിയവർ അബ്രാഹ്മണരിൽ ഉൾപ്പെടുന്നു.

വ്യാപനത്തോടും ക്ഷേത്രനിർമ്മാണത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഭക്തി പ്രത്യയശാസ്ത്രം മൂലമാണ് ഒൻപതാം നൂറ്റാണ്ട് മുതൽ രൂപഘടനയുള്ള ക്ഷേത്രങ്ങൾക്ക് പ്രാധാന്യം ലഭിക്കാൻ തുടങ്ങിയത്. ജാതിയുടെ അടിസ്ഥാനത്തിൽ വികാസം പ്രാപിച്ച സാമൂഹ്യശ്രേണികളെ നീതീകരിക്കുന്നതിനും ഭക്തി എന്ന പ്രത്യയശാസ്ത്രം ഉപയോഗിക്കപ്പെട്ടു.

## ആഴ്‌വാർമാരും നായനാർമാരും *(Alvars and Nayanars)*

സി.ഇ ഏഴാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടുവരെ ദക്ഷിണേന്ത്യയിൽ നിലനിന്ന ഭക്തിപ്രസ്ഥാനം സമ്പന്നമായ ഭക്തിസാഹിത്യത്തിന്റെ രചനയ്ക്ക് കാരണമായ ഒരു ക്ഷേത്ര കേന്ദ്രീകൃത മത മുന്നേറ്റം എന്ന നിലയ്ക്കാണ് മുഖ്യമായും നിരീക്ഷിക്കപ്പെടുന്നതും പഠിക്കപ്പെടുന്നതും.

തെക്കേ ഇന്ത്യൻ ഭക്തിപ്രസ്ഥാനത്തിന് രണ്ട് ശാഖകളുണ്ടായിരുന്നു; ശൈവവിഭാഗവും വൈഷ്ണവവിഭാഗവും. വൈഷ്ണവ സന്ന്യാസിമാർ ആഴ്‌വാർമാരെന്നും, ശൈവ സന്ന്യാസിമാർ നായനാർമാരെന്നും അറിയപ്പെടുന്നു. പെരുമാൾസാമ്രാജ്യത്തിലെ രണ്ട് പ്രധാന ഭരണാധികാരികൾ ആയിരുന്ന, "പെരുമാൾ തിരുമൊഴി" രചിച്ച കുലശേഖര ആഴ്‌വാരും, ചേരമാൻ പെരുമാൾ നായനാരും കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ രണ്ട് പ്രധാന വ്യക്തിത്വങ്ങളാണ്.

## ബഹുസാംസ്കാരിക അധിവാസ കേന്ദ്രങ്ങളുടെ രൂപീകരണം (Formation of multi-cultural settlements)

ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെപ്പോലെ തന്നെ ബൗദ്ധ-ജൈന പ്രത്യയശാസ്ത്രങ്ങളും ആദ്യകാല കേരള സമൂഹത്തെ സ്വാധീനിക്കുന്നുണ്ടായിരുന്നു. സംഘാനന്തര കാലഘട്ടത്തിലെ രണ്ട് ഇതിഹാസങ്ങളായ *ചിലപ്പതികാരവും മണിമേഖലയും* സി.ഇ. 8, 9 നൂറ്റാണ്ടുകളിൽ ബുദ്ധമതവും ജൈനമതവും ചേരരാജ്യത്തിൽ അഭിവൃദ്ധി പ്രാപിച്ചിരുന്നതായി തെളിയിക്കുന്നു. കരുമാടി, മാവേലിക്കര, ഭരണിക്കാവ്, പള്ളിക്കൽ, മരുതുർക്കുളങ്ങര എന്നിവിടങ്ങളിൽ നിന്ന് ബുദ്ധപ്രതിമകൾ ലഭിച്ചിട്ടുണ്ട്. തൃക്കുന്നപ്പുഴയിലെ ശ്രീമൂലവാസം ഒരു ബുദ്ധ വിഹാരമായിരുന്നു. കേരള സമൂഹത്തിലെ ബൗദ്ധ സ്വാധീനത്തിന് അടിവരയിടുന്ന ഒന്നാണ് 'ശാസ്താ' അഥവാ 'അയ്യപ്പ' ആരാധനാസമ്പ്രദായം.

കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രാധാന്യം എന്താണ്?

ആദ്യകാല കേരളസമൂഹത്തെ ജൈനമതവും സ്വാധീനിച്ചിട്ടുണ്ട്. ആദ്യ ചേരമുഖ്യനായിരുന്ന ഉതിയൻ ചേരലാതൻ *വടക്കിരിക്കൽ* എന്ന ജൈന രീതിയിലൂടെ ഉപവസിച്ചാണ് മരണം വരിച്ചത്. കൊടുങ്ങല്ലൂരിനടുത്തുള്ള തിരുക്കുണവായ് അഥവാ തൃക്കണാമതിലകം ഒരു ജൈനസ്വാധീന കേന്ദ്രമായിരുന്നു. ആലത്തൂർ, കല്ലിൽ (പെരുമ്പാവൂർ), പരുവാശ്ശേരി (തൃശ്ശൂർ), തലക്കാവ് (വയനാട്), ചിത്റാൾ എന്നിവിടങ്ങളിൽ നിന്ന് ജൈനപ്രതിമകൾ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ചില സ്ഥലങ്ങളുമായി ബന്ധപ്പെട്ട് കണ്ടു വരുന്ന 'പള്ളി' എന്ന വാക്ക് ബുദ്ധജൈനമത ബന്ധങ്ങളെ സൂചിപ്പിക്കുന്നു. സി.ഇ. ഒന്നാം നൂറ്റാണ്ടിലെ മാർത്തോമ്മാ പാരമ്പര്യവും സി.ഇ.849 ലെ സിറിയൻ ക്രിസ്ത്യൻ (തരിസാപ്പള്ളി) താമ്രശാസനവും കേരളത്തിലെ ക്രിസ്തുമത അധിവാസപ്രദേശങ്ങളുടെ രൂപീകരണത്തെ സൂചിപ്പിക്കുന്നു. കൊല്ലത്തെ *മണിഗ്രാമം* എന്ന വ്യാപാരിസംഘവുമായി

ബന്ധപ്പെട്ട മാർ സാപിർ ഈശോയുടെ തരിസാ പള്ളി (വിശുദ്ധ തരിസാപ്പള്ളി) യുടെ സ്ഥാപനത്തെക്കുറിച്ച് ഈ താമ്രശാസനം പരാമർശിക്കുന്നു. ജൂത താമ്രശാസനം (1000 സി.ഇ.) കൊടുങ്ങല്ലൂരിലെ *അഞ്ചുവണ്ണം* എന്ന വ്യാപാരി സംഘവുമായി ബന്ധപ്പെട്ട ജൂത കച്ചവടക്കാരനായ ജോസഫ് റബ്ബാനെക്കുറിച്ച് പരാമർശിക്കുന്നു. പന്തലായനി കൊല്ലം, മുച്ചുണ്ടി (കോഴിക്കോട്), മാടായി (കണ്ണൂർ) എന്നിവിടങ്ങളിൽ നിന്നും കൊടുങ്ങല്ലൂരിലെ ചേരമാൻ പള്ളിയിൽ നിന്നും ലഭിച്ച മുസ്ലീംപള്ളി ലിഖിതങ്ങൾ (mosque inscriptions) ഈ പ്രദേശങ്ങളിലെ ഇസ്ലാംമത വ്യാപനത്തിന് തെളിവ് നൽകുന്നു. പരമ്പരാഗതമായ മതസഹിഷ്ണുതാനയം വ്യാപാരത്തിന്റെ ഒരു ഉപോൽപ്പന്നമാണെന്ന് വാദിക്കപ്പെടുന്നുണ്ട്. ആഭ്യന്തര, വിദേശ വ്യാപാരത്തിലൂടെ ഉണ്ടായ സാംസ്കാരിക വിനിമയങ്ങൾ വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ സാമൂഹിക സഹവർത്തിത്വം ഉണ്ടാക്കുകയും ഇത് ബഹു സാംസ്കാരിക സമൂഹത്തിന്റെ രൂപീകരണത്തിലേക്ക് നയിക്കുകയും ചെയ്തു.

കിഴക്കിനെയും പടിഞ്ഞാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന അന്തർദേശീയ സമുദ്രപാതയുടെ കേന്ദ്രമായ പടിഞ്ഞാറൻ കടൽതീരത്തുള്ള കേരളത്തിന്റെ സ്ഥാനം അതിനെ ആദ്യകാലം മുതൽ വിവിധ ലോകങ്ങളുടെ സംഗമഭൂമിയും, വ്യത്യസ്ത ജാതികളുടെയും, മതങ്ങളുടെയും ഉരുക്കു മൂശയുമാക്കി മാറ്റി. ഈ പശ്ചാത്തലത്തിലാണ് ഒരു തരം സാംസ്കാരിക സമന്വയം കേരളത്തിൽ വികാസം പ്രാപിക്കാൻ തുടങ്ങിയത്.

**➲ ചർച്ച ചെയ്യുക...**

കേരളത്തിലെ സാംസ്കാരിക സമന്വയം രൂപപ്പെടുത്തുന്നതിൽ വ്യാപാരത്തിന്റെ പങ്ക്

## മകോതൈയിലെ പെരുമാക്കന്മാരുടെ ഉദയം (Emergence of the Perumals of Makotai)

കേരളത്തിൽ സി.ഇ 8, 9 നൂറ്റാണ്ടുകൾ *ചേരമാൻ/പെരുമാൾ* എന്ന സ്ഥാനനാമമുള്ള രാജകീയ രൂപത്തിലുള്ള രാഷ്ട്രീയ അധികാരത്തിന്റെ ഉദയത്തിന് സാക്ഷ്യം വഹിച്ചു. ചരിത്രകാരർ ഇതിനെ കേരളത്തിലെ പിൽക്കാല ചേരരാജ്യം (ആദ്യകാല *തമിഴകത്തെ മൂവേന്തർ*മാരിൽ ഒന്നായിരുന്നു



*തരിസാപള്ളി ചെപ്പേട് (സി.ഇ 849)*

ആദ്യചേരന്മാർ) എന്നു വിളിച്ചു. പെരുമാൾമാരെ സംബന്ധിച്ച വംശാവലിരേഖകൾ ഒന്നും തന്നെ ലഭ്യമല്ല. ഈ കാലഘട്ടത്തെക്കുറിച്ച് പഠിക്കുന്നതിനുള്ള പ്രധാന സ്രോതസ്സുകൾ *വട്ടെഴുത്ത്* ലിഖിതങ്ങളാണ്.

സി.ഇ. 800 നും 1122 നും മധ്യേ കേരളത്തിലുണ്ടായ ആദ്യ രാജകീയാധികാരമാണ് പെരുമാൾ രാജ്യം. രാജാവിനെ *കോ, കോൻമൈ, ചേരമനർ* അഥവാ *ചേരമാൻ, പെരുമാൾ, പെരുമാൻ* അഥവാ *പെരുമാനടികൾ* എന്നിങ്ങനെ വിളിച്ചിരുന്നു. പട്ടാഭിഷേക സ്ഥാനപ്പേരുകളായ *രാജശേഖര, രാജാദിത്യ, രണാദിത്യ, കുലശേഖര* എന്നിവയും രാജാക്കന്മാർ സ്വീകരിച്ചിരുന്നു. രാജാവോ, *കോയിലധികാരികൾ* അഥവാ *ആൾകോയിൽ* എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രതിനിധിയോ ഗ്രാമപ്പഞ്ചായത്തുകളിലും, ക്ഷേത്രക്കമ്മിറ്റികളിലും അധ്യക്ഷം വഹിക്കുന്നതായും കണ്ടിട്ടുണ്ട്. ഇന്നത്തെ കൊടുങ്ങല്ലൂരാണെന്ന് തിരിച്ചറിയപ്പെട്ടിട്ടുള്ള *മകോതൈ* അഥവാ മഹോദയപുരമായിരുന്നു പെരുമാളുടെ തലസ്ഥാനം. നാല് ക്ഷേത്രക്കമ്മറ്റികളുടെ അഥവാ *തളികളുടെ* നടത്തിപ്പുകാർ ഉൾപ്പെട്ടിരുന്ന '*നാലുതളി*' എന്നറിയപ്പെട്ടിരുന്ന ഒരു സഭ രാജാവിനുണ്ടായിരുന്നു. *മേൽതളി, കീഴ്തളി, നെടിയതളി, ചിങ്ങപുരം തളി* എന്നിവയായിരുന്നു നാലുതളികൾ. രാജാവിന് *ആയിരം* (പതിനായിരം) എന്നറിയപ്പെട്ടിരുന്ന ഒരു സൈന്യം ഉണ്ടായിരുന്നു.

## നാടും നാട്ടുടയവരും (Nadu and Nattudayavar)

*നാടുകൾ* എന്നത് കാർഷിക വിഭവ പ്രദേശങ്ങൾ ആയിരുന്നു എന്നു നാം കണ്ടു കഴിഞ്ഞു. കുന്നിൻപ്രദേശങ്ങളിലെ മാറ്റക്കൃഷി, വെട്ടിച്ചുട്ട്കൃഷി എന്നീ മേഖലകളിൽ നിന്നും എക്കൽമണ്ണ് നിറഞ്ഞ നദീതടങ്ങളിലെ നനവുള്ള പാടങ്ങളിൽ നിന്നുമാണ് ഇത് വികാസം പ്രാപിച്ചത്. ബഹുമുഖ വിള ഉൽപ്പാദന രീതികളും മിച്ചോൽപ്പാദനവും നാടിനെ ഒരു രാഷ്ട്രീയ ഘടകമായി വളരാൻ സഹായിച്ചു. ഒട്ടുമിക്ക നാടുകളും ഓരോ മുഖ്യന്റെ കീഴിലായിരുന്നു. മകോതൈയിലെ പെരുമാക്കൻമാർ ഈ നാടുകൾക്ക് മുകളിൽ തങ്ങളുടെ മേൽക്കോയ്മ സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. നാടുകളിലെ മുഖ്യർ *നാട്ടുടയവർ* അഥവാ *നാടുവാഴുമവർ* എന്നറിയപ്പെട്ടു. *നാട്ടുടയവർ* നേരിട്ട് നിയന്ത്രിച്ചിരുന്ന ഭൂമിയാണ് *ചേരിക്കൽ*. *നാട്ടുടയവർ* സ്വന്തമായി *നൂറ്റുവർ* (നൂറുകൾ) എന്നറിയപ്പെടുന്ന സൈനിക വിഭാഗങ്ങളെ സംരക്ഷിച്ചിരുന്നു. നന്റുഴൈനാട്ടിലെ *മൂന്നൂറ്റുവർ*, (മൂന്നൂറ്) പുറൈകീഴ്നാട്ടിലെ *അഞ്ഞൂറ്റുവർ* (അഞ്ഞൂറ്) വള്ളുവനാട്ടിലെ *അറുന്നൂറ്റുവർ*, (അറുന്നൂറ്) കുറുംപൊറൈ നാട്ടിലെ *എഴുന്നൂറ്റുവർ* (എഴുന്നൂറ്) എന്നിവ ഉദാഹരണങ്ങളാണ്. ഇത്തരം സൈനിക വിഭാഗങ്ങളെ കൂടാതെ അവർക്ക് നിഴൽ, *പ്രകൃതി, അധികാരി* എന്നിങ്ങനെ മറ്റ് ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു.

**പെരുമാൾ കാലഘട്ടത്തിലെ നാടുകൾ (Nadus during Perumal period)**

- കോലത്തുനാട്
- കുറുമ്പ്രനാട്
- പുറകിഴ്നാട്
- രാമവളനാട്
- ഏറാളനാട്
- വള്ളുവനാട്
- നെടുംപുറയൂർനാട്
- നെടുങ്കൽനാട്
- കാൽക്കരൈനാട്
- വെമ്പലനാട്
- കീഴ്മലൈനാട്
- മുഞ്ഞനാട്
- നന്റുഴൈനാട്
- വേണാട്

## നകരവും, ഊര്‍ അഥവാ ഗ്രാമവും (Nakara and Ur or Grama)

*നാട്ടു*കൾക്ക് കീഴിൽ നാഗരികവും ഗ്രാമീണവുമായ *നകര*ത്തെയും, *ഊരി*നെയും (ഗ്രാമം) പോലുള്ള ധാരാളം അർധസ്വയംഭരണ പ്രാദേശികസമിതികൾ ഉണ്ടായിരുന്നു. കൃഷിക്കാരും മറ്റു തൊഴിൽ വിഭാഗങ്ങളും അധിവസിച്ചിരുന്ന കുടികൾ ഉൾക്കൊള്ളുന്ന അടിസ്ഥാന കാർഷിക ഘടകമായിരുന്നു *ഊര്‍*. ബ്രാഹ്മണ ഗ്രാമങ്ങൾക്ക് പുറമേ അബ്രാഹ്മണാധിവാസ കേന്ദ്രങ്ങളായ ഊരുകളും

**കേരളത്തിലെ പെരുമാക്കന്മാരുടെ പട്ടിക (800 സി.ഇ.-1122 സി.ഇ.)**
**(List of the Perumals of Kerala (800 CE-1122 CE))**

| രാജാവിന്റെ പേര് | കാലഗണന | പ്രധാന ലിഖിതങ്ങൾ |
|---|---|---|
| രാമരാജശേഖര | 800-844 സി.ഇ | വാഴപ്പള്ളി ലിഖിതം |
| സ്ഥാണുരവി കുലശേഖര | 844-883 സി.ഇ | തരിസാപ്പള്ളി താമ്രശാസനം<br>ഇരിങ്ങാലക്കുട ലിഖിതം,<br>തിരുവട്ടുവായ് താമ്രശാസനം |
| കോതരവി വിജയരാജ | 883-913 സി.ഇ | ഐരാണിക്കുളം ലിഖിതം<br>ചൊക്കൂർ ലിഖിതം<br>നെടുപുറം തളി ലിഖിതം |
| കോതകോത കേരള കേസരി | 913-943 സി.ഇ | തൃക്കാക്കര ലിഖിതം |
| ഇന്ദുകോത | 943-962 സി.ഇ | മൂഴിക്കുളം ലിഖിതം<br>ചേമ്പ്ര ലിഖിതം<br>തൃക്കാക്കര ലിഖിതം |
| ഭാസ്കര രവി<br>മനുകുലാതിത്യ | 962-1021 സി.ഇ | കിനാലൂർ ലിഖിതം<br>ജൂത താമ്രശാസനം<br>തിരുനെല്ലി ലിഖിതം<br>പുല്ലൂർ കോടവലം ലിഖിതം<br>എരമം ചാലപ്പുറം ലിഖിതം |
| രവികോത രാജസിംഹൻ | 1021-1036 സി.ഇ | പന്നിയാങ്കര ലിഖിതം<br>തിരുമിത്തക്കോടെ ലിഖിതം<br>താഴേക്കാട് ലിഖിതം<br>തിരുവഞ്ചിക്കുളം ലിഖിതം |
| രാജരാജരവി രാമ<br>രാജാദിത്യ ആദിത്യൻ<br>കോതരണാദിത്യ | 1036-1089 സി.ഇ | തിരുവണ്ണൂർ ലിഖിതം<br>നല്ലൂർ ലിഖിതം |
| രാമകുലശേഖര | 1089-1122 സി.ഇ | തിരുവല്ലൂർ ലിഖിതം<br>പെരുന്ന ലിഖിതം<br>കൊല്ലം രാമേശ്വരം ലിഖിതം<br>തലക്കുളത്തൂർ മതിലകം ലിഖിതം<br>ഐരാണിക്കുളം ലിഖിതം |

# പെരുമാൾ കാലഘട്ടത്തിലെ നാടുകൾ
(NADUS DURING PERUMAL PERIOD)



ഉണ്ടായിരുന്നു. ബ്രാഹ്മണ ഊരുകളിലെ സഭകൾ *ഊര്, സഭൈ, പരുടൈ* എന്നിങ്ങനെ അറിയപ്പെട്ടു. അബ്രാഹ്മണ ഊരുകൾ ഊർ അഥവാ *ഊർനാട്ടാർ* എന്നും അറിയപ്പെട്ടു.

വ്യാപാര സംഘങ്ങളായ *അഞ്ചുവണ്ണവും മണിഗ്രാമ*വുമാണ് *നഗരങ്ങൾ* രൂപീകരിച്ചത്. *നഗര*ങ്ങളുടെ ഭരണം ഈ സംഘടനകളാണ് നിർവഹിച്ചിരുന്നത്. *നാടുവാഴി*യുടെ ഔദ്യോഗിക ചുമതലകളായിരുന്ന ചുങ്കം നിശ്ചയിക്കൽ, സാധനങ്ങളുടെ വില നിശ്ചയിക്കൽ എന്നിവയിൽ നിർണായക പങ്ക് വഹിച്ചിരുന്ന അവരെ നിരവധി ബാധ്യതകളിൽ നിന്നും നികുതികളിൽ നിന്നും ഒഴിവാക്കിയിരുന്നു. *നഗര*ത്തിനകത്ത് നികുതി പിരിക്കുന്നതിനും, കപ്പം പിരിക്കുന്നതിനുമുള്ള ചുമതല അവർക്കായിരുന്നു. *നഗര*ങ്ങളിൽ ശിക്ഷ വിധിക്കുക, പിഴ ഈടാക്കുക തുടങ്ങിയ നീതിന്യായ അധികാരങ്ങളും അവർ കയ്യാളിയിരുന്നു. കേരളത്തിൽ *വളഞ്ചിയർ, നാനാദേശി* എന്നിങ്ങനെ മറ്റു വ്യാപാരശ്രേണികളും ഉണ്ടായിരുന്നതായി പുരാലേഖാശാസനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

## പെരുമാറ്റസംഹിത അഥവാ *കച്ചം* (Code of conduct or *Kaccam*)

പെരുമാൾ കാലഘട്ടത്തിലെ നിയമ സംഹിതയെക്കുറിച്ച് നമുക്ക് വ്യക്തമായ തെളിവുകൾ ലഭ്യമല്ല. എന്നാൽ ക്ഷേത്രങ്ങളും *ഊരുകളും* അഥവാ ഗ്രാമങ്ങളും പാലിച്ചുപോന്ന പെരുമാറ്റ സംഹിതയെക്കുറിച്ച് സൂചനകളുണ്ട്. ഏറ്റവും പ്രധാനപ്പെട്ട *കച്ചം മൂഴിക്കള വ്യവസ്ഥൈ* എന്നു കൂടി അറിയപ്പെട്ടിരുന്ന *മൂഴിക്കളം കച്ചമാണ്. കടങ്കാട്ട് കച്ചം, തവനൂർ കച്ചം, ശങ്കരമംഗലത്ത് കച്ചം* തുടങ്ങിയ പ്രാദേശിക പെരുമാറ്റ സംഹിതകളുമുണ്ടായിരുന്നു. കച്ചത്തിന്റെ ശിക്ഷാവകുപ്പുകൾ ജാതിഭ്രഷ്ട്, സ്ഥാനഭ്രഷ്ട്, സ്വത്ത് കണ്ടുകെട്ടൽ, സാമൂഹ്യ, രാഷ്ട്രീയ ബഹിഷ്കരണം തുടങ്ങിയ നിരവധി ശിക്ഷകളെക്കുറിച്ച് പ്രതിപാദിക്കുന്നു.

## നികുതികളും കരങ്ങളും (Taxes and dues)

പെരുമാൾ രാജ്യത്ത് പിരിച്ചിരുന്ന നിരവധി വരുമാനങ്ങളെയും നികുതികളെയുംകുറിച്ച് പുരാലേഖാശാസനങ്ങൾ പരാമർശിക്കുന്നുണ്ട്. വരുമാനങ്ങളും നികുതികളും നകരങ്ങളിലും (വ്യാപാരകേന്ദ്രം) ഗ്രാമങ്ങളിലും (ബ്രാഹ്മണ ഗ്രാമം) ചേരിക്കലിലും (രാജകീയ ഭൂമി) വ്യത്യസ്ത സ്വഭാവം പുലർത്തിയിരുന്നു. സിറിയൻ (തരിസാപ്പള്ളി) താമ്രശാസനവും ജൂതതാമ്രശാസനവും വ്യാപാര കേന്ദ്രങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. പെരുമാളിനോ അദ്ദേഹത്തിന്റെ പ്രതിനിധിക്കോ അദ്ദേഹം നൽകുന്ന സംരക്ഷണത്തിനും മേൽനോട്ടത്തിനും പകര

**➲ ചർച്ച ചെയ്യുക...**

പെരുമാൾ രാജ്യമായിരുന്നു കേരളത്തിലെ ആദ്യ രാജകീയശക്തി : വ്യക്തമാക്കുക.

മായി ഒരു ബ്രാഹ്മണഗ്രാമാധിവാസ പ്രദേശത്തു നിന്ന് ഒരു നിശ്ചിത തുക *ആട്ടൈക്കൊൾ, ആറന്തൈ (Arantai)* എന്നീ പേരുകളിൽ വർഷം തോറും ലഭിച്ചിരുന്നു. ഇത് കൂടാതെ ഗ്രാമങ്ങളിൽ നിന്നും ക്ഷേത്രങ്ങളിൽ നിന്നും അവർക്ക് *രക്ഷാഭോഗം* എന്ന പേരിൽ സംരക്ഷണ നികുതിയും ലഭിച്ചിരുന്നു.

ചുരുക്കത്തിൽ, ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും മേൽക്കൈ ലഭിച്ച ഒരു സാമൂഹിക വിഭജനത്തിന്റെയും കാർഷിക പ്രക്രിയയുടെയും ഏകീകരണത്തിന്റെ ഫലമായാണ് പെരുമാക്കളുടെ രാഷ്ട്രീയ രൂപീകരണം നടന്നിട്ടുള്ളത് എന്ന് മുകളിൽ നടന്ന ചർച്ചകൾ വ്യക്തമാക്കുന്നു.

സി.ഇ. 1122 ൽ അവസാന രാജാവായ രാമകുലശേഖരനോട് കൂടി രണ്ടാം ചേരരാജ്യം അവസാനിച്ചതായി വിശ്വസിക്കുന്നു. അതിനുശേഷം ചില *നാടുകൾ* അപ്രത്യക്ഷമാവുകയും ചിലത് തുടരുകയും ചിലത് മറ്റു വലിയ *നാടുകളു*മായി ലയിച്ച് ചുവടെ ചർച്ച ചെയ്യാൻ പോകുന്ന *സ്വരൂപങ്ങളാ*വുകയും ചെയ്തു.

**തിരുവലഞ്ചുഴി ലിഖിതം (Tiruvalanculi inscription)**

ചോള രാജ്യത്തിന്റെ ഭാഗമായ തഞ്ചാവൂരിന് സമീപമുള്ള തിരുവലഞ്ചുഴി ക്ഷേത്രത്തിൽ നിന്ന് ലഭിച്ചതും വിക്രമചോളന്റെ നാലാം വർഷത്തിലേത് എന്നു കാല നിർണയം ചെയ്യപ്പെട്ടതുമായ (1122 CE) ഈ ലിഖിതം ചേരമന്നർ രാമ അഥവാ രാമകുലശേഖരന്റെ പേര് പരാമർശിക്കുന്നു. മകോതൈയിലെ ഒരു ചേരരാജാവിനെ പരാമർശിക്കുന്ന അവസാനത്തെ അറിയപ്പെടുന്ന ലിഖിതമാണ്.

## സാമൂഹ്യ–സാമ്പത്തിക, രാഷ്ട്രീയ പരിവർത്തനങ്ങൾ (1200-1800 CE) (SOCIO-ECONOMIC AND POLITICAL TRANSFORMATIONS (1200-1800 CE))

പന്ത്രണ്ടും പതിനെട്ടും നൂറ്റാണ്ടുകൾക്കിടയിലുള്ള കാലഘട്ടം കേരളത്തിലെ കാർഷികോൽപ്പാദനം, കൈമാറ്റം, രാഷ്ട്രീയഘടന, ഭൂമിയുടെ പാട്ടാവകാശസംവിധാനം, ഭൂവുടമസ്ഥാവകാശങ്ങളും ബന്ധങ്ങളും, നികുതിവ്യവസ്ഥ എന്നിവയുടെ നൈരന്തര്യത്തിനും മാറ്റത്തിനും സാക്ഷ്യം വഹിച്ചു. യൂറോപ്യരുടെ ആഗമനം, മൈസൂറിന്റെ ആക്രമണം ഒടുവിൽ ബ്രിട്ടീഷ് കോളനി അധികാരത്തിന്റെ സ്ഥാപനം എന്നിവയ്ക്കും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു.

### ബഹുവിള ഉൽപ്പാദനം (Multi-crop Production)

സി.ഇ പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ സ്വഭാവം നാം ഇതിനകം കണ്ടുകഴിഞ്ഞു. ബഹുവിള ഉൽപ്പാദന മാതൃക പെരുമാൾ കാലഘട്ടത്തിനുശേഷവും തുടർന്നുവെങ്കിലും പതിനെട്ടാം നൂറ്റാണ്ട് വരെയുള്ള അതിന്റെ പരിണാമങ്ങളിൽ ചെറിയ മാറ്റങ്ങൾ വന്നു. ഫലഭൂയിഷ്ഠമായ നനവുള്ള എക്കൽ ഭൂമി (*നിലം, വയൽ* തുടങ്ങിയവ), *പറമ്പ്, പുര*

*ത്തിടം* എന്നിവിടങ്ങളിലെ കൃഷി, ഗണ്യമായ വർധനവോടെ തുടർന്നു. നെല്ല് പ്രധാന ഭക്ഷ്യവിളയായി തുടരുകയും നദീ തടങ്ങളിലെ ഫലഭൂയിഷ്ഠപ്രദേശങ്ങളിലും ചെറുകുന്നുകൾക്കും ഉയർന്ന പ്രദേശങ്ങൾക്കും ഇടയിലുള്ള താഴ്ന്ന സ്ഥലങ്ങളിലും അത് കൃഷി ചെയ്യുകയും ചെയ്തു. പെരുഞ്ചെല്ലൂർ, കിളിമാനൂർ തുടങ്ങിയ ലിഖിതങ്ങൾ പെരുമാൾ കാലത്തിനുശേഷവും നെൽവയൽക്കൃഷി തുടർന്നിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. വർഷത്തിൽ ഒന്നും രണ്ടും മൂന്നും വിള വെടുക്കുന്ന നെൽക്കൃഷിയെക്കുറിച്ച് മധ്യകാല മലയാള പുസ്തകങ്ങളും പരാമർശിക്കുന്നുണ്ട്. ഈ കാലഘട്ടത്തിൽ വിവിധ തരം നെല്ലിനങ്ങൾ ഉൽപ്പാദിപ്പിക്കപ്പെട്ടു. *ഉണ്ണിനീലി സന്ദേശത്തിൽ കുറുവ, ചാമ്പൽ, പൊൻകാളി, ആനക്കൊടൻ, ചോളൻ, കാടൻ, മോടൻ, കിള്ളിയിറ, വീരവിത്താൻ* മുതലായ നെല്ലിനങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. പതിനാറാം നൂറ്റാണ്ടോടെ ഏതാണ്ട് മുഴുവൻ ലഭ്യമായ വയലുകളും ഭക്ഷ്യ ധാന്യ കൃഷിക്കുപയുക്തമാക്കിത്തീർത്തു. കൂടാതെ ഇത് കുന്നിൻ ചരിവുകളിലേക്കും, കുന്നിൻ മുകളിലെ തട്ടുകളിലേക്കും ചെറിയ മേടുകളിലേക്കും വ്യാപിപ്പിച്ചു. കൊച്ചിക്കും കൊല്ലത്തിനും ഇടയിലുള്ള *കരി, കായൽ* നിലങ്ങൾ കൃഷിയ്ക്കായി വീണ്ടെടുത്തു.

കേരളത്തിന് വെളിയിൽ നിന്ന് നെല്ല് ഇറക്കുമതി ചെയ്തിരുന്നതിന് ചില സൂചനകളുണ്ട്. *ഉണ്ണിനീലി സന്ദേശം* കമ്പോളത്തിൽ ലഭ്യമായിരുന്ന നിരവധി നെല്ലിനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിൽ നാടൻ ഇനങ്ങളും, *ചോളൻ, പാണ്ടി* തുടങ്ങി കേരളത്തിന് വെളിയിൽ നിന്നിറക്കുമതി ചെയ്ത ഇനങ്ങളും ഉൾപ്പെടുന്നു. പതിനാലാം നൂറ്റാണ്ടിലെ ഒരു ചൈനീസ് പുസ്തകത്തിൽ എല്ലാ വർഷവും തെക്കൻ കേരളത്തിലെ മോശം വിളവുകാരണം ഒറീസയിൽ നിന്നും അരി ഇറക്കുമതി ചെയ്തിരുന്നതായി രേഖപ്പെടുത്തുന്നു. ഈ കാലഘട്ടത്തിൽ നെൽകൃഷി പുതിയ പ്രദേശങ്ങളിലേക്ക് വ്യാപിച്ചുവെങ്കിലും കമ്പോളത്തിൽ വിൽക്കാൻ തക്ക മിച്ചോൽപ്പാദനം നടത്താൻ കഴിഞ്ഞിരുന്നില്ല. പതിനെട്ടാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ഫാക്ടറി രേഖകൾ അരി ലഭ്യമാക്കുന്നതിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ ശരി വയ്ക്കുന്നു.

ചില കേന്ദ്രങ്ങളിൽ കരിമ്പ് കൃഷി ചെയ്തിരുന്നു. വിളവെടുപ്പിനുശേഷം ഒരു ഇടവിള എന്ന നിലയിൽ നെൽവയലുകളിൽ വാഴക്കൃഷി ചെയ്തിരുന്നു.

പറമ്പുകളിൽ സാധാരണയായി കൃഷി ചെയ്തിരുന്ന പ്രധാന നാണ്യവിളയായിരുന്നു കുരുമുളക്. ഇവ ഏകവിളത്തോട്ടങ്ങളായല്ല കൃഷി ചെയ്തിരുന്നത്, മറിച്ച് മറ്റുവിളകൾ കൃഷി ചെയ്തിരുന്ന പുരയിടങ്ങളിൽ ഇതും ഇടകലർത്തി കൃഷി ചെയ്തിരുന്നു. പതിനാലാം നൂറ്റാണ്ടിലെ ഒരു ഗ്രന്ഥമായ *ശുകസന്ദേശം*, തെങ്ങുകളിൽ വളർത്തിയിരുന്ന കുരുമുളക്

വള്ളികളെക്കുറിച്ച് പരാമർശിക്കുന്നു. പറമ്പുകളിൽ ഏലവും, ഇഞ്ചിയും കൃഷി ചെയ്തിരുന്നു. കൂവയും ഏലവും മലയിഞ്ചിയും പ്രധാനമായും മലബാറിൽ നിന്ന് കയറ്റുമതി ചെയ്തിരുന്നപ്പോൾ കൊച്ചിയിൽ നിന്ന് ജാതിക്കായും കൊല്ലത്ത് നിന്ന് നീലവും കയറ്റുമതി ചെയ്തിരുന്നു. നീലം, പ്രാദേശികചന്തകളിൽ ഒരു വ്യാപാര ഇനമായിരുന്നെന്ന് *ഉണ്ണിയച്ചി ചരിതം* പരാമർശിക്കുന്നു. കറുവപ്പട്ട, മഞ്ഞൾ മുതലായവയും കേരളത്തിലെ പറമ്പുകളിൽ കൃഷി ചെയ്തിരുന്നു.

ധാരാളമായി ഉപയോഗിക്കുകയും വിൽപ്പന നടത്തുകയും ചെയ്തിരുന്ന ഒരിനമായിരുന്നു നാളികേരം. പതിനാലാം നൂറ്റാണ്ടിലെ ചൈനീസ് ഗ്രന്ഥമായ *ദവോയി ഷിലു* (Daoyi Zhilue) കേരവൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ മലബാർ തീരത്തെ വിവരിക്കുന്നു. പതിനഞ്ചാം നൂറ്റാണ്ടിലെ ചൈനീസ് സഞ്ചാരിയായിരുന്ന ഫീ സിൻ (Fei Hsin) കുരുമുളക്, മത്സ്യം, അടയ്ക്ക തുടങ്ങിയവയോടൊപ്പം നാളികേരവും മലബാർ തീരത്ത് നിന്ന് കയറ്റുമതി ചെയ്തിരുന്നതായി പറയുന്നു. പതിനാറാം നൂറ്റാണ്ടോടെ നാളികേരം ഒരു പ്രധാന വ്യാപാര ഇനമായി തീരുകയും പതിനെട്ടാം നൂറ്റാണ്ടോടെ അടയ്ക്കക്കൃഷി കേരളത്തിൽ മുഴുവൻ വ്യാപിക്കുകയും ചെയ്തു. ബഹുവിള പറമ്പുകളിലാണ് കമുക് വച്ചു പിടിപ്പിച്ചിരുന്നത്. വിദേശ രാജ്യങ്ങളിൽ വലിയ പ്രിയമായിരുന്ന തേക്ക്, ഈട്ടി, കടമ്പ് തുടങ്ങിയ തടികൾ വനത്തിൽ നിന്ന് ശേഖരിച്ചിരുന്നു.

**കുരുമുളക്, സഞ്ചാരികളുടെ വിവരണങ്ങളിൽ...**
**(Pepper in Travelers' Accounts...)**

- സി.ഇ. പതിമൂന്നാം നൂറ്റാണ്ടിലെ യാക്കൂതും (Yaqut) അൽ കസ്‌വിനിയും (Al Quzwini) കുരുമുളക് ഉടമസ്ഥനില്ലാത്ത ഒരു സ്വതന്ത്ര ചെടിയായിരുന്നെന്നും വേനൽക്കാലത്തും തണുപ്പുകാലത്തും, എല്ലായ്പോഴും അതിൽ ഫലം ഉണ്ടായിരുന്നുവെന്നും പറയുന്നു.
- പതിനാലാം നൂറ്റാണ്ടിലെ ജോൺ ഡി മാരിനോലി (John De Marignolli) ലോകത്തെ മുഴുവൻ കുരുമുളകും കൊല്ലത്ത് ഉൽപാദിപ്പിച്ചിരുന്നതായി രേഖപ്പെടുത്തുന്നു.
- പതിനാറാം നൂറ്റാണ്ടിലെ ഇദ്രിസി (Idrisi), ഫണ്ടാരിന (Fandarina) (പന്തലായനി കൊല്ലം), മാലി അഥവാ കുലാം മാലി (കൊല്ലം), ജർബാത്തൻ (Jurbattan) (കോലത്തുനാട്), എന്നിവിടങ്ങളിൽ കുരുമുളക് വളർത്തിയിരുന്നതായി അഭിപ്രായപ്പെടുന്നു.
- കൊയിലം (കൊല്ലം) ഏഴിമല, കാന്നനൂർ (കണ്ണൂർ) എന്നിവിടങ്ങളിലെ കുരുമുളകിനെക്കുറിച്ച് മാർക്കോ പോളോ (Marco Polo) പരാമർശിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മേൽ ചർച്ച ചെയ്ത കാലഘട്ടത്തിൽ, വർധിച്ചുവന്ന ജനസംഖ്യയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഭക്ഷ്യവിളകളുടെ ഉൽപ്പാദനം വർധിപ്പിക്കപ്പെട്ടു. തോട്ടവിളകളുടെ കൃഷി വ്യാപിക്കുകയും അവ ആഭ്യന്തര - വിദേശവിനിമയത്തിനായി ഉപയോഗിക്കുകയും ചെയ്തു. എന്നിരുന്നാലും, കൂടുതൽ ഭക്ഷ്യ-നാണ്യവിളകൾ കൃഷി ചെയ്തു എന്നതിന് കൂടുതൽ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിച്ചു എന്നർഥമില്ല. വനങ്ങളിൽ നിന്ന് ശേഖരിക്കുന്ന വിഭവങ്ങൾ കേരള സമ്പദ്‌വ്യവസ്ഥയെ താങ്ങി നിർത്തുന്ന ഘടകമായി തുടർന്നു.

**➲ ചർച്ച ചെയ്യുക...**

*വയൽ, പറമ്പ്, പുരയിടം എന്നിവിടങ്ങളിലെ ഉൽപാദനത്തിന്റെ സ്വഭാവം*

## വ്യാപാരം : ആഭ്യന്തരവും വിദേശവും (Trade: inland and overseas)


ബഹുവിള ഭൂമിയിൽ നിന്നുള്ള മിച്ചോൽപ്പാദനം ആഭ്യന്തര-വിദേശ കൈമാറ്റങ്ങളുടെ വളർച്ചയ്ക്ക് കാരണമായി. അരി, തിന, പച്ചക്കറികൾ, വെളിച്ചെണ്ണ, വാഴക്കായ, ഉപ്പ്, മീൻ മുതലായ നിത്യോപയോഗ വസ്തുക്കൾ പ്രാദേശിക കമ്പോളങ്ങളിൽ കൈമാറ്റം ചെയ്യപ്പെട്ടു. കൃത്യമായ ഇടവേളകളിൽ ആഴ്ചയിലെ നിശ്ചിത ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ദിവസച്ചന്തകളും ഗ്രാമച്ചന്തകളും ആയിരുന്നു കൈമാറ്റത്തിന്റെ പ്രധാന കേന്ദ്രങ്ങൾ. വള്ളുവനാടൻ പ്രദേശത്തെ ഒരു പ്രാദേശിക വ്യാപാര കേന്ദ്രമായിരുന്നു *അയ്യനാർചിറ* എന്ന് *ഉണ്ണിച്ചിരുതേവീചരിതം* വിവരിക്കുന്നു. *ഉണ്ണിനീലിസന്ദേശം* തിരുവല്ലയ്ക്ക് അടുത്തുള്ള കരിയനാടിൽ ഉണ്ടായിരുന്ന വലിയ ചന്തയെ കുറിച്ച് പരാമർശിക്കുന്നു. പ്രാദേശിക ചന്തകളിൽ സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന ബാർട്ടർ സംവിധാനമായിരുന്നു പ്രധാനമായും നിലനിന്നിരുന്നത്.

ചർച്ചചെയ്യപ്പെടുന്ന കാലഘട്ടം കേരളവും ഇന്ത്യയുടെ വിവിധ ഭാഗങ്ങളും തമ്മിലുള്ള സജീവ വ്യാപാരത്തിനും സാക്ഷ്യം വഹിച്ചു. കേരളത്തിന്റെ വടക്കുമായുള്ള കച്ചവടബന്ധങ്ങൾ കര, കടൽ മാർഗങ്ങളിലൂടെയാണ് നിലനിന്നിരുന്നത്. പെരുമാൾ അനന്തരകാല സ്രോതസ്സുകളായ *വീരരാഘവപട്ടയം, പയ്യന്നൂർ പാട്ട്, ഉണ്ണിച്ചിരുതേവീചരിതം* എന്നിവ ആദ്യ മധ്യകാല വ്യാപാര സംഘടനകൾ ആയിരുന്ന *മണിഗ്രാമം, അഞ്ചുവണ്ണം, വളഞ്ചിയർ* എന്നിവ വിദൂര വ്യാപാരരംഗത്ത് തുടർന്നിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. കേരളവും തമിഴ്നാടും തമ്മിലുള്ള വ്യാപാരത്തിൽ തമിഴ്ബ്രാഹ്മണർ സജീവമായി പങ്കെടുത്തിരുന്നതായി *ഉണ്ണുനീലിസന്ദേശം* സൂചിപ്പിക്കുന്നു. അവർ കേരളത്തിലേക്ക് അരി, പരുത്തി, പട്ടുതുണിത്തരങ്ങൾ, മുളക് എന്നിവ കൊണ്ടുവരികയും കുരുമുളക് പോലുള്ള സുഗന്ധവ്യഞ്ജനങ്ങൾ ഇവിടെ നിന്ന് കൊണ്ടു പോവുകയും ചെയ്തിരുന്നു. പതിമൂന്നാം നൂറ്റാണ്ടിലെ രേഖകൾ വിശാഖപട്ടണം, കോറോമാൻഡൽ തീരം എന്നിവിടങ്ങളിലെ കേരള വ്യാപാരികളുടെ സാന്നിധ്യത്തെക്കുറിച്ച് പരാമർശിക്കുന്നു. വിദൂരവ്യാപാരത്തിന്റെ മറ്റൊരു പ്രധാന ഇനം കുതിരകൾ ആയിരുന്നു. വടക്കുനിന്ന് ധാരാളമായി ലോഹങ്ങൾ, ഔഷധച്ചെടികൾ, പട്ട്, മറ്റു തുണിത്തരങ്ങൾ മുതലായവ കേരളത്തിലേക്ക് കൊണ്ടുവന്നിരുന്നു. തമിഴ്നാട്, കർണാടകം, കൊങ്കൺ, ആന്ധ്ര, കലിംഗ (ഒറീസ), മലാവ (ഉജ്ജയിനി), വംഗ (ബംഗാൾ) എന്നിവിടങ്ങളിൽ നിന്നുള്ള വ്യാപാരികൾ കേരളത്തിന്റെ ഉൾനാടൻ ചന്തകളിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

### കുതിര വ്യാപാരത്തിനുള്ള തെളിവുകൾ *(Evidences about Horse Trade...)*

- തഞ്ചാവൂർ, തിരുച്ചിറപ്പള്ളി, തെക്കൻ ആർക്കോട്ട് ജില്ലകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള പതിമൂന്ന്, പതിനാല് നൂറ്റാണ്ടുകളിലെ ചോള ലിഖിത രേഖകൾ *കുതിരച്ചെട്ടികൾ* എന്നറിയപ്പെട്ടിരുന്ന കേരളത്തിലെ ഒരു പ്രത്യേക വിഭാഗം കുതിര വ്യാപാരികളെ കുറിച്ച് പരാമർശിക്കുന്നു.
- *ഉണ്ണിയച്ചീചരിതം* കുതിരവ്യാപാരം വളരെ ലാഭകരമായിരുന്നു എന്ന് പരാമർശിക്കുന്നു.
- വള്ളുവനാട്ടിലെ കുളമുക്ക് പ്രധാനപ്പെട്ട ഒരു കുതിരവ്യാപാരകേന്ദ്രമായിരുന്നു എന്ന് ചോള ലിഖിതങ്ങൾ സൂചിപ്പിക്കുന്നു.

പതിനൊന്ന് മുതൽ പതിനാറ് നൂറ്റാണ്ട് വരെയുള്ള അറബ് ചൈനീസ് വിവരണങ്ങൾ കേരളത്തിന്റെ ഊർജിത സമുദ്രാന്തര വ്യാപാരബന്ധങ്ങളെ സാക്ഷ്യപ്പെടുത്തുന്നു. അറേബ്യൻ രാജ്യങ്ങളുമായുള്ള കേരളത്തിന്റെ ബന്ധം പുരാതനകാലം മുതൽക്കേ ഉണ്ടായിരുന്നു. എന്നാൽ മധ്യകാലത്താണ് ഇത് കൂടുതൽ ഊർജ്ജിതമായത്. അറബിവ്യാപാരത്തിന്റെ പ്രധാന വിപണി കോഴിക്കോടായിരുന്നു. ധാരാളം അറബി സഞ്ചാരികൾ ഈ വ്യാപാരത്തെ കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അറബി എഴുത്തുകാരായ അൽ ഇദ്രിസി, അൽ ഖയ്സ്മി മുതലായവർ മലബാറിനെ (കേരളത്തെ) കുരുമുളകിന്റെ നാട് എന്ന് വിശേഷിപ്പിക്കുന്നു. കോഴിക്കോട്, കൊയിലാണ്ടി, കണ്ണൂർ തുടങ്ങിയ മലബാർ തീരങ്ങളിൽ ഇവരിൽ ചില അറബി വ്യാപാരികൾ താമസം ഉറപ്പിച്ചിരുന്നു. പോർച്ചുഗീസുകാരുടെ വരവ് വരെ അറബികൾ ഈ വിദൂര-പൗരസ്ത്യ വ്യാപാരക്കുത്തക കയ്യാളിയിരുന്നു.




കേരളത്തിലെ പൂർവാധുനിക വ്യാപാരകേന്ദ്രങ്ങൾ

കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങൾക്ക് ചൈനയിൽ വലിയ പ്രിയമായിരുന്നു. പകരമായി ചൈനീസ് പട്ട്, കളിമൺപാത്രങ്ങൾ, രസം, ഈയം തുടങ്ങിയവ കൊണ്ടുവന്നിരുന്നു. കേരളീയ ഉൽപ്പന്നങ്ങൾക്ക് ഒപ്പം തന്നെ വ്യാപാരികൾ ചൈനീസ് ഉൽപ്പന്നങ്ങളും കേരളത്തിൽ നിന്ന് വാങ്ങിയിരുന്നു. അങ്ങനെ ചൈനയ്ക്കും പാശ്ചാത്യ രാജ്യങ്ങൾക്കുമിടയിലുള്ള വ്യാപാരത്തിന്റെ ഒരു ഇടത്താവളമായി കേരളം മാറി. വിവിധതരത്തിലുള്ള ചൈനീസ് വ്യാപാരക്കപ്പലുകളുടെ സാന്നിധ്യം കേരളതീരത്ത് ഉണ്ടായിരുന്നതായി ഇബ്ൻ ബത്തൂത്ത രേഖപ്പെടുത്തുന്നു. ചീനപ്പട്ടും ചൈനീസ് മൺപാത്രങ്ങളും വ്യാപാരത്തിനു വേണ്ടി ധാരാളമായി കൊണ്ടുവന്നിരുന്നു. വളപട്ടണം, കണ്ണൂർ, പന്തലായനികൊല്ലം, കൊടുങ്ങല്ലൂർ, പട്ടണം, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ കേരളതീരത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ധാരാളം ചൈനീസ് കളിമൺ പാത്രങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ഈയടുത്തകാലത്ത് കൊല്ലത്തു നിന്ന് ചൈനീസ് നാണയശേഖരവും വൻതോതിൽ ചൈനീസ് മൺപാത്രങ്ങളും കണ്ടെത്തു

**➲ ചർച്ച ചെയ്യുക...**


പതിമൂന്നാം നൂറ്റാണ്ടിനുശേഷമുള്ള വ്യാപാരത്തിന്റെ സ്വഭാവം ചർച്ച ചെയ്യുക.

കയുണ്ടായി. കൊലൻ (കൊല്ലം), കൊച്ചിൻ (കൊച്ചി), കുലി (കോഴിക്കോട്) തുടങ്ങിയ തുറമുഖ നഗരങ്ങളെക്കുറിച്ച് പതിനഞ്ചാം നൂറ്റാണ്ടിലെ ചൈനീസ് സഞ്ചാരിയായിരുന്ന മാ ഹുവാന്റെ (Ma Huan) *യിങ് - യായി ഷെങ് ലാൻ (Ying - Yai Sheng - Lan)* എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. തദ്ദേശീയ മലയാളം കൃതിയായ *ഉണ്ണുനീലി സന്ദേശത്തിൽ* നിന്നും കൊല്ലം പട്ടണത്തിലെ ചൈനീസ് വ്യാപാരികളുടെ സാന്നിധ്യം മനസ്സിലാക്കാൻ കഴിയും. ഇതു കൂടാതെ ചില സ്ഥലനാമങ്ങൾ, പ്രത്യേകിച്ച്, കോഴിക്കോടിന്റെ പരിസരത്തുള്ള *ചീനക്കോട്ട, ചീനച്ചേരി, ചീനപ്പള്ളി* എന്നിവയും കേരളവും ചൈനയും തമ്മിൽ ഉണ്ടായിരുന്ന ഊർജസ്വലമായ വ്യാപാരത്തിന് അടിവരയിടുന്നു.

സഞ്ചാരികളുടെ വിവരണങ്ങൾ മറ്റു വ്യാപാരവിഭാഗങ്ങളായ ജൂതരും മുസ്ലീങ്ങളും കേരളത്തിലെ തുറമുഖ നഗരങ്ങളിൽ ഉണ്ടായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. പതിനഞ്ചാം നൂറ്റാണ്ടിലെ പോർച്ചുഗീസുകാരുടെ കടന്നുവരവ് അറബികളും ചൈനക്കാരുമായുള്ള വ്യാപാരബന്ധം ക്ഷയിപ്പിക്കുകയും യൂറോപ്യൻ രാജ്യങ്ങളുമായുള്ള ബന്ധത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

## നാടുവാഴി സ്വരൂപങ്ങൾ (Naduvazhi-Swarupams)

മുകളിൽ പ്രതിപാദിച്ച ഭൗതിക പശ്ചാത്തലത്തിൽ, പെരുമാളനന്തര കാലഘട്ടം വടക്കൻകേരളത്തിൽ കോലത്തുനാട്, സാമൂതിരിമാർ, മധ്യകേരളത്തിൽ കൊച്ചി, തെക്കൻ കേരളത്തിൽ വേണാട് എന്നീ *നാടുവാഴി സ്വരൂപങ്ങളുടെ* വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. കേരളത്തിന്റെ രാഷ്ട്രീയ ഘടനയിലെ ഒരു വഴിത്തിരിവായിരുന്നു ഇത്. മാതൃദായക കൂട്ടുകുടുംബങ്ങൾ (മരുമക്കത്തായ തറവാട്) നിയന്ത്രിച്ചിരുന്ന സ്വയംഭരണ പ്രദേശങ്ങൾ ആയിരുന്നു *സ്വരൂപങ്ങൾ*. ഈ കാലഘട്ടത്തിലെ രാഷ്ട്രീയാധികാരം ധാരാളം



പന്തലായനികൊല്ലത്ത് നിന്ന് കണ്ടെടുത്ത ചൈനീസ് കളിമൺപാത്രങ്ങൾ.

### ജങ്ക്സ്, സാവു, കകം (Junks, Sau and Kakam)

*ജങ്ക്സ്, സാവു, കകം* എന്നിങ്ങനെ കേരള തീരത്തെത്തുന്ന മൂന്നുതരം ചൈനീസ് കപ്പലുകളെക്കുറിച്ച് ഇബ്ൻ ബത്തൂത്ത വിവരിക്കുന്നു. *ജങ്ക്സ്* വലിയ കപ്പലുകളായിരുന്നു, *സാവു* ഇടത്തരം കപ്പലുകളും. *കകം* ചെറിയ കപ്പലുകളായിരുന്നു. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിലെ ചൈനീസ് *ജങ്കുകൾ* സാങ്കേതികമായി ആ കാലഘട്ടത്തിലെ ഏറ്റവും മികച്ച കപ്പലുകളായിരുന്നു.

### കേരളത്തിൽ നിന്ന് ധാരാളമായി ചൈനീസ് കളിമൺപാത്രങ്ങൾ കണ്ടെത്തിയത് എന്തുകൊണ്ട്? (*Why Chinese ceramics found in abundance in Kerala?*)

പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ ഇറക്കുമതി മൂലം ചൈനയിലെ സ്വർണത്തിനും വെള്ളിക്കും ഗണ്യമായ ശോഷണം സംഭവിക്കുകയും അതിനാൽ സുങ് രാജവംശത്തിലെ രാജാക്കന്മാർ വിദേശ വ്യാപാരത്തിനായി സ്വർണവും വെള്ളിയും ഉപയോഗിക്കുന്നത് നിരോധിക്കുകയും ചെയ്തു. അതിനു പകരം പട്ടും മൺപാത്രങ്ങളും കൈമാറ്റം ചെയ്യുവാൻ ഉത്തരവിട്ടു. കേരളതീരത്തുള്ള ചൈനീസ് വ്യാപാര കേന്ദ്രങ്ങളിൽ നിന്ന് ധാരാളമായി ചൈനീസ് മൺപാത്രങ്ങൾ ലഭിക്കുന്നതിന്റെ കാരണം ഇതാണ്.

ചെറിയ പ്രാദേശങ്ങളുടെ സംഘാടനത്തിൽ അധിഷ്ഠിതമായിരുന്നു. ഇവയ്ക്കു മുകളിൽ ഒരു മാതൃദായക കൂട്ടുകുടുംബം തങ്ങളുടെ പരമ്പരാഗതമായ രാഷ്ട്രീയ, നീതിന്യായ അധികാരങ്ങൾ പ്രയോഗിച്ചിരുന്നു. ഓരോ മാതൃദായക കുടുംബത്തിനും *താവഴി* അഥവാ *കൂറ്* എന്നറിയപ്പെട്ടിരുന്ന വ്യത്യസ്ത മാതൃവംശപരമ്പരകൾ ഉണ്ടായിരുന്നു. ഈ മാതൃദായക വംശപരമ്പരയിലെ (*കൂറ്*) ഏറ്റവും മൂത്ത അംഗം (*മൂപ്പ്*) ആ സ്വരൂപത്തിന്റെ തലവൻ ആയി മാറും. ഈ കീഴ്വഴക്കം *കൂറുവാഴ്ച* അഥവാ *മൂപ്പ്മുറ* എന്നറിയപ്പെട്ടു. ഓരോ വംശാവലിക്കും *കോവിലകങ്ങൾ* അഥവാ *കൂലകങ്ങൾ* എന്നറിയപ്പെട്ടിരുന്ന ഭരണകേന്ദ്രം ഉണ്ടായിരുന്നു. വിവിധ താവഴികൾ തമ്മിൽ *മൂപ്പ്മുറയെ* ച്ചൊല്ലി കലഹങ്ങൾ ഉണ്ടായിരുന്നതിന് തെളിവുകളുണ്ട്, പ്രത്യേകിച്ചും *പെരുമ്പടപ്പ് സ്വരൂപം*, *കോലസ്വരൂപം* തുടങ്ങിയവയിൽ. ഇതിൽ വളരെ തന്ത്രപരമായി പോർച്ചുഗീസുകാരെയും ഡച്ചുകാരെയും പോലുള്ള യൂറോപ്യൻ ശക്തികൾ ഇടപെട്ടു.

*സ്വരൂപങ്ങൾ*, *ആയിരത്തവർ*, *പതിനായിരത്തവർ*, *പടനായർ* തുടങ്ങിയ സേനാവിഭാഗങ്ങളെ നിലനിർത്തിയിരുന്നു. അവർക്ക് കുടുംബദൈവങ്ങളും ഉണ്ടായിരുന്നു. *സ്വരൂപത്തിന്റെ* സവിശേഷതകളിൽ പ്രധാനപ്പെട്ടതായിരുന്നു *അരിയിട്ടുവാഴ്ച*, *ഹിരണ്യഗർഭം* എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന മൂത്ത അംഗത്തിന്റെ വിപുലമായ കിരീടധാരണ ചടങ്ങുകൾ. കിരീടധാരണ സമയത്ത് സ്വീകരിച്ചിരുന്ന ഗംഭീരമായ സ്ഥാനപ്പേരുകൾ ആണ് (അഭിഷേക നാമങ്ങൾ) മറ്റൊരു സവിശേഷത.

ഒപ്പം ബ്രാഹ്മണരുടെ *സങ്കേതവും* ക്ഷേത്രങ്ങളും ഈ കാലഘട്ടത്തിൽ കൂടുതൽ ജനപ്രീതി നേടി. ഒരു ബ്രാഹ്മണ ക്ഷേത്രത്തിനു ചുറ്റുമായി സംഘടിപ്പിക്കപ്പെട്ട ധാരാളം ഗ്രാമങ്ങൾ അടങ്ങിയ അർധ സ്വയംഭരണ പ്രദേശമാണ് *സങ്കേതം*. രണ്ടുതരം *സങ്കേതങ്ങൾ* ഉണ്ടായിരുന്നു, ബ്രാഹ്മണ ഭൂജന്മി സ്ഥാപിക്കുന്നവയും ഭരണാധികാരികൾ ദൈവങ്ങളോടും ബ്രാഹ്മണരോടും ഉള്ള അവരുടെ ഭക്തിയുടെ പ്രതീകമായി സ്ഥാപിക്കുന്നവയും. മിക്ക *സങ്കേതങ്ങളും* *യോഗം* എന്നറിയപ്പെട്ടിരുന്ന ഒരു ബ്രാഹ്മണ സമിതിയാണ് ഭരിച്ചിരുന്നത്.

എന്നുവരികിലും സ്വരൂപങ്ങളുടെയും സങ്കേതങ്ങളുടെയും വികാസം കേരളത്തിൽ വിവിധ തരത്തിലുള്ള

### സങ്കേതം *(Sanketam)*

മധ്യകാല കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ *സങ്കേതം* നിലനിന്നിരുന്നു. രാജാക്കന്മാരുടെ ബാഹ്യമായ നിയന്ത്രണത്തിൽ നിന്നും മുക്തമായ സ്വതന്ത്ര റിപ്പബ്ളിക്കുകളായിരുന്നു അവയെന്നാണ് കെ.പി പദ്മനാഭ മേനോൻ കരുതിയത്. എന്നാൽ *വഞ്ഞേരി ഗ്രന്ഥവരി* പറയുന്നത് അവരുടെ യോഗം സ്ഥാപിക്കൽ, അവരുടെ പ്രദേശത്തെ ക്രമസമാധാനം പാലിക്കൽ എന്നിവ ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും സങ്കേതങ്ങൾ സമീപത്തുള്ള മുഖ്യന്മാരെ ആശ്രയിച്ചിരുന്നു എന്നാണ്. *ചങ്ങാതം (Changatam)* എന്നറിയപ്പെട്ടിരുന്ന പ്രാദേശിക ആയോധന വിഭാഗമാണ് *സങ്കേതങ്ങളുടെ* വസ്തു വകകളുടെ സംരക്ഷണം നിർവഹിച്ചിരുന്നത്. സംരക്ഷണത്തുക (*രക്ഷാഭോഗം* അഥവാ *കാവൽപ്പണം*) എന്ന പേരിൽ ഉത്പാദനത്തിന്റെ ഒരു പങ്ക് സ്വീകരിക്കാൻ അവർക്ക് അവകാശമുണ്ടായിരുന്നു.

### ➲ ചർച്ച ചെയ്യുക...

മധ്യകാല കേരളത്തിൽ നിലനിന്നിരുന്ന *സ്വരൂപം*, *സങ്കേതം* എന്നിവയുടെ സവിശേഷതകൾ ചർച്ച ചെയ്യുക.

ഭൂവുടമസ്ഥാവകാശങ്ങളുടെ വളർച്ചയ്ക്ക് വഴിതെളിച്ചു. ഇതാകട്ടെ ഭക്ഷ്യവിളകളുടെയും നാണ്യവിളകളുടെയും കൃഷി വർധിപ്പിക്കുകയും അതേസമയം ജാതി സമ്പ്രദായം നിയന്ത്രിച്ചിരുന്ന കേരളത്തിന്റെ കാർഷിക ബന്ധങ്ങളിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

## ഭൂവുടമസ്ഥാവകാശങ്ങളുടെയും കാർഷിക ബന്ധങ്ങളുടെയും വളർച്ച (Growth of landholding rights and agrarian relations)

പെരുമാളനന്തരകാലഘട്ടം ഗണ്യമായ മാറ്റങ്ങളോടെയുള്ള ആദ്യ മധ്യകാല ഭൂവുടമസ്ഥാവകാശങ്ങളുടെ തുടർച്ചയ്ക്കും പുതിയ ഭൂവുടമസ്ഥാവകാശങ്ങളുടെ ഉയർച്ചയ്ക്കും സാക്ഷ്യം വഹിച്ചു. *ബ്രഹ്മസ്വം, ദേവസ്വം, ചേരിക്കൽ* എന്നീ ഭൂമികളുടെ മേലുള്ള ഉടമസ്ഥാവകാശങ്ങളെ കൂടാതെ *ജന്മം, വെറുംപാട്ടം, കാണം, കുഴിക്കാണം* തുടങ്ങിയ പലതരത്തിലുള്ള പുതിയ ഭൂവുടമസ്ഥാവകാശങ്ങളും ഉരുത്തിരിഞ്ഞു വന്നു.

*ഗ്രന്ഥവരി*കളെപ്പോലെയുള്ള മധ്യകാല രേഖകളിൽ അടിക്കടി കാണുന്ന *ജന്മം*, യഥാർത്ഥത്തിൽ ഉൽപ്പാദന ഘടകങ്ങളുടെയും, ഉൽപ്പാദന പ്രക്രിയയുടെയും, വിതരണത്തിന്റെയും മേലുള്ള പരമ്പരാഗതമായ നാമമാത്ര അധികാരങ്ങളാണ്. വളരെ വ്യാപകമായി കാണപ്പെട്ട ഭൂമി കൈവശാവകാശം ആയിരുന്നു *വെറുംപാട്ടം* അഥവാ *കേവല പാട്ടം*. *കാണം* ആകട്ടെ ഭൂപണയത്തിലൂടെ നേടിയെടുത്ത മേൽനോട്ട അധികാരം അഥവാ നിയന്ത്രണാധികാരം ആണ്. പതിനെട്ടാം നൂറ്റാണ്ടിലെ കേരളത്തിൽ *ജന്മവും കാണവും* പ്രബലമായ ഉടമസ്ഥാവകാശങ്ങളായി മാറി. വയലിലോ പറമ്പിലോ ഉണ്ടായിരുന്ന മറ്റ് ഉടമസ്ഥാവകാശങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായി, *കുഴിക്കാണം* എന്നത് പറമ്പിൽ മാത്രമുള്ള ഉടമസ്ഥാവകാശം ആയിരുന്നു. ജന്മി-കുടിയാൻ ബന്ധങ്ങൾ ക്രമീകരിച്ചിരുന്നത് സാധാരണയായി *ഗ്രന്ഥവരി*കളിൽ കണ്ടുവരുന്ന പരമ്പരാഗത ആചാരങ്ങളും, നാട്ടുനടപ്പുകളുമായ *മര്യാദ, കീഴ്മര്യാദ, കീഴ്‌വഴക്കം* തുടങ്ങിയവയ്ക്ക് അനുസൃതമായായിരുന്നു. ഇത് ജന്മിയും കുടിയാനും സമൂഹത്തിലെ ഇതര വിഭാഗങ്ങളുമായുള്ള ആശ്രയത്വവും സേവന ബാധ്യതകളും ഉറപ്പാക്കി. കൊളോണിയൽ കാലഘട്ടത്തിൽ സ്ഥാപനവൽക്കരിക്കപ്പെട്ട ബ്രിട്ടീഷ് നിയമസംവിധാനം കേരളത്തിൽ നടപ്പിലാക്കുന്നത് വരെ ഈ സംവിധാനം സകല സാമൂഹ്യ ആചാരങ്ങളെയും ബന്ധങ്ങളെയും നിയന്ത്രിക്കുന്ന നിയമാവലിയായി തുടർന്നു.

പെരുമാൾമാരുടെ തിരോധാനത്തെത്തുടർന്ന് ഉടൻ തന്നെ, കാർഷികോൽപ്പാദന പ്രക്രിയയിൽ അടിസ്ഥാന മാറ്റങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല. ആയുധങ്ങളും ഉപകരണങ്ങളും ഉൽപ്പാദന പ്രക്രിയയും, കഴിഞ്ഞ നൂറ്റാണ്ടുകളിലേതുപോലെ തന്നെ ഏറെക്കുറെ മാറ്റമില്ലാതെ തുടർന്നു. ഭൂവുടമയെ ഏറ്റവും

മുകളിൽ പ്രതിഷ്ഠിക്കുന്ന ഭൂവുടമസ്ഥാവകാശങ്ങളുടെ ഒരു ശ്രേണി തന്നെ വികസിച്ചുവന്നു. ഏറ്റവും മുകളിൽ ഭൂവുടമയും ഭൂവുടമയ്ക്ക് കീഴിൽ തട്ടുകളായി *കുടിയാന്മാരും*, ഏറ്റവും താഴെ, യഥാർഥത്തിൽ ഭൂമിയിൽ പണിയെടുത്തിരുന്ന തൊഴിലാളി വിഭാഗമായ *അടിയാർ* അഥവാ *ആളടിയാർ*മാരും ഉണ്ടായിരുന്നു. ഈ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിലുള്ള ബന്ധം നിയന്ത്രിച്ചിരുന്നത് കർക്കശമായ ജാതിനിയമങ്ങൾ ആയിരുന്നു. ജാതിശ്രേണിയെ അടിസ്ഥാനമാക്കിയുള്ള *ശുദ്ധി, അശുദ്ധി* എന്നീ സങ്കല്പങ്ങൾ ഈ കാലഘട്ടത്തിൽ വളരെ പ്രാമുഖ്യം നേടി. അടിച്ചമർത്തപ്പെട്ട വിഭാഗക്കാർ അശുദ്ധജാതി വിഭാഗങ്ങളായി കണക്കാക്കപ്പെടുകയും അവർ ഉയർന്ന ജാതിക്കാരുമായി നിശ്ചിത അകലം പാലിക്കാൻ നിർബന്ധിതരാകുകയും ചെയ്തു.

## ഗ്രന്ഥവരി *(Granthavari)*

മധ്യകാല കേരളചരിത്രത്തെ സംബന്ധിച്ച തെളിവുകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഗ്രന്ഥവരികൾ. ക്ഷേത്രങ്ങളുടെയും കൊട്ടാരങ്ങളുടെയും കൈമാറ്റം സംബന്ധിച്ച രേഖകളുടെ ഒരു സമാഹാരമാണിത്. തിരുവിതാംകൂറിലെ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഗ്രന്ഥവരിയായ മതിലകം ഗ്രന്ഥവരി, കൊച്ചിയിലെ പെരുമ്പടപ്പ് ഗ്രന്ഥവരി, കോഴിക്കോട്ടെ സാമൂതിരിമാരുടെ കോഴിക്കോട് ഗ്രന്ഥവരി എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

ഭൂമി പ്രധാനമായും കൈവശം വെച്ചിരുന്നത് ബ്രാഹ്മണർ, ക്ഷേത്രങ്ങൾ, അബ്രാഹ്മണർ എന്നിവരായിരുന്നു. ഭൂപ്രഭുക്കളുടെ കണക്കെഴുത്തിനും അതുപോലുള്ള മറ്റു ജോലികൾക്കുമായി നിയമിതരായ പ്രൗഢരായ ഉദ്യോഗസ്ഥരായ *കണക്ക്, മേനോൻ, കാര്യക്കാർ, പിള്ളമാർ, മാടമ്പികൾ, സർവാധികാര്യക്കാർ* എന്നിവരും ബ്രാഹ്മണരോടും മറ്റ് ഭരണമുഖ്യൻമാരോടും ബന്ധപ്പെട്ട ആയോധന വിഭാഗങ്ങളായ *നായന്മാർ, കുറുപ്പ്, നമ്പ്യാർ* തുടങ്ങിയവരും *ജന്മം, കാണം* ഭൂമികൾ കൈവശം വച്ചു. ഇവരിൽ ചിലരായ തിരുവിതാംകൂറിലെ *മാടമ്പിമാരും, പിള്ളമാരും,* കൊച്ചിയിലെ പാലിയത്ത് കോമിയച്ചനും മലബാറിലെ കവളപ്പാറ-കൂടാളി നായന്മാരും ചുഴലി നമ്പ്യാർ തുടങ്ങിയവരും പ്രബലരായ ഭൂവുടമകളായി മാറി. ഈ വിഭാഗങ്ങൾ ജാതിശ്രേണിയിൽ ഉയർന്ന പദവി അനുഭവിച്ചിരുന്നു. പരമ്പരാഗതമായി കള്ളുചെത്തുകാരായിരുന്ന ഈഴവരിൽ ചിലരും വയലുകൾ പാട്ടത്തിനെടുത്തിരുന്നെങ്കിലും സാമ്പത്തികസ്ഥിതിയുടെ വളർച്ചയനുസരിച്ച് അവരുടെ സാമൂഹ്യസ്ഥിതി മെച്ചപ്പെട്ടില്ല. എന്നിരുന്നാലും എല്ലാ നായന്മാരും ഈഴവരും ഭൂവുടമകളായിരുന്നു എന്ന് ഇത് അർഥമാക്കുന്നില്ല. നായന്മാരിലെയും ഈഴവരിലെയും ഒരു വിഭാഗം ഉൽപ്പാദകവർഗമായ കുടിയാന്മാരിൽ ഉൾപ്പെട്ടിരുന്നു. അവർക്ക് ഭൂമിയിൽ യാതൊരവകാശവും ഉണ്ടായിരുന്നില്ല. ഉൽപ്പാദന പ്രക്രിയയിൽ നിയന്ത്രണം മാത്രം ഉണ്ടായിരുന്ന ഇവർ *മേൽവാരം, മേലോടി, പാട്ടം* എന്നീ പേരുകളിൽ അറിയപ്പെട്ട, ഉൽപ്പാദനത്തിന്റെ ഒരു പങ്ക് ഭൂവുടമയ്ക്ക് നൽകണമായിരുന്നു.

## *ജന്മം, വെറുംപാട്ടം, ഒറ്റി അഥവാ കാണം, കുഴിക്കാണം* (Janmam, Verumpattam, Otti or Kanam and Kuzhikkanam)

***ജന്മം (Janmam):*** ഭൂമിയിൽ പരമ്പരാഗതമായ ജന്മാവകാശമായി നേരിട്ടുള്ള ഉടമസ്ഥാവകാശമാണ് *ജന്മം*, ഇതിന്റെ ഉടമസ്ഥനെ *ജൻമി* എന്നു വിളിക്കുന്നു. ക്ഷേത്രങ്ങൾ, ബ്രാഹ്മണർ ഭരണ കുടുംബത്തിലെ അംഗങ്ങൾ തുടങ്ങിയ ജന്മിമാർക്ക് സമ്പൂർണ കൈവശാവകാശത്തോടെ (*അട്ടിപ്പേര്*) ഭൂമി ദാനമായി ലഭിക്കുകയും ഒപ്പം ജലം ദാനമായി ലഭിക്കുകയും (*നീർ അട്ടിപ്പേര്/ നീർ അട്ടികൊടുത്ത്*) ചെയ്തു. ഇത് പിൽക്കാലത്ത് പരമ്പരാഗത ഉടമസ്ഥാവകാശം ആയി മാറ്റപ്പെട്ടു.

***വെറുംപാട്ടം (Verumpattam):*** *വെറുംപാട്ടം* അഥവാ കേവല പാട്ടം ഏറ്റവും വ്യാപകമായ ഭൂമി കൈവശാവകാശങ്ങളിൽ ഒന്നായിരുന്നു. ഭൂരിഭാഗം കുടിയാന്മാരും കേവല പാട്ടക്കാർ ആയിരുന്നു. *പാട്ടം* എടുത്തവർ നൽകുന്ന വാടക അഥവാ പാട്ടം ഉൽപാദനത്തിന്റെ ഒരു പങ്ക് ആയി നിർണയിച്ചിരുന്നു.

***കാണം (Kanam):*** പതിനാറാം നൂറ്റാണ്ടിനും പതിനെട്ടാം നൂറ്റാണ്ടിനും ഇടയിൽ സംഭവിച്ച പ്രധാനപ്പെട്ട മാറ്റം പാട്ട - പണയാധാര വ്യവസ്ഥയുടെ വളർച്ചയായിരുന്നു. മധ്യകാലഘട്ടത്തിലെ ആദ്യനാളുകളിൽ പോലും നിലനിന്നിരുന്ന *കാണം* അഥവാ *ഒറ്റി* എന്നറിയപ്പെട്ടിരുന്ന പണയാധാര വ്യവസ്ഥയിൽ ഒരു നിശ്ചിതസംഖ്യ നേരത്തെ ഈടായി നൽകിക്കൊണ്ട് ഒരു നിശ്ചിത കാലത്തേക്ക് ഭൂവിനിയോഗ അവകാശമോ സേവനമോ കരസ്ഥമാക്കുന്നതായിരുന്നു *കാണം*. *കാണം* കയ്യിൽ വയ്ക്കുന്നയാൾ ഭൂമിയുടെ വിലയുടെ മൂന്നിലൊന്നോ നാലിലൊന്നോ ഈടായി നൽകണമായിരുന്നു, അവർക്ക് ഭൂമി വിൽക്കാൻ യാതൊരവകാശവും ഉണ്ടായിരുന്നില്ല. *കാണം* ഉടമസ്ഥൻ കൊടുക്കുന്ന ഈട് തുകയുടെ പലിശ ഭൂമിയുടെ വാടകയിൽ കിഴിക്കുകയും ബാക്കി വരുന്ന തുക *മിച്ചവാരം* എന്ന പേരിൽ ശേഖരിക്കുകയും ചെയ്തിരുന്നു. ആദ്യകാലത്ത് ഭൂമി ഒറ്റി നൽകിയിരുന്നത് മൂന്ന് മുതൽ പന്ത്രണ്ട് വർഷത്തേക്കായിരുന്നു, എന്നാൽ പതിനെട്ടാം നൂറ്റാണ്ടോടെ ഇത് മുപ്പത്തിയാറ് മുതൽ നാൽപത്തിയെട്ട് വർഷം വരെ നീട്ടി. കൊച്ചി മലബാർ പ്രദേശത്ത് ഒറ്റിയോടൊപ്പം തന്നെ ഭൂമി *പണയം* വയ്ക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ വിവിധതരം ഒറ്റികൾ ശാശ്വത ഭൂവുടമസ്ഥാവകാശങ്ങളായി മാറാനാരംഭിച്ചു. തിരുവിതാംകൂറിൽ നിലനിന്നിരുന്ന *ചോര ഒറ്റി* അഥവാ ശാശ്വത ഒറ്റി ഇത് സൂചിപ്പിക്കുന്നു. *ചോര ഒറ്റി* ഭൂമികൾ ഒറ്റിയെടുത്ത ആളിന് *കുടി ജന്മ*മായി (താമസക്കാരന്റെ ജന്മാവകാശം) മാറുന്നു. ഇത് മറ്റ് വ്യക്തികൾക്ക് കൈമാറാനും കഴിയുമായിരുന്നു.

***കുഴിക്കാണം (Kuzhikkanam):*** പതിനാറാം നൂറ്റാണ്ടിലെ രേഖകളിൽ കണ്ടു തുടങ്ങിയതും പതിനെട്ടാം നൂറ്റാണ്ടിൽ വ്യാപകമായതുമായ കുഴിക്കാണമായിരുന്നു മറ്റൊരു ഭൂവുടമസ്ഥാവകാശ രീതി. പുതുതായി കൃഷിക്ക് ഉപയുക്തമാക്കിയ പ്രദേശങ്ങളുടെമേലോ പുതുതായി നട്ടുപിടിപ്പിച്ച മരങ്ങളിൻമേലോ ഉള്ള ഉടമസ്ഥ അവകാശമാണ് *കുഴിക്കാണം*. ഇതിൽ തുടക്ക സമയത്ത് പാട്ടത്തുകയിൽ ഒരു ഭാഗം ഇളവ് അനുവദിച്ചിരുന്നു.

അടിയാന്മാരെക്കാളും ഉയർന്ന സാമൂഹ്യ-സാമ്പത്തിക പദവി കൈത്തൊഴിലുകാർക്കും അതുപോലുള്ള തൊഴിൽ വിഭാഗങ്ങൾക്കും ഉണ്ടായിരുന്നു. ആശാരിമാർ, കല്ലാശാരിമാർ, സ്വർണപ്പണിക്കാർ, മറ്റ് ലോഹപ്പണിക്കാർ എന്നിവരുടെ സേവനം ക്ഷേത്രങ്ങളും ഭരണ കുടുംബങ്ങളും ഉപയോഗപ്പെടുത്തിയിരുന്നു. ക്രിസ്ത്യൻ, മുസ്‌ലീം സമുദായക്കാർ മുഖ്യമായും വ്യാപാരികൾ ആയി തുടർന്നെങ്കിലും കൃഷിയിലും ഇടപെട്ടു തുടങ്ങി. പതിനെട്ടാം നൂറ്റാണ്ടിലെ രേഖകൾ വെളിപ്പെടുത്തുന്നത് ഈ സമുദായക്കാർ ഭൂവുടമകളായി മാറിത്തുടങ്ങി എന്നാണ്. തിരുവിതാംകൂറിലെ മുസ്‌ലീങ്ങളും ക്രിസ്ത്യാനികളും നാണ്യവിളകൾ കൃഷി ചെയ്യുന്ന ഭൂമി കൈവശം വച്ചപ്പോൾ തെക്കെ മലബാറിലെ മുസ്‌ലീങ്ങൾ പ്രധാനമായും കുടിയാന്മാരായിരുന്നു. എന്നിരുന്നാലും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിലെ ഭൂബന്ധങ്ങളിൽ മാറ്റങ്ങൾ വന്നു. ഈ മാറ്റങ്ങൾ പരിശോധിക്കുന്നതിന് മുമ്പ് കേരളത്തിലേക്കുള്ള ആദ്യകാല യൂറോപ്യൻ കടന്നുകയറ്റം പരിശോധിക്കേണ്ടത് അനിവാര്യമാണ്.

**➲ ചർച്ച ചെയ്യുക...**

ആധുനിക പൂർവ കേരളചരിത്രത്തിലെ *ജന്മം, കാണം, മര്യാദ,* ബന്ധങ്ങളുടെ വിശദവിവരങ്ങൾ ചർച്ച ചെയ്യുക.

## യൂറോപ്യരുടെ ആഗമനം (Advent of Europeans)

1498 ൽ കോഴിക്കോടിനടുത്തുള്ള കാപ്പാട്, വാസ്കോഡഗാമ എത്തിച്ചേർന്നത് കേരളത്തിന്റെ വാണിജ്യ ചരിത്രത്തിൽ പുതിയ യുഗത്തിന്റെ തുടക്കമായിരുന്നു. ഏഷ്യയുടെ ചരിത്രത്തിലെ "വാസ്കോഡഗാമ യുഗ" ത്തിന്റെ തുടക്കം എന്ന് കെ എം പണിക്കർ വിളിച്ച ഇത് ഏകദേശം അഞ്ച് നൂറ്റാണ്ടുകളോളം നീണ്ടുനിന്ന യൂറോപ്യൻ ആധിപത്യ യുഗത്തിന് തുടക്കം കുറിച്ചു. *കേപ്പ് ഓഫ് ഗുഡ്ഹോപ്പ്* വഴി കേരളത്തിലേക്ക് എത്തിച്ചേർന്ന ആദ്യത്തെ യൂറോപ്യൻ ശക്തിയായിരുന്നു പോർച്ചുഗീസുകാർ. പോർച്ചുഗീസുകാർ മലബാർ വ്യാപാരത്തിൽ അറബികൾക്ക് ഉണ്ടായിരുന്ന കുത്തക നശിപ്പിക്കുകയും *കാർട്ടസ് (Cartaz)* വ്യവസ്ഥ നടപ്പാക്കിയതിലൂടെ ഇന്ത്യൻ മഹാസമുദ്രത്തിലെ വ്യാപാരക്കുത്തക സ്വന്തമാക്കുകയും ചെയ്തു. അവർ കോഴിക്കോട്, കണ്ണൂർ, കൊച്ചി, കൊല്ലം എന്നിവിടങ്ങളിലെ ഭരണാധികാരികളുമായി വ്യാപാര ഉടമ്പടികളിൽ ഏർപ്പെടുകയും പതിനേഴാം നൂറ്റാണ്ടിന്റെ അവസാനം ഡച്ചുകാർ ശക്തരായി മാറുന്നതുവരെ പൗരസ്ത്യ വ്യാപാരം കുത്തകയായി വയ്ക്കുകയും ചെയ്തു. 1604 ൽ ഒരു ഡച്ച് കപ്പൽപ്പട കോഴിക്കോട് എത്തിച്ചേരുകയും സാമൂതിരിയുമായി കരാറിൽ ഏർപ്പെടുകയും കോഴിക്കോട് തുറമുഖത്ത് ഒരു കോട്ട സ്ഥാപിക്കുകയും ചെയ്തു. അവർ മധ്യകേരള

ത്തിലെ പുറക്കാട്, കായംകുളം എന്നിവിടങ്ങളിലെ മുഖ്യന്മാരുമായും കരാറിൽ ഏർപ്പെടുകയും പ്രധാനമായും കരുമുളകും ഇഞ്ചിയും ശേഖരിക്കുകയും ചെയ്തു. പോർച്ചുഗീസുകാരെ പരാജയപ്പെടുത്തി കൊല്ലത്ത് അവർ വ്യാപാരക്കുത്തക സ്ഥാപിച്ചു. കന്യാകുമാരിയിലെ കുളച്ചലിലും ഡച്ചുകാർ അധികാര കേന്ദ്രം സ്ഥാപിച്ചു. പിന്നീട് തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന മാർത്താണ്ഡവർമ്മ ഇവിടം കോട്ട കെട്ടി സംരക്ഷിച്ചു. ഇത് പിടിച്ചെടുക്കാനുള്ള ഡച്ചുകാരുടെ ശ്രമങ്ങൾ 1741 ലെ കുളച്ചൽ യുദ്ധത്തിലേക്ക് നയിച്ചു. കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാർക്കേറ്റ പരാജയം ഇന്ത്യയുടെ തെക്ക് പടിഞ്ഞാറ് തീരപ്രദേശത്ത് അവരുടെ ശക്തി ക്ഷയിക്കുന്നതിനിടയാക്കി.

പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലീഷുകാർ കേരളത്തിൽ എത്തിച്ചേർന്നു. ക്യാപ്റ്റൻ കീലിംഗ് സാമൂതിരിയുമായി ഒരു ഉടമ്പടിയിൽ എത്തിച്ചേരുകയും അതിൻപ്രകാരം മധ്യകേരളത്തിൽ നിന്ന് പോർച്ചുഗീസുകാരെ തുരത്താൻ സാമൂതിരിയുടെ സഹായം ഉറപ്പാക്കുകയും ചെയ്തു. അവർ ആദ്യമായി കൊച്ചിയിൽ നിന്ന് ഇംഗ്ലണ്ടിലേക്ക് കുരുമുളക് കയറ്റുമതി ചെയ്തു. കൂടാതെ വേണാട് രാജാവിൽ നിന്ന് വിഴിഞ്ഞത്ത് ഒരു പാണ്ടികശാല സ്ഥാപിക്കാൻ അനുവാദം വാങ്ങുകയും ചെയ്തു. ആറ്റിങ്ങൽ, അഞ്ചുതെങ്ങ്, തലശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിലും ഇത്തരത്തിലുള്ള പാണ്ടികശാലകൾ സ്ഥാപിച്ചു. കുരുമുളകിലും മറ്റു സുഗന്ധവ്യഞ്ജനങ്ങളിലും മാത്രമല്ല തെക്കേ ഇന്ത്യയുടെ കിഴക്ക് പടിഞ്ഞാറ് തീരങ്ങളിൽ നിന്ന് അടിമകളെ കയറ്റുമതി ചെയ്യുന്നതിലും താൽപ്പര്യം ഉണ്ടായിരുന്ന ഫ്രഞ്ചുകാരായിരുന്നു മറ്റൊരു സാമ്രാജ്യത്വ ശക്തി. വടകരയിലെ ഭരണാധികാരിയിൽ നിന്ന് മാഹിയിൽ വ്യാപാരം നടത്തുന്നതിന് അവർ അനുമതി സമ്പാദിച്ചു. അങ്ങനെ വാണിജ്യാധിപത്യത്തിന് ശ്രമിക്കുന്ന വ്യത്യസ്ത യൂറോപ്യൻ ശക്തികളുടെ യുദ്ധഭൂമിയായി കേരളം മാറി.

### *പോർച്ചുഗീസുകാരുടെ കാർട്ടസ് (Cartaz of Portuguese)*

ഇന്ത്യയുടെ ഏതെങ്കിലും ഭാഗങ്ങളുമായി മറ്റു കപ്പലുകൾ വ്യാപാരം നടത്തുന്നത് തടയുന്നതിനു വേണ്ടി പോർച്ചുഗീസ് ഉദ്യോഗസ്ഥർ നൽകിയ ഒരു പാസ് ആണ് *കാർട്ടസ്*. ഓരോ ഏഷ്യൻ വ്യാപാരക്കപ്പലും തങ്ങളുടെ ചരക്കുകൾ കടത്തുന്നതിന് പോർച്ചുഗീസുകാർക്ക് ഒരു നിശ്ചിത സംഖ്യ കരം നൽകി *കാർട്ടസ്* (പാസ്) സ്വന്തമാക്കണമായിരുന്നു. *കാർട്ടസിൽ* കപ്പലിന്റെ വലുപ്പം, കപ്പിത്താന്റെയും ജീവനക്കാരുടെയും വിവരങ്ങൾ, ചരക്കിന്റെ വിവരങ്ങൾ, എത്തിച്ചേരുന്ന തുറമുഖം എന്നീ വിവരങ്ങൾ ഉണ്ടായിരുന്നു. *കാർട്ടസ്* വാങ്ങാത്ത കപ്പലുകൾ കണ്ടുകെട്ടി ജീവനക്കാരെ കൊല്ലുകയോ കപ്പലുകളിൽ അടിമകളാക്കുകയോ ചെയ്തിരുന്നു.




എന്നിരുന്നാലും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തങ്ങളുടെ ശത്രുശക്തികളെയെല്ലാം തുരത്തി കേരളത്തിൽ മേൽക്കോയ്മ സ്ഥാപിക്കാൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞു. എന്നാൽ മുകളിൽ പറഞ്ഞ എല്ലാ യൂറോപ്യൻ

## കുഞ്ഞാലിമരയ്ക്കാർമാർ (Kunjali Marakkars)

കോഴിക്കോട് സാമൂതിരിയുടെ നാവിക പടത്തലവൻമാരായിരുന്നു മരയ്ക്കാർമാർ. അവർ പോർച്ചുഗീസുകാർക്കെതിരെ ഗറില്ലാ (ഒളിപ്പോര്) യുദ്ധമുറകൾ സ്വീകരിച്ചു. കുഞ്ഞാലി I, കുഞ്ഞാലി II, കുഞ്ഞാലി III, കുഞ്ഞാലി IV എന്നിങ്ങനെ നാല് കുഞ്ഞാലിമാർ ഉണ്ടായിരുന്നു. പോർച്ചുഗീസുകാർക്കെതിരെയുള്ള യുദ്ധത്തിലെ യഥാർഥ വീരൻ കുഞ്ഞാലി നാലാമൻ ആയിരുന്നു. എന്നാൽ അദ്ദേഹത്തെ പിടിക്കൂടി തടവിലാക്കുന്നതിൽ പോർച്ചുഗീസുകാർ വിജയിച്ചു. 1600 ൽ ഗോവയിൽ വച്ച് അദ്ദേഹത്തെ വധിക്കുകയും ചെയ്തു.



വടകര, കോട്ടക്കലിൽ ഇന്ത്യൻ നാവികസേന ഉയർത്തിയ കുഞ്ഞാലിമരക്കാർ സ്മാരകം.

## ആറ്റിങ്ങൽ കലാപം (Attingal Revolt)

ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത ജനകീയ ചെറുത്തുനിൽപ്പാണ് ആറ്റിങ്ങൽ കലാപം. തദ്ദേശീയരായ ജനങ്ങൾ ബ്രിട്ടീഷ് പാണ്ടികശാല ആക്രമിക്കുകയും 140 ഈസ്റ്റിന്ത്യാ കമ്പനി പട്ടാളക്കാരെ കൊല്ലുകയും അഞ്ചുതെങ്ങ് കോട്ട പിടിച്ചെടുക്കുകയും ചെയ്തു. വൻതോതിലെ അഴിമതിയും കുരുമുളക് വിലയിൽ കമ്പനി കാണിച്ച ക്രമക്കേടുകളുമാണ് ജനങ്ങളുടെ അമർഷത്തിന് പിന്നിലെ പ്രധാന കാരണങ്ങൾ. കൂടാതെ മാമൂൽ പ്രകാരം ആറ്റിങ്ങൽ റാണിക്ക് നൽകി വന്നിരുന്ന പാരിതോഷികം പ്രാദേശിക ഫ്യൂഡൽ പ്രഭുക്കളായ പിള്ളമാരിലൂടെ എത്തിക്കാൻ വിസമ്മതിച്ച ഇംഗ്ലീഷുകാർ 1721 ഏപ്രിൽ 15 ന് 140 സൈനികരുടെ അകമ്പടിയോടെ അത് നേരിട്ട് റാണിക്ക് എത്തിക്കാൻ ശ്രമിച്ചു. പ്രദേശവാസികൾ ഇതിനെതിരെ തിരിയുകയും സൈന്യത്തെ മുഴുവൻ നശിപ്പിച്ച് കോട്ട പിടിച്ചെടുക്കുകയും ചെയ്തു.

## കുളച്ചൽ യുദ്ധം ( Battle of Colachal)

മാർത്താണ്ഡവർമ്മ ഡച്ചുകാർക്കെതിരെ ആക്രമണങ്ങളുടെ ഒരു നിരതന്നെ അഴിച്ചുവിട്ടു. സിലോണിൽ നിന്ന് പീരങ്കിപ്പടയുമായി ഒരു ഡച്ച് സൈന്യം കുളച്ചലിൽ എത്തിച്ചേരുകയും കോട്ടാർ വരെയുള്ള തിരുവിതാംകൂർ പ്രദേശങ്ങൾ പിടിച്ചെടുക്കുകയും മാർത്താണ്ഡ വർമ്മയുടെ തലസ്ഥാനമായ കൽക്കുളത്തേക്ക് നീങ്ങുകയും ചെയ്തു. ഇത് മാർത്താണ്ഡവർമ്മയും ഡച്ചുകാരും തമ്മിൽ 1741 ആഗസ്റ്റ് 10ന് കുളച്ചലിൽ വച്ച് ഏറ്റുമുട്ടുന്നതിനും ഡച്ചുകാരുടെ പരാജയത്തിനും കാരണമായി. ക്യാപ്റ്റൻ ഡിലനോയ് ഉൾപ്പെടെ അനവധി ഡച്ചുകാർ തടവുകാരായി പിടിക്കപ്പെട്ടു. ഡിലനോയി പിന്നീട് മാർത്താണ്ഡവർമ്മയുടെ സൈന്യത്തിന്റെ വലിയ കപ്പിത്താനായി മാറി.

### ചർച്ച ചെയ്യുക...

കോളനിവാഴ്ചയ്ക്കെതിരെ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകളുടെ പശ്ചാത്തലം ചർച്ച ചെയ്യുക.

കമ്പനികളും സാമ്രാജ്യത്വ അധിനിവേശത്തിനെതിരെയുള്ള തദ്ദേശീയരുടെ ചെറുത്തുനിൽപ്പുകളെ അഭിമുഖീകരിക്കേണ്ടിവന്നു. പോർച്ചുഗീസുകാർക്കെതിരെ കുഞ്ഞാലി മരയ്ക്കാരുടെയും ഡച്ചുകാർക്കെതിരെ മാർത്താണ്ഡവർമ്മയുടെയും ഇംഗ്ലീഷുകാർക്ക് എതിരെയുള്ള ആറ്റിങ്ങൽ റാണിയുടെയും ചെറുത്തു നിൽപ്പുകൾ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

## പതിനെട്ടാം നൂറ്റാണ്ടിലെ കേരളം (Kerala during the 18th century)

പതിനെട്ടാം നൂറ്റാണ്ട് തിരുവിതാംകൂർ കൊച്ചി, മലബാർ മേഖലകളിൽ വലിയ രാഷ്ട്രീയ-സാമ്പത്തിക മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 1729 ൽ മാർത്താണ്ഡവർമയുടെ സ്ഥാനാരോഹണം തിരുവിതാംകൂറിൽ ഒരു പുതുയുഗത്തിന് നാന്ദി കുറിച്ചു. ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ തിരുവിതാംകൂറിന്റെ സമ്പദ്‌വ്യവസ്ഥ വൻമാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ക്ഷേത്രക്കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്നും നിലങ്ങളിൽ നിന്ന് പിരിഞ്ഞു കിട്ടേണ്ട തുക ശരിയായി ശേഖരിച്ചിട്ടില്ലെന്നും മനസ്സിലാക്കിയ അദ്ദേഹം *കണ്ടെഴുത്ത്* എന്ന പേരിൽ ഒരു ഭൂസർവേക്ക് ഉത്തരവിട്ടു. ഈ ഭൂസർവേ, *ദേവസ്വം, ബ്രഹ്മസ്വം* ഭൂമികൾക്കും ബാധകമാക്കി. ക്ഷേത്ര കണക്കുകൾ പരിശോധിക്കുന്നതിനുള്ള ഒരു പദ്ധതിയും അദ്ദേഹം തയാറാക്കി. രാജ്യത്തിനെതിരെ കലാപം നടത്തിയ പിള്ളമാർ എന്ന പ്രഭുക്കന്മാരെ അദ്ദേഹം അമർച്ച ചെയ്തു. മാർത്താണ്ഡവർമ്മ അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടി. ഈ നടപടികൾ രാജകുടുംബത്തിന് സ്ഥിരവരുമാനം ഉറപ്പാക്കുകയും ക്ഷേത്രങ്ങൾക്കും പ്രഭുക്കന്മാർക്കും ഉള്ള ഓഹരികൾ ക്രമപ്പെടുത്തുകയും ചെയ്തു. ധാരാളം ഭൂപ്രദേശങ്ങൾ രാജ്യത്തിന്റെ ഭൂമി എന്ന അർഥം വരുന്ന *പണ്ടാരവക* എന്ന് അടയാളപ്പെടുത്തപ്പെട്ടു. *ദേവസ്വം, ബ്രഹ്മസ്വം, പണ്ടാരവക* എന്നിങ്ങനെ ഭൂമിയെ തരംതിരിച്ചു. കുരുമുളക്, ഉപ്പ്, പുകയില എന്നിവയുടെ വ്യാപാരത്തിന്മേൽ ഉണ്ടായിരുന്ന കുത്തക തിരുവിതാംകൂറിലെ സമ്പദ്‌വ്യവസ്ഥയെ സുസ്ഥിരമാക്കി.

അനവധി പ്രഭുക്കന്മാരുടെ കീഴിൽ കഷണങ്ങളായി വിഭജിക്കപ്പെട്ട് കിടന്ന കൊച്ചിയിലും മാറ്റങ്ങൾ സംഭവിച്ചു. മാർത്താണ്ഡവർമ്മ സ്വീകരിച്ച അതേ നയങ്ങൾ ഈ പ്രഭുക്കന്മാർക്കെതിരെ ശക്തൻ തമ്പുരാനും സ്വീകരിച്ചു. സമ്പന്നരായ പ്രഭുക്കന്മാരുടെ ഭൂമികൾ പിടിച്ചെടുത്തു. പതിനെട്ടാം നൂറ്റാണ്ടോടെ ഭൂസർവേ ആരംഭിച്ചു. വായ്മൊഴി അന്വേഷണങ്ങളുടെയും ഭൂവുടമകളുമായുള്ള വ്യക്തിപരമായ അഭിമുഖങ്ങളുടേയും അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കപ്പെട്ടു. കേട്ട വിവരണങ്ങളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ ഈ വ്യവസ്ഥ *കേട്ടെഴുത്ത്* എന്നറിയപ്പെട്ടു. ഇതേതുടർന്ന് നിർണയ ഉദ്യോഗസ്ഥന്മാർ ഭൂമി പരിശോധിക്കുകയും അളക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ധാരണയാവുകയും ചെയ്തു. എന്താണോ കണ്ടത് അതിന്റെ രേഖ

എന്നർഥമുള്ള *കണ്ടെഴുത്ത്* എന്ന് ഇത് അറിയപ്പെട്ടു. *കോറിലെകത്തുംവാതുക്കൽ* എന്നറിയപ്പെടുന്ന വലിയ റവന്യൂ ഘടകങ്ങളായി രാജ്യത്തെ വിഭജിച്ചു. ഭരണത്തിന്റെ അടിസ്ഥാന ഘടകം *പ്രവർത്തിക്കാരുടെ* കീഴിലുണ്ടായിരുന്ന ഗ്രാമങ്ങളാണ്. കേന്ദ്രീകൃതനയമാണ് ശക്തൻതമ്പുരാനും പിന്തുടർന്നത്. അങ്ങനെ ഈ രണ്ടു ഭരണാധികാരികളുടെ പ്രവൃത്തികൾ തിരുവിതാംകൂറിനെയും കൊച്ചിയെയും സാമ്രാജ്യത്വ കാലഘട്ടത്തിലെ പ്രബലമായ നാട്ടുരാജ്യങ്ങളാക്കി മാറ്റി. പതിനെട്ടാം നൂറ്റാണ്ടിലെ മലബാറിന്റെ ചരിത്രം തിരുവിതാംകൂറിന്റെയും കൊച്ചിയുടേയും ചരിത്രത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിലെ കേരളത്തിലെ സവിശേഷമാർന്ന രാഷ്ട്രീയ സാഹചര്യം മൈസൂർ ഭരണാധികാരികളെ മലബാർ ആക്രമിക്കുന്നതിന് പ്രേരിപ്പിച്ചു. പതിനെട്ടാം നൂറ്റാണ്ടിലെ ഹൈദരലിയുടെയും ടിപ്പു സുൽത്താന്റെയും ആക്രമണങ്ങൾ മലബാറിലെ കാർഷികബന്ധങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. യഥാർഥ ഉൽപ്പാദനത്തെ അടിസ്ഥാനമാക്കിയുള്ള പുതിയ റവന്യൂ പരിഷ്കാരം 1773 ൽ അവർ നടപ്പിൽ വരുത്തി. നികുതിയായി ഉൽപ്പാദനത്തിന്റെ ഒരുഭാഗം ഉദ്യോഗസ്ഥർ കർഷകരിൽ നിന്നും- പ്രധാനമായും *കാണക്കാരിൽ* നിന്ന്- നേരിട്ട് പിരിച്ചു. ജന്മിമാരുടെ ആധിപത്യത്തിന് അറുതിയാവുകയും കർഷകന്റെ അന്തസ്സ് വർധിക്കുകയും ചെയ്തു. പാടങ്ങൾക്കു മാത്രം നികുതി ഏർപ്പെടുത്തുകയും വരണ്ട ഭൂമികളും ക്ഷേത്രഭൂമികളും നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തു. ടിപ്പു സുൽത്താൻ അധികാരമേറ്റതിനു ശേഷം അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥനായിരുന്ന അർഷാദ് ബെഗ് ഖാൻ മലബാറിലെ എല്ലാ ഭരണാധികാരികളുമായും ഉടമ്പടികളിൽ ഏർപ്പെടുകയും, അതിൻപ്രകാരം വർഷം തോറും ഒരു നിശ്ചിത തുക മൈസൂർ ഭരണാധികാരികൾക്ക് നൽകേണ്ടതായി വരികയും ചെയ്തു. മിർ ഇബ്രാഹിമിന്റെ കീഴിൽ നടന്ന രണ്ടാം നികുതി പരിഷ്കാരത്തിൽ ഒന്നാം

### മാർത്താണ്ഡവർമ്മയുടെ കാലത്ത് കൈക്കൊണ്ട ഭരണപരിഷ്കാരങ്ങൾ *(Administrative measures during the period of Marthanda Varma)*

- *തൃപ്പടിദാനം:* 1750 ജനുവരി 3 ന് തിരുവിതാംകൂർ രാജ്യം കുലദൈവമായ ശ്രീപത്മനാഭന് സമർപ്പിച്ചത് മാർത്താണ്ഡവർമ്മയുടെ പ്രധാന പ്രവർത്തികളിൽ ഒന്നായിരുന്നു. ഈ പ്രവൃത്തിയിലൂടെ ആ ദേവൻ ഭൂമിയുടെ ഉടമസ്ഥൻ ആവുകയും രാജാവ് ഭൂമിയുടെ നിയന്ത്രകൻ ആവുകയും ചെയ്തു. രാജാവിനെതിരെ ഉയരുന്ന ഏതുതരത്തിലുള്ള കലാപങ്ങളും വിമർശനങ്ങളും ദൈവദോഷമായി പരിഗണിക്കപ്പെട്ടു.
- രാജ്യത്തെ വിവിധ റവന്യൂഘടകങ്ങളായി വിഭജിച്ചു. *പ്രവൃത്തിക്കാരുടെ* നേതൃത്വത്തിലുണ്ടായിരുന്ന ഗ്രാമമായിരുന്നു ഏറ്റവും താഴെയുള്ള ഭരണഘടകം. ഒരു കൂട്ടം ഗ്രാമങ്ങൾ ചേർന്നുണ്ടാകുന്ന *മണ്ഡപത്തുംവാതുക്കൽ*, ഒരു കാര്യസ്ഥന്റെ കീഴിലായിരുന്നു. തിരുവിതാംകൂർ ആകെ 20 *മണ്ഡപത്തുംവാതുക്കലായി* വിഭജിക്കുകയും വിവിധ *മുഖങ്ങൾ* (ഭാഗങ്ങൾ) ആയി സംഘടിപ്പിക്കുകയും ചെയ്തു.
- *പതിവുകണക്ക്* എന്നപേരിൽ ഒരു വാർഷിക ബഡ്ജറ്റിന് (ആയവ്യയഗണനപത്രം) അദ്ദേഹം രൂപം നൽകി.
- ഒരു സ്ഥിരം സൈന്യത്തിനും അദ്ദേഹം രൂപം കൊടുത്തു. സാധാരണ കൃഷിക്കാരുടെ ഇടയിൽ നിന്നാണ് സൈന്യത്തിലേക്ക് ആളിനെ എടുത്തിരുന്നത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അവരുടെ സേവന കാലമത്രയും *ഇരയിളി* എന്ന പേരിൽ നികുതിയിളവ് നൽകിയിരുന്നു. വിരമിക്കുമ്പോൾ *ഇരയിളി അടുത്തൂൺ* എന്ന പെൻഷനും നൽകിയിരുന്നു. തിരുവിതാംകൂർ സൈന്യത്തെ പരിശീലിപ്പിക്കുന്നതിന് വേണ്ടി അദ്ദേഹത്തിന് ഡച്ച് പട്ടാളക്കാരനായ ഡിലനോയിയുടെ സഹായവും ലഭിച്ചിരുന്നു.

**➲ ചർച്ച ചെയ്യുക...**

ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ മാർത്താണ്ഡവർമ്മയാണെന്ന് കരുതപ്പെടുന്നു. ചർച്ച ചെയ്യുക.

### *ശക്തൻ തമ്പുരാൻ (1790 1805) (Sakthan Tampuran (1790-1805))*

കൊച്ചിയുടെ ചരിത്രത്തിൽ ശക്തൻതമ്പുരാന്റെ ഭരണകാലഘട്ടം സാമ്പത്തിക സാമൂഹ്യ വികസനത്തിന്റെ യുഗമായിരുന്നു. എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ചന്തകൾ തുറന്നു. ക്ഷേത്രങ്ങൾ പുനർനിർമ്മിച്ചു. തൃശ്ശൂർപൂരം ആരംഭിച്ചു. റോഡുകൾ, പാലങ്ങൾ, തടാകങ്ങൾ, സത്രങ്ങൾ തുടങ്ങിയ പൊതുജനോപകാരപ്രദമായ പ്രവൃത്തികൾ നടപ്പിലാക്കാൻ അദ്ദേഹം താൽപര്യം കാണിച്ചു. കൊച്ചിയിലെ ഫ്യൂഡൽ യുഗത്തിന് അന്ത്യം കുറിച്ച അദ്ദേഹം ശക്തമായ ഒരു കേന്ദ്രീകൃത രാജഭരണത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

### *മൈസൂർ ആക്രമണങ്ങൾ (Mysorean Invasion)*

1760-കളിൽ ഹൈദർ അലിയാണ് മൈസൂറിന്റെ കേരളത്തിലേക്കുള്ള ആക്രമണങ്ങൾക്ക് തുടക്കം കുറിക്കുന്നത്. കണ്ണൂരിലെ ആലിരാജാ, കോലത്തുനാടുമായി തങ്ങൾക്കുള്ള രാഷ്ട്രീയ വിരോധത്തിൽ ഇടപെടാൻ ഹൈദരലിയെ ക്ഷണിച്ചു. അദ്ദേഹം ആലിരാജായുടെ സഹായത്തോടെ കോലത്തുനാട് കൊട്ടാരം പിടിച്ചെടുക്കുകയും തുടർന്ന് കോട്ടയം, കടത്തനാട്, കുറുമ്പ്രനാട് എന്നിവയ്ക്ക് നേരെ തിരിയുകയും ചെയ്തു. ഈ ശക്തികളെ കീഴടക്കിയതിനു ശേഷം മൈസൂർ സൈന്യം കോഴിക്കോടിന് നേരെ തിരിഞ്ഞു. 1773 ലെ ഹൈദറുടെ രണ്ടാം ആക്രമണം കൊച്ചിയെയും തിരുവിതാംകൂറിനെയും ലക്ഷ്യമിട്ടുള്ളതായിരുന്നു. കൊച്ചി മൈസൂരിന്റെ പരമാധികാരം അംഗീകരിച്ചപ്പോൾ തിരുവിതാംകൂർ ശക്തമായി എതിർത്തു നിന്നു.

ഹൈദരലിയുടെ മകനും പിൻഗാമിയുമായ ടിപ്പു സുൽത്താൻ താമരശ്ശേരി ചുരം വഴി പ്രവേശിക്കുകയും 1788-ൽ തെക്കൻ മലബാർ മുഴുവൻ തന്റെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരികയും ചെയ്തു. ഫറൂഖാബാദ് എന്ന് പിന്നീടറിയപ്പെട്ട കോഴിക്കോടുള്ള ഫറൂഖ് ആയിരുന്നു ടിപ്പുവിന്റെ ആസ്ഥാനം. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മലബാറിലെ ഭരണാധികാരികളുടെ സഹായത്തോടെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യ കമ്പനി ടിപ്പുവിനെ പരാജയപ്പെടുത്തുകയും, 1792 ൽ അദ്ദേഹത്തെ കൊണ്ട് ശ്രീരംഗപട്ടണം ഉടമ്പടിയിൽ ഒപ്പുവയ്പിക്കുകയും ചെയ്തു. അതോടെ മലബാർ മുഴുവനും ബ്രിട്ടീഷുകാരുടെ അധീനതയിലായി.

പരിഷ്കാരത്തിലെ ഭൂമി അളവിൽ ക്രമക്കേടുകൾ കണ്ടെത്തുകയും എല്ലാ നായർ ജന്മിമാർക്കും മറ്റു മുഖ്യൻമാർക്കും കൂടി നികുതി ചുമത്തുകയും ചെയ്തു. നേരത്തെ നികുതി നൽകാതിരുന്ന ചില മുഖ്യന്മാർ ഇതോടെ നികുതി നൽകാൻ നിർബന്ധിതരായി എന്നർഥം. പൊതുവിൽ ഭൂമിക്ക് അമിത നികുതി ചുമത്തപ്പെട്ടു.

കയറ്റുമതി വർധിപ്പിക്കുന്നതിന് മൈസൂർ ഭരണാധികാരികൾ നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിച്ചു. നാണ്യവിളകളായ പുകയില, ചന്ദനം, തേക്ക്, നാളികേരം, കുരുമുളക് എന്നിവ സർക്കാരിന്റെ കുത്തകയാക്കി മാറ്റി. തിരുവിതാംകൂറിൽ നിന്ന് വ്യത്യസ്തമായി ഇത്തരം കുത്തക കർഷകരെ വിപണിയുമായി നേരിട്ട് ബന്ധപ്പെടാൻ പ്രോത്സാഹിപ്പിച്ചിരുന്നില്ല.

വ്യാപാര വർധനവിന് വേണ്ടി മലബാറിൽ യാത്രയ്ക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾ ടിപ്പു മെച്ചപ്പെടുത്തി. ടിപ്പുവിനെ മലബാറിലെ റോഡുകളുടെ തുടക്കക്കാരനായി കണക്കാക്കുന്നു. മലബാറിലെ എല്ലാ പ്രധാന സ്ഥലങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് റോഡുകളുടെ ഒരു വ്യാപകമായ ശൃംഖല തന്നെ അദ്ദേഹം പണികഴിപ്പിച്ചു.

## ബ്രിട്ടീഷ് കൊളോണിയൽ ശക്തി (British Colonial Power)

പത്തൊമ്പതാം നൂറ്റാണ്ട് ആയപ്പോഴേക്കും ബ്രിട്ടീഷുകാരുടെ കീഴിൽ മലബാറിലെ ഭൂബന്ധങ്ങളിൽ കുടുതൽ മാറ്റങ്ങൾ വന്നു. മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വന്നതോടെ മലബാറിലെ എല്ലാ മുഖ്യൻമാരുടെയും അധികാരങ്ങൾ ബ്രിട്ടീഷുകാർ കവർന്നെടുക്കുകയും അവർക്ക്

*മാലിഖാൻ* അഥവാ പെൻഷൻ നൽകുകയും ചെയ്തു. മൈസൂർ ഭരണാധികാരികളുടെ റവന്യൂ പരിഷ്കാരങ്ങൾ ബ്രിട്ടീഷുകാർ തകിടം മറിക്കുകയും ജന്മിമാരെ ഭൂമിയുടെ ഉടമസ്ഥരായി കണക്കാക്കുകയും ചെയ്തു. അവർ ജന്മിമാർക്ക് ഭൂമിയുടെ മേൽ ഉണ്ടായിരുന്ന പരമ്പരാഗത അധികാരങ്ങൾ എടുത്തുകളയുകയും ജന്മിമാരെ സ്വത്തുടമകളാക്കുകയും ചെയ്തു. *കാണക്കാർ* അഥവാ കുടിയാന്മാരെ കുടികിടപ്പു കർഷകൻ എന്ന നിലയിലേക്ക് തള്ളിയിട്ടു. നികുതി പിരിച്ചെടുക്കുന്നതിന് വേണ്ടി മലബാറിൽ വിപുലമായ ഒരു ഭരണസംവിധാനം ഒരുക്കപ്പെട്ടു. പ്രാദേശിക മുഖ്യരിലൂടെയുള്ള പരോക്ഷ നികുതി പിരിവ് പരാജയമാണെന്ന് മനസ്സിലാക്കി നികുതി പിരിക്കാനുള്ള ഉത്തരവാദിത്വം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി നിയമിച്ച ജോയിന്റ് കമ്മീഷണർമാരെ ഏൽപ്പിച്ചു.

### മലബാർ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ *(Malabar under British)*

1792 ലെ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം ടിപ്പുവിന്റെ നിയന്ത്രണത്തിലായിരുന്ന മലബാർ, ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് വിട്ടു കൊടുത്തു. അതേ വർഷം തന്നെ ജോയിൻറ് കമ്മീഷണർമാരെ നിയമിച്ചു. അവർ പ്രാദേശിക ഭരണാധികാരികളുമായി വെവ്വേറെ ഉടമ്പടികളിൽ എത്തുകയും അവർക്കുള്ള ആനുകൂല്യങ്ങൾ അഥവാ *മാലിഖാന* നിശ്ചയിക്കുകയും ചെയ്തു. 1793 മാർച്ച് 30ന് മലബാറിനെ രണ്ട് ഭരണ മേഖലകളായി തിരിച്ചു: തലശ്ശേരി ആസ്ഥാനമായ വടക്കൻ മലബാറും ചെർപ്പുളശ്ശേരി ആസ്ഥാനമായ തെക്കൻ മലബാറും. കോഴിക്കോട് ആസ്ഥാനമാക്കി മുഴുവൻ മലബാറിനും വേണ്ടി ഒരു മുഖ്യ മജിസ്ട്രേറ്റിനെ നിയമിച്ചു. 1800 ൽ ബോംബെയിൽനിന്ന് മദ്രാസ് പ്രസിഡൻസിക്ക് മലബാർ കൈമാറി.

ഇതേസമയം തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജ്യങ്ങൾ എന്ന നിലയിൽ നാമമാത്രമായ സ്വയംഭരണത്തോടെ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ ഉൾപ്പെടുത്തപ്പെട്ടു. ഈ രണ്ടു നാട്ടുരാജ്യങ്ങളും എല്ലാസമയത്തും, നേരിട്ടുള്ള സാമ്രാജ്യത്വ അധിനിവേശത്തിന്റെ ഭീഷണിയിൽ തുടർന്നു. 1788 മുതൽ സാമ്രാജ്യത്വ ഭരണകൂടത്തിന്റെ ഒരു ഏജൻറ് ആയ 'റസിഡൻറ്' എന്ന ഒരു ഉദ്യോഗസ്ഥൻ കൃത്യമായി നിർവചിക്കപ്പെടാത്ത അധികാരങ്ങളോടെ ഈ നാട്ടുരാജ്യങ്ങളിൽ ചുമതലയേറ്റു. തിരുവിതാംകൂറിന്റെയും കൊച്ചിയുടേയും ആദ്യ ബ്രിട്ടീഷ് റസിഡൻറ് ആയിരുന്നു കേണൽ ജോൺ മൺറോ.

ബ്രിട്ടീഷ് പരമാധികാരം സ്ഥാപിക്കപ്പെട്ടതോടെ കേരളചരിത്രത്തിൽ പുതിയൊരു യുഗത്തിന് തുടക്കം കുറിച്ചു - സാമ്രാജ്യത്വത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ യുഗം. മലബാറിൽ കേരള വർമ്മ പഴശ്ശിരാജയും, കുറിച്യ ഗോത്ര വംശജരും തിരുവിതാംകൂറിൽ വേലുത്തമ്പി ദളവയും കൊച്ചിയിൽ പാലിയത്ത് കോമിയച്ചനും ഇത്തരത്തിൽ ആദ്യകാല ചെറുത്തുനിൽപ്പ് സമരങ്ങൾ സംഘടിപ്പിച്ചു.

**നിങ്ങൾ കൂടുതലറിയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വായിക്കുക:**


ചെറിയാൻ, പി.ജെ (ed), *പെഴ്സ്പെക്റ്റീവ്സ് ഓൺ കേരള ഹിസ്റ്ററി*, തിരുവനന്തപുരം

ഗണേഷ്, കെ. എൻ 1990, *കേരളത്തിന്റെ ഇന്നലെകൾ*, കൾച്ചറൽ പബ്ലിക്കേഷൻ, തിരുവനന്തപുരം

ഗുരുക്കൾ, രാജൻ, 1992, *ദി കേരള ടെമ്പിൾ ആൻഡ് മിഡീവൽ അഗ്രേറിയൻ സിസ്റ്റം*, ശുകപുരം

ഗുരുക്കൾ, രാജൻ, രാഘവ വാരിയർ (ed), 1999, *കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള*, കൾച്ചറൽ പബ്ലിക്കേഷൻ, തിരുവനന്തപുരം

കരിം. സി. കെ, *കേരള അണ്ടർ ഹൈദരലി ആന്റ് ടിപ്പുസുൽത്താൻ*

കുഞ്ഞൻ പിള്ള, എളങ്കുളം പി എൻ, *സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി*, കോട്ടയം.

മേനോൻ എ, ശ്രീധര, *എ സർവേ ഓഫ് കേരള ഹിസ്റ്ററി*, ഡിസി ബുക്സ്

നാരായണൻ എം.ജി.എസ്, 1972, *കൾച്ചറൽ സിംബയോസിസ് ഇൻ കേരള*, തിരുവനന്തപുരം

നാരായണൻ എം.ജി.എസ്, 2013 (1996), *പെരുമാൾസ് ഓഫ് കേരള*, കോസ്മോ, തൃശ്ശൂർ

രാഘവ വാരിയർ, എം ആർ, *കേരള ചരിത്രം, 2 വാല്യങ്ങൾ*

വെളുത്താട്ട്, കേശവൻ, 1978, *ബ്രാഹ്മിൻ സെറ്റിൽമെന്റ് ഇൻ കേരള*, സന്ധ്യാ പബ്ലിക്കേഷൻസ്, കോഴിക്കോട്.


## നമുക്ക് വിലയിരുത്താം (LET US ASSESS)

1. കേരളത്തിന്റെ ചരിത്രാതീത കാലഘട്ടത്തെക്കുറിച്ച് ഒരു ചെറു കുറിപ്പ് തയാറാക്കുക.
2. *തിണൈ* ആശയം, ആദ്യകാല ചരിത്ര ഘട്ടത്തിലെ ബഹുമുഖ സമ്പദ് വ്യവസ്ഥയെ പ്രതിനിധാനം ചെയ്യുന്നതായി നിങ്ങൾ കരുതുന്നുവോ?
3. കൃഷിയുടെ വ്യാപനത്തിലും ഏകീകരണത്തിലും ക്ഷേത്രങ്ങളുടെയും ബ്രാഹ്മണാധിവാസ പ്രദേശങ്ങളുടെയും പങ്ക് ചർച്ച ചെയ്യുക.
4. കേരളത്തിന്റെ സാംസ്കാരിക സമന്വയം, അതിന്റെ ആഭ്യന്തരവും വൈദേശികവുമായ വ്യാപാര ബന്ധങ്ങളുടെ ഉപോൽപ്പന്നമാണ്. ചർച്ച ചെയ്യുക.
5. പെരുമാൾ രാജ്യത്തിലെ *നൂറ്റുവർ, കച്ചം, ആട്ടൈകൊൾ* എന്നിവയുടെ പ്രാധാന്യം ചർച്ച ചെയ്യുക.
6. പെരുമാളനന്തര കാലഘട്ടത്തിലെ കൃഷിയുടെ വ്യാപനത്തെക്കുറിച്ച് ചുരുക്കി ചർച്ച ചെയ്യുക.
7. പാശ്ചാത്യലോകവും ചൈനയും തമ്മിലുള്ള വ്യാപാരത്തിന്റെ ഇടത്താവളമായിരുന്നു കേരളം. വ്യക്തമാക്കുക.
8. *സ്വരൂപത്തിന്റെ* സവിശേഷതകൾ വിവരിക്കുക.
9. ആദ്യകാല യൂറോപ്യരുടെ കേരളത്തിലേക്കുള്ള കടന്നുവരവിനെക്കുറിച്ചും വ്യാപാര ബന്ധങ്ങളിൽ ഉണ്ടായ മാറ്റങ്ങളെക്കുറിച്ചും വിവരിക്കുക.
10. സി. ഇ. 1200 നും 1800 നും ഇടയിൽ കേരളത്തിലുണ്ടായ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ മാറ്റങ്ങൾ വിലയിരുത്തുക.

## ഭൂപട പ്രവർത്തനം (MAP WORK)

1. തന്നിരിക്കുന്ന കേരളത്തിന്റെ ഭൂപടത്തിൽ പെരുമാൾ കാലത്തെ നാടുകളുടെ വിതരണം അടയാളപ്പെടുത്തുക.

## പ്രോജക്ട് (ഏതെങ്കിലും ഒന്ന്) (PROJECT (ANY ONE))

1. നിങ്ങളുടെ പ്രദേശത്ത് ഏതെങ്കിലും പുരാവസ്തു കേന്ദ്രങ്ങളോ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളോ ഉണ്ടെങ്കിൽ കണ്ടെത്തുക. അവയിലൊന്ന് സന്ദർശിച്ച് ഒരു കുറിപ്പ് തയാറാക്കുക.
2. ആധുനികപൂർവ കേരളത്തിന്റെ ചരിത്രപരിണാമ പ്രക്രിയ.

പ്രമേയം
പതിനഞ്ച്

# കേരളം: ആധുനികതയിലേക്ക് (KERALA: TOWARDS MODERNITY)

Z3M2I7


കേരളത്തെ ആധുനികവൽകരണത്തിലേക്ക് നയിച്ച ഘടകങ്ങളെക്കുറിച്ചാണ് ഈ പ്രമേയം ചർച്ച ചെയ്യുന്നത്. നിലവിലുള്ള ഭൂവുടമാസമ്പ്രദായത്തിലും നിയമവ്യവസ്ഥയിലുമുള്ള കൊളോണിയൽ ഇടപെടലിന്റെ സ്വാധീനം, തോട്ടം സമ്പദ്ഘടനയുടെ വികാസം, മൂലധനനിക്ഷേപം, പുതിയ വ്യവസായങ്ങളുടെ ആവിർഭാവം, ഗതാഗതത്തിന്റെ വളർച്ച തുടങ്ങിയവയാണ് ഈ അധ്യായത്തിന്റെ ആദ്യഭാഗത്ത് പരിശോധിക്കുന്നത്. മിഷണറിവിദ്യാഭ്യാസത്തിന്റെ വരവ്, നിഘണ്ടുക്കളുടെ പ്രസിദ്ധീകരണം, ഭരണാധികാരികളുടെ താൽപ്പര്യത്താൽ ആരംഭിച്ച പൊതുവിദ്യാഭ്യാസം, അടിമത്ത നിരോധനം, ഒരു ജനാധിപത്യസമൂഹത്തിന് വേണ്ടിയുള്ള വിവിധസമരങ്ങൾ, കൊളോണിയൽ വാഴ്ചയ്ക്കെതിരായ ചെറുത്തുനിൽപ്പ് എന്നിവയ്ക്കും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ഇവയെല്ലാം കേരളസമൂഹത്തെ ആധുനികവൽകരണത്തിലേക്ക് നയിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ദേശീയ പ്രസ്ഥാനം, ഫ്യൂഡൽ – കൊളോണിയൽ ചൂഷണങ്ങൾക്കെതിരായ കർഷകസമരങ്ങൾ, മലയാളി സ്വത്വബോധത്തിന്റെ രൂപപ്പെടലിലേക്കും ഒടുവിൽ കേരളസംസ്ഥാനത്തിന്റെ രൂപീകരണത്തിലേക്കും നയിച്ച വ്യത്യസ്ത ഘട്ടങ്ങൾ തുടങ്ങിയവയ്ക്ക് ഈ പാഠത്തിൽ അർഹമായ ഊന്നൽ നൽകുന്നുണ്ട്.

## കോളനിവൽക്കരണത്തിന്റെ വളർച്ച (COLONISATION IN PROGRESS)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപതിറ്റാണ്ടോടെ കേരളത്തിലെ മൂന്ന് ഭൂവിഭാഗങ്ങൾ – മലബാർ, കൊച്ചി, തിരുവിതാംകൂർ – ബ്രിട്ടീഷുകാരുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ നിയന്ത്രണത്തിൻ കീഴിലായി. കേരളം പൂർണമായും ബ്രിട്ടീഷ് ആധിപത്യത്തിന്റെ കീഴിലായതെങ്ങനെയെന്ന് ചുവടെ തന്നിട്ടുള്ള പട്ടിക നിങ്ങൾക്ക് പറഞ്ഞു തരും.

| പ്രദേശം | വർഷം | ഉടമ്പടി | വ്യവസ്ഥകൾ |
|---|---|---|---|
| മലബാർ | 1792 | ശ്രീരംഗപട്ടണം ഉടമ്പടി | ടിപ്പു സുൽത്താനിൽ നിന്ന് ബ്രിട്ടീഷുകാർക്ക് മലബാർ ലഭിച്ചു |
| | 1800 | | മലബാർ മദ്രാസ് സർക്കാരിന്റെ കീഴിലായി |
| കൊച്ചി | 1791 | ബ്രിട്ടീഷുകാരുമായുള്ള ഉടമ്പടി | കൊച്ചി ഇംഗ്ലീഷുകാരുടെ സാമന്ത രാജ്യമായി |
| | 1800 | | കൊച്ചി മദ്രാസ് സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലായി |
| തിരുവിതാംകൂർ | 1795 | ബ്രിട്ടീഷുകാരുമായുള്ള ഉടമ്പടി | തിരുവിതാംകൂർ ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു |
| | 1805 | ബ്രിട്ടീഷുകാരുമായുള്ള ഉടമ്പടി | തിരുവിതാംകൂർ ബ്രിട്ടീഷുകാരുടെ ഒരു സൈനിക സഖ്യരാജ്യമായി മാറി |

## ഒരു കൊളോണിയൽ സമ്പദ്ഘടനയുടെ വികാസം (DEVELOPMENT OF A COLONIAL ECONOMY)




കേരളത്തിലെ മൂന്ന് ഭൂവിഭാഗങ്ങളെയും കീഴടക്കിയശേഷം ബ്രിട്ടീഷുകാർ അവിടങ്ങളിലെ സമ്പദ്ഘടനയിലും നിയമവ്യവസ്ഥയിലും ഇടപെടാൻ തുടങ്ങി. ജനങ്ങളുടെമേൽ ഉയർന്ന നികുതി അടിച്ചേൽപ്പിക്കലും മൂന്ന് പ്രദേശങ്ങളിലും കൊളോണിയൽ ഭരണാധികാരികളുടെ വർധിച്ചുവന്ന ഇടപെടലുകളും കൊളോണിയൽ കാലഘട്ടത്തിന്റെ പ്രത്യേകതകളായിരുന്നു. മലബാറിലെ നികുതി സമ്പ്രദായത്തിലാണ് ബ്രിട്ടീഷുകാർ ആദ്യമായി മാറ്റങ്ങൾ വരുത്തിയത്. ഭൂമിയുടെ പരമ്പരാഗത കൈവശക്കാരായിരുന്ന നമ്പൂതിരിമാർ ഭൂമിയുടെ പൂർണ ഉടമകളായി അംഗീകരിക്കപ്പെട്ടു. ഭൂപ്രഭുക്കൻമാർക്കും കുടിയാന്മാർക്കും ഇടയിൽ *കാണക്കാർ* എന്ന ഒരു പുതിയ മധ്യവർത്തി കുടിയാൻ വർഗത്തെ കൊണ്ടുവന്നു. ഭൂപ്രഭുക്കന്മാരും *കാണക്കാരും* ഒന്നിച്ചു നിന്ന് ബ്രിട്ടീഷ് സഹായത്തോടെ കുടിയാൻമാരെ ചൂഷണം ചെയ്തു.

ബ്രിട്ടീഷുകാർ നേരിട്ട് ഭരിച്ചിരുന്ന മലബാറിൽ നികുതി പിരിച്ചെടുക്കുന്നതിന് വളരെ വിശാലമായ ഒരു ഭരണവ്യവസ്ഥ നടപ്പിലാക്കി. ക്രമേണ നികുതി പിരിക്കുവാനായി പ്രാദേശിക മുഖ്യന്മാരുടെ സ്ഥാനത്ത് കൊളോണിയൽ ഉദ്യോഗസ്ഥരെ നിയമിച്ചു. മലബാറിൽ നിന്നും വ്യത്യസ്തമായി, നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിനും കൊച്ചിക്കും ഒരളവുവരെ സ്വയംഭരണാധികാരമുണ്ടായിരുന്നു.

യൂറോപ്യർ മുൻകൈയെടുത്ത് തോട്ടക്കൃഷിയും മൂലധന നിക്ഷേപവും കേരളത്തിൽ ആരംഭിച്ചു. തേയില, കാപ്പി, റബ്ബർ, ഏലം എന്നിവയായിരുന്നു പ്രധാന തോട്ടവിളകൾ. മലബാറിനെ അപേക്ഷിച്ച് തിരുവിതാംകൂറിൽ തോട്ട വ്യവസായങ്ങൾ കൂടുതലായി വികസിച്ചു. തോട്ടങ്ങളുടെ ഇത്തരത്തിലുള്ള ഉയർന്ന വളർച്ചാനിരക്കിന് കാരണമായത് തിരുവിതാകൂറിൽ മുൻനിര തോട്ടവിളകൾക്ക് അനുയോജ്യമായ ഭൂനിരപ്പിൽ നിന്ന് ഉയർന്നതും ഗുണമേറിയ മണ്ണുള്ളതുമായ കൂടുതൽ ഭൂമി ലഭ്യമായിരുന്നു എന്നുള്ളതാണ്. തൽഫലമായി മലബാറിലെ നികുതി പിരിവിൽ സ്തംഭനമുണ്ടായി. എന്നാൽ തിരുവിതാകൂറിൽ കൃഷിയും നികുതി പിരിവും ഊർജിതമായി.

*ഇന്നത്തെ കേരളത്തിലെ പ്രധാന തോട്ടവിളകൾ കണ്ടെത്തുക.*

രാഷ്ട്രീയനിയന്ത്രണം ബ്രിട്ടീഷുകാർക്ക് തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും വാണിജ്യത്തിൽ സ്വേച്ഛാധികാരം നൽകി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ കൊളോണിയൽ മൂലധനത്താൽ നിയന്ത്രി

ക്കപ്പെട്ട സ്വതന്ത്രവ്യാപാരം കേരളത്തിലുടനീളം സ്ഥാപിക്കപ്പെട്ടു. തദ്ദേശീയ വ്യാപാരികൾക്ക് അപ്രധാന പങ്ക് മാത്രമേ ഇതിൽ ഉണ്ടായിരുന്നുള്ളൂ. നിരവധി വാണിജ്യനിയമങ്ങൾ, വ്യവസ്ഥകൾ എന്നിവയിലൂടെയാണ് വ്യാപാരരംഗത്തെ പരിവർത്തനങ്ങൾ എളുപ്പമാക്കിയത്.

കേരളത്തിലെ തോട്ടങ്ങളുടെ വികാസം, തദ്ദേശീയരല്ലാത്ത നിക്ഷേപകരെയാണ് പ്രോത്സാഹിപ്പിച്ചതെങ്കിലും തദ്ദേശീയരായ വ്യവസായസംരംഭകർക്കും ഈ മേഖലയിൽ കാലുറപ്പിക്കാൻ കഴിഞ്ഞു. 1930 കളിലും 1940 കളിലും തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കുണ്ടായ കർഷക കുടിയേറ്റം മലബാറിലെ വാണിജ്യ കൃഷിയുടെ വികാസത്തിന് കൂടുതൽ സഹായകമായി. മൊത്തത്തിലുള്ള സാമ്പത്തിക വികസനം ധനകാര്യപരവും വാണിജ്യപരവുമായ പ്രവർത്തനങ്ങളുടെയും വാണിജ്യ ബാങ്കുകളുടെ വളർച്ചയ്ക്കും അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു. ഭൂമി ഈടായി സ്വീകരിച്ചു കൊണ്ട് ഈ ബാങ്കുകൾ വായ്പകൾ നൽകി. ഈ വായ്പകൊണ്ട് കൂടുതൽ ഭൂമി വാങ്ങുകയും വരുമാനം കൂടുതൽ ലഭിക്കുന്ന വിളകൾ കൃഷിചെയ്യുകയും കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരവും സംസ്കരണവും വ്യാപിപ്പിക്കുകയും ചെയ്തു.

## കുരുമുളക്

കേരളത്തിന്റെ ഒരു തദ്ദേശീയ സുഗന്ധവ്യഞ്ജനമാണ് കുരുമുളക്. സംഘകാലം മുതൽ ഇത് കൃഷി ചെയ്തിരുന്നതായി സംഘം കൃതികൾ തെളിവ് തരുന്നുണ്ട്. ആദിമകാലത്തെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതികളിൽ ഏറ്റവും മൂല്യമേറിയത് കുരുമുളകിന്റേതായിരുന്നു. സുഗന്ധവ്യഞ്ജന വ്യാപാരത്തിനായി കേരളത്തിൽ ആദ്യം എത്തിയത് അറബികളും ഫിനീഷ്യക്കാരുമാണെന്നാണ് പറയപ്പെടുന്നത്. യൂറോപ്പിൽ സമ്പത്തിന്റെയും ധനാഢ്യതയുടെയും പ്രതീകമായിട്ടാണ് കുരുമുളകിനെ പരിഗണിച്ചിരുന്നത്. ഇത് *യവനപ്രിയ* (ഗ്രീക്കുകാരും റോമാക്കാരുമായ വ്യാപാരികൾക്ക് പ്രിയപ്പെട്ടത്) എന്ന് അറിയപ്പെട്ടിരുന്നു.



യൂറോപ്യൻ ബന്ധത്തിന്റെ ആദ്യഘട്ടത്തിൽ ആഭ്യന്തര ഉൽപ്പാദനം കുറഞ്ഞു. അതിന്റെ സ്ഥാനത്ത് ധാരാളം കാർഷിക-സംസ്കരണ വ്യവസായങ്ങൾ വികാസം പ്രാപിച്ചു. വാണിജ്യകൃഷിയുടെ വികാസവും അതിന്റെ പൂർണമായും ഭാഗികമായും സംസ്കരിച്ച ഉൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള വർധിച്ച ആവശ്യകതയുമാണ് ഇത് സാധ്യമാക്കിയത്. കയർ അടക്കമുള്ള എല്ലാ കാർഷിക സംസ്കരണ വ്യവസായങ്ങളും കയറ്റുമതി ലക്ഷ്യമാക്കിയുള്ളതും പ്രധാന വ്യവസായസ്ഥാപനങ്ങളെല്ലാം യൂറോപ്യൻ ഉടമസ്ഥതയിൽ തുടരുന്നതുമായിരുന്നു. ഈ വ്യവസായങ്ങളുടെ വികാസം കൃഷിയുടെ വികാസത്തിനും വാണിജ്യവൽക്കരണത്തിനും വഴിതെളിച്ചു.

1930 കൾ വരെ തിരുവിതാംകൂറിലും കൊച്ചിയിലും വ്യവസായിക വികസനത്തിൽ ഭരണകൂടത്തിന്റെ പങ്ക് വളരെ പരിമിതമായിരുന്നു. മൂന്ന് പ്രദേശങ്ങളിലും വ്യവസായ വികസനത്തിനുള്ള സ്ഥായിയായ ഒരു നയവും ഉണ്ടായിരുന്നില്ല. ഏകദേശം 1930 കളുടെ മധ്യം മുതൽ തിരുവിതാംകൂറിലും കൊച്ചിയിലും ഭരണകൂടത്തിന്റെ പങ്കിൽ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടായി. ക്രമേണ എല്ലാ പ്രദേശങ്ങളിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കാനാവശ്യമായ സാമ്പത്തികസഹായവും പ്രോത്സാഹനവും ഭരണകൂടം സ്വകാര്യ സംരംഭകർക്ക് നൽകാൻ തുടങ്ങി. സ്വകാര്യ സംരംഭകർ വേണ്ടത്ര കടന്നുവരാത്ത

**4 രൂപയ്ക്ക് നിങ്ങൾക്ക് മദ്രാസിൽ എത്താം!**

*1890 ൽ കോഴിക്കോട് നിന്നും മദ്രാസിലേക്കുള്ള റെയിൽ യാത്രാനിരക്ക് II ക്ലാസിന് 4 രൂപയും I ക്ലാസിന് 59 രൂപയുമായിരുന്നു. ഇത് അത്ഭുതകരം തന്നെ? അക്കാലത്ത് ഒരു പവൻ സ്വർണത്തിന് 10 രൂപയായിരുന്നു എന്നോർക്കുക.*

*തങ്ങളുടെ കൊളോണിയൽ താൽപ്പര്യങ്ങൾക്കനുയോജ്യമായ ഒരു സമ്പദ്ഘടന ബ്രിട്ടീഷുകാർ വികസിപ്പിച്ചതെങ്ങനെ?*

മേഖലകളിൽ ഭരണകൂടം നേരിട്ട് നിക്ഷേപം നടത്തുകയും ചെയ്തു. കൂടാതെ ഭരണകൂടം വ്യത്യസ്തങ്ങളായ തൊഴിൽ നിയമങ്ങളുടെ ചട്ടക്കൂട് തയാറാക്കുന്നതിനൊപ്പം കമ്പോള സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്തു.

കൃഷി, വ്യാപാരം, വാണിജ്യം എന്നിവയുടെ വികാസവും വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, ബാങ്കിംഗ് തുടങ്ങിയ അടിസ്ഥാന ഭൗതികസാഹചര്യങ്ങളുടെ വികാസവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. കൊച്ചി തുറമുഖത്തിന്റെ വികസനത്തിനായി പദ്ധതി രൂപീകരിച്ചതും റോഡുകളുടെയും കനാൽ ശൃംഖലയുടെയും നിർമ്മാണവും വ്യാപാരത്തിന്റെ വികസനത്തിനായി സ്വീകരിച്ച മറ്റ് നടപടികളായിരുന്നു. വളർച്ചാക്രമങ്ങളിൽ പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും ഗതാഗത, ബാങ്കിംഗ് മേഖലകളിൽ കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. തങ്ങളുടെ വ്യാപാരം മെച്ചപ്പെടുത്താൻ ബ്രിട്ടീഷുകാർ കേരളത്തിൽ റെയിൽഗതാഗതം നടപ്പിലാക്കി. ബേപ്പൂർ മുതൽ തിരൂർ വരെയുള്ള ആദ്യത്തെ റെയിൽവെ ലൈൻ 1861 മാർച്ച് 12–ന് മദ്രാസ് റെയിൽവെ കമ്പനി പ്രാവർത്തികമാക്കി. ഇരുപതാം നൂറ്റാണ്ടോടെ കേരളം പൂർണമായും പ്രവിശ്യാതലസ്ഥാനമായ മദ്രാസിനോട് ബന്ധിപ്പിക്കപ്പെട്ടു. ഈ റെയിൽവെ ബന്ധം കേരളത്തിന്റെ സാമൂഹിക – സാമ്പത്തിക മേഖലകളിൽ സുപ്രധാന മാറ്റങ്ങൾ കൊണ്ടുവന്നു. അതോടൊപ്പം ഉൽപ്പന്നങ്ങളുടെയും സൈന്യത്തിന്റെയും സഞ്ചാരം സുഗമമാക്കുന്നതിനായി എല്ലായിടത്തും എത്തുന്നവിധത്തിൽ റോഡുകളുടെ നിർമ്മാണം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടത്തി.



കോഴിക്കോട് റെയിൽവേ സ്റ്റേഷൻ, 1901

## പരിഷ്കരണങ്ങളിലൂടെയുള്ള ആധുനികവൽക്കരണം (MODERNISATION THROUGH REFORMS)

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേരളത്തിലെ മൂന്ന് ഭൂവിഭാഗങ്ങളും ഭരണപരമായ സ്ഥിരത കൈവരിച്ചു. ആധുനിക കേരളത്തിന്റെ അടിത്തറയ്ക്ക് സഹായകമായ പാശ്ചാത്യഘടകങ്ങളുടെ പൂർണ സ്വാധീനവും ഈ കാലഘട്ടത്തിൽ കേരളം അനുഭവിച്ചറിഞ്ഞു. ബ്രിട്ടീഷ് ഭരണകൂടത്തിന്റെയും കൊച്ചിയിലെയും തിരുവിതാംകൂറി

ലെയും ഭരണാധികാരികളുടെയും സംരക്ഷണയിൽ ശ്രദ്ധേയമായ മാറ്റങ്ങളും പരിഷ്കാരങ്ങളും നടപ്പിലാക്കപ്പെട്ടു. എന്നിരുന്നാലും, ഒട്ടുമിക്ക പരിഷ്കാരങ്ങളും ബ്രിട്ടീഷ് അധികാരത്തിന്റെ അടിത്തറ ഇന്ത്യയിൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്നതായിരുന്നു. എങ്കിലും അവ കേരളത്തിലെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളിലും കാഴ്ചപ്പാടിലും മാറ്റം വരുത്തി. കേരളത്തിലെ മൂന്ന് പ്രദേശങ്ങളിലും നടപ്പിലാക്കിയ ചില പരിഷ്കാരങ്ങളും മാറ്റങ്ങളും ചുവടെ തന്നിട്ടുള്ള പട്ടികയിൽ നിന്ന് കണ്ടെത്താൻ കഴിയും.

| തിരുവിതാംകൂർ | കൊച്ചി | മലബാർ |
|---|---|---|
| • ഓരോ ഭൂവുടമയ്ക്കും *പട്ടയം* നൽകുകയും അതിൽ കുടിയാന്റെ കൈവശമുള്ള ഭൂമി, കുടിയായ്മയുടെ സ്വഭാവം, അടയ്ക്കേണ്ട നികുതി തുടങ്ങിയവ രേഖപ്പെടുത്തുകയും ചെയ്തിരുന്നു.<br>• 1812 ൽ അടിമത്തം നിരോധിച്ചു.<br>• അഞ്ച് ജില്ലാ കോടതികളും ഒരു അപ്പീൽ കോടതിയും സ്ഥാപിച്ചുകൊണ്ട് നീതിന്യായരംഗം പരിഷ്കരിച്ചു.<br>• 1811 ൽ *ദേവസ്വങ്ങളുടെ* ഭരണം സർക്കാർ നേരിട്ട് ഏറ്റെടുത്തു.<br>• നാണയങ്ങൾ, വാർത്താവിനിമയം, കൃഷി, വാണിജ്യം എന്നീ രംഗങ്ങളിൽ പുരോഗതി.<br>• തലവരിക്കരം, *ഊഴിയം*, മറ്റ് ഫ്യൂഡൽ നികുതികൾ എന്നിവ നിരോധിച്ചു.<br>• 1888 ൽ എട്ട് അംഗങ്ങളോടുകൂടിയ നിയമനിർമ്മാണസഭ രൂപീകരിച്ചു.<br>• നിരവധി ഫാക്ടറികൾ, ജലവൈദ്യുത പദ്ധതികൾ, പാലങ്ങൾ, കനാലുകൾ, പോസ്റ്റോഫീസ് എന്നിവ സ്ഥാപിക്കപ്പെട്ടു. | • കീഴ്ക്കോടതികളും ഹുജൂർ കോടതിയും സ്ഥാപിക്കപ്പെട്ടു.<br>• പ്രധാന *ദേവസ്വങ്ങൾ* സർക്കാരിന്റെ നിയന്ത്രണത്തിലാക്കി.<br>• 1845 ൽ അടിമത്തം നിർത്തലാക്കി.<br>• ഭൂമി അളന്ന് തിട്ടപ്പെടുത്തൽ *(കണ്ടെഴുത്ത്)* നടപ്പിലാക്കി.<br>• റെയിൽവേപ്പാതകൾ നിർമ്മിച്ചു.<br>• പൊതുജനാരോഗ്യം, കൃഷി, മത്സ്യബന്ധനം എന്നീ വകുപ്പുകൾ സ്ഥാപിച്ചു.<br>• *കാണം* ഭൂമി എന്ന പേരിൽ കുടിയായ്മയുടെ കാലാവധി ഉറപ്പാക്കിക്കൊണ്ട് കൊച്ചി കുടിയായ്മ നിയമം പാസ്സാക്കി.<br>• ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡ് സ്ഥാപിച്ചു. | • ജില്ലാ, പ്രവിശ്യാ കോടതികൾ സ്ഥാപിച്ചു.<br>• റോഡുകളുടെ ഒരു ശൃംഖല നിർമ്മിച്ചു.<br>• അഞ്ചരക്കണ്ടിയിൽ ഒരു സുഗന്ധവ്യഞ്ജനത്തോട്ടം സ്ഥാപിച്ചു.<br>• നെയ്ത്ത്ശാലകളും ഓട് ഫാക്ടറികളും ആരംഭിച്ചു.<br>• കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പാലക്കാട് നഗരസഭകൾ സ്ഥാപിച്ചു.<br>• രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളുമായി റെയിൽബന്ധം സ്ഥാപിച്ചു.<br>• നിലമ്പൂരിൽ തേക്ക് തോട്ടം സ്ഥാപിച്ചു.<br>• തടി കൊണ്ട് പോകുന്നതിനായി കനാലുകൾ നിർമ്മിച്ചു. ഉദാ: കനോലി കനാൽ<br>• തടി വ്യവസായം പ്രോത്സാഹിപ്പിക്കപ്പെട്ടു. |

> ***ഊഴിയം***
> *വേതനമില്ലാത്ത നിർബന്ധിത അധ്വാനമാണ് ഊഴിയം എന്നതുകൊണ്ടർഥമാക്കുന്നത്.*


## അറിവിന്റെ വ്യാപനം (SPREAD OF KNOWLEDGE)

യൂറോപ്യരുടെ ആഗമനവും വിദേശ മിഷണറിമാരുടെ ഇടപെടലും വൈജ്ഞാനിക രംഗത്ത് ആഴത്തിലുള്ള സ്വാധീനം ഉളവാക്കി. 1577 ൽ പോർട്ടുഗീസുകാർ കേരളത്തിൽ അച്ചടി സ്ഥാപിച്ചു. 1772 ൽ പ്രസിദ്ധീകരിച്ച 'സംക്ഷേപവേദാർഥ'മായിരുന്നു പൂർണമായും മലയാളത്തിൽ അച്ചടിച്ച ആദ്യ ഗ്രന്ഥം. ജർമ്മൻ മിഷണറിയായ അർണോസ് പാതിരി മലയാളത്തിലെ ആദ്യത്തെ നിഘണ്ടുവും വ്യാകരണ

**➲ ചർച്ച ചെയ്യുക...**

ബ്രിട്ടീഷുകാരും തദ്ദേശീയ ഭരണാധികാരികളും നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ സ്വാധീനം.

ഗ്രന്ഥവും തയാറാക്കി. ചർച്ച് മിഷൻ സൊസൈറ്റിയിലെ അംഗമായ ബെഞ്ചമിൻ ബെയ്‌ലി 1846 ൽ ഇംഗ്ലീഷ് – മലയാളം നിഘണ്ടു പ്രസിദ്ധീകരിച്ചു. ബേസൽ ഇവാഞ്ചലിക്കൽ മിഷനിലെ അംഗമായ ഹെർമൻ ഗുണ്ടർട്ട് ആണ് മലയാളത്തിലെ ആദ്യത്തെ ആധികാരിക വ്യാകരണഗ്രന്ഥം തയാറാക്കിയത്. 1847 ൽ അദ്ദേഹം 'രാജ്യസമാചാരം', 'പശ്ചിമോദയം' എന്നീ പേരുകളിൽ രണ്ട് മലയാളം വർത്തമാന പത്രങ്ങൾ ആരംഭിച്ചു. പിന്നീട് മലയാള മനോരമ, മാതൃഭൂമി തുടങ്ങി നിരവധി പത്രങ്ങൾ പ്രസിദ്ധീകരണമാരംഭിച്ചു. ഇതെല്ലാം മലയാള ഭാഷയുടെ പൊതുനിലവാരം വർധിക്കുന്നതിന് കാരണമായി. ആധുനികാശയങ്ങളുടെ പ്രചാരണത്തിനും അതുവഴി കേരള സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനും അച്ചടി സഹായകമായി.



സംക്ഷേപവേദാർഥം - ഒരു പുറം

കേരളസമൂഹത്തിന്റെ ആധുനികവൽക്കരണത്തിന്റെ പിന്നിലെ സുപ്രധാന ചാലകശക്തി വിദ്യാഭ്യാസമായിരുന്നു. വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിൽ മിഷണറിമാർ സുപ്രധാന പങ്ക് വഹിച്ചു. ലണ്ടൻ മിഷൻ സൊസൈറ്റി (LMS), ചർച്ച് മിഷൻ സൊസൈറ്റി (CMS) എന്നിവ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപതിറ്റാണ്ടിൽ തിരുവിതാംകൂറിൽ പ്രവർത്തനമാരംഭിച്ചു. ലണ്ടൻ മിഷണിലെ അംഗങ്ങളിലൊരാളായ റവ. മീഡ് വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ചർച്ച് മിഷൻ 1813 ൽ കോട്ടയത്ത് ഒരു കോളേജും സെമിനാരിയും സ്ഥാപിച്ചു. അവർ ഒരു വ്യാകരണ വിദ്യാലയവും സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പെൺപള്ളിക്കൂടങ്ങളും സ്ഥാപിച്ചു. കൊച്ചി മേഖലയിലെ ആദ്യത്തെ വിദ്യാലയം 1818 ൽ മട്ടാഞ്ചേരിയിൽ സ്ഥാപിച്ചത് ഇംഗ്ലീഷ് മിഷണറിയായ ഡാവ്സൺ ആയിരുന്നു. ഇതേസമയം തന്നെ സാൽവേഷൻ ആർമി വിഭാഗത്തിലെ സ്പാനിഷ് മിഷണറിയായിരുന്ന ടിങ്കിൾ ടാബ് നാഗർകോവിൽ അടക്കമുള്ള തിരുവിതാംകൂറിന്റെ തെക്കൻ പ്രദേശങ്ങളിൽ ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിച്ചു.



ബെഞ്ചമിൻ ബെയ്‌ലി



ഹെർമൻ ഗുണ്ടർട്ട്

മലബാറിൽ വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിന്റെ നേതൃത്വം ഏറ്റെടുത്തത് ബേസൽ ഇവാഞ്ചലിക്കൽ മിഷൻ (BEM) ആയിരുന്നു. 1841 ൽ മിഷണറിയായ റവ. ഹബിക് കണ്ണൂരിലെ ബർണശ്ശേരിയിൽ ഒരു ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു. ബേസൽ മിഷൻ 1848 ൽ കോഴിക്കോടിനടുത്ത് കല്ലായിയിലും 1856 ൽ തലശ്ശേരിയിലും പ്രാഥമിക ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിച്ചു.

ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനമാതൃക വിദ്യാഭ്യാസരംഗത്തേക്ക് കടക്കാൻ തദ്ദേശീയ ഭരണാധികാരികളെ പ്രേരിപ്പിച്ചു. 1817 ൽ തിരുവിതാംകൂറിലെ ഭരണാധികാരിയായിരുന്ന ഗൗരി പാർവതി ഭായി തിരുവിതാകൂറിൽ സൗജന്യവും നിർബന്ധിതവുമായ ഒരു വിദ്യാഭ്യാസ

സമ്പ്രദായം കേണൽ മൺറോയുടെ സഹായത്താൽ നടപ്പിലാക്കി. തിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിച്ചു. സ്വാതിതിരുനാളിന്റെ ഭരണകാലത്ത് ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം 1839 ൽ എറണാകുളത്ത് ആരംഭിച്ചു. 1862 ൽ മറ്റൊരു ഇംഗ്ലീഷ് വിദ്യാലയം തലശ്ശേരിയിൽ തുടങ്ങി. ക്രമേണ കേരളത്തിൽ സ്കൂളുകളുടെയും കോളേജുകളുടെയും ഒരു ശൃംഖലതന്നെ സ്ഥാപിക്കപ്പെട്ടു. തലശ്ശേരി തുറമുഖത്തിലെ ഉദ്യോഗസ്ഥനായ ബ്രണ്ണൻ എല്ലാമതത്തിലും ജാതിയിലുംപെട്ട കുട്ടികൾക്ക് പഠിക്കുന്നതിനായി 1862 ൽ മലബാറിൽ ബ്രണ്ണൻ സ്കൂൾ സ്ഥാപിച്ചു. പിന്നീട് ഇത് ഒരു ഒന്നാംതരം (first grade) കോളേജായി മാറി. 1866 ൽ പാലക്കാട് വിക്ടോറിയ ഹൈസ്കൂൾ നിലവിൽ വന്നു. പിന്നീടിത് വിക്ടോറിയ കോളേജായി മാറി. 1866 ൽ തിരുവനന്തപുരം മഹാരാജാസ് കോളേജും 1875 ൽ എറണാകുളം മഹാരാജാസ് കോളേജും സ്ഥാപിക്കപ്പെട്ടു. 1937 ൽ തിരുവിതാംകൂർ സർവകലാശാല നിലവിൽവന്നു. 1957 ൽ ഇത് കേരള സർവകലാശാലയായി പുനസംഘടിപ്പിക്കപ്പെട്ടു.



ഗൗരി പാർവതി ഭായി



സ്വാതിതിരുനാൾ

*19-ാം നൂറ്റാണ്ടിൽ മിഷനറിമാർ കേരളത്തിൽ ആരംഭിച്ച പ്രധാന കോളേജുകളെ കണ്ടെത്താൻ കഴിയുമോ?*

### നിയമവ്യവസ്ഥ (Legal system)

രാജ്യത്തെ നിയമവ്യവസ്ഥയിൽ ബ്രിട്ടീഷുകാർ ദൂരവ്യാപകങ്ങളായ മാറ്റങ്ങൾ നടപ്പിൽ വരുത്തി. കൊളോണിയൽ ഭരണത്തിന് മുമ്പ് ജാതി വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള നിയമവ്യവസ്ഥയാണ് കേരളത്തിൽ പിന്തുടർന്നിരുന്നത്. അതിൽ ഏറ്റവും പ്രമുഖമായത് *സത്യപരീക്ഷ*യായിരുന്നു. കുറ്റം ചെയ്തയാളിന്റെ ജാതിയനുസരിച്ചാണ് വിചാരണയുടെയും ശിക്ഷയുടെയും സ്വഭാവം നിർണയിക്കപ്പെട്ടിരുന്നത്. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്തതരം നീതിന്യായ സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. ഈ പശ്ചാത്തലത്തിലാണ് ബ്രിട്ടീഷുകാർ പുതിയ ഒരു നിയമസമ്പ്രദായവും പാശ്ചാത്യ നിയമചിന്തകളും കേരളത്തിൽ നടപ്പിലാക്കിയത്. 'നിയമവാഴ്ച' (Rule of Law), 'നിയമത്തിന്റെ മുന്നിൽ സമത്വം' (Equality before Law) തുടങ്ങിയ ആശയങ്ങൾ ശ്രേണീ രൂപത്തിലുള്ള സിവിൽ ക്രിമിനൽ കോടതികളോടൊപ്പം നടപ്പിലാക്കപ്പെട്ടു. അവ ഈ ദേശത്ത് നിലനിന്നിരുന്ന നിയമങ്ങളെയും കൂട്ടിച്ചേർത്ത് പുതിയൊരു ഏകീകൃത നിയമസംഹിതയ്ക്ക് രൂപംനൽകി.

## കൊളോണിയൽ ഭരണത്തിനെതിരായ ആദ്യകാല ചെറുത്തു നിൽപ്പുകൾ

## (EARLY RESISTANCE AGAINST COLONIALISM)

ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടതോടെ കേരളത്തിന്റെ ചരിത്രത്തിൽ ചെറുത്തു നിൽപ്പിന്റെ ഒരു പുതുയുഗത്തിന്

തുടക്കമായി. നാട്ടുമുഖ്യന്മാരും ജനങ്ങളും ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി കലാപത്തിന്റെ കൊടിയുയർത്തി. ഈ പ്രസ്ഥാനങ്ങൾക്ക് മലബാറിൽ പഴശ്ശിരാജ, കുറിച്യർ, മാപ്പിള കർഷകർ എന്നിവരും തിരുവിതാംകൂറിൽ വേലുത്തമ്പി ദളവയും കൊച്ചിയിൽ പാലിയത്തച്ചനും നേതൃത്വം നൽകി.

### പഴശ്ശി കലാപം (The Pazhassi Revolt)

ബ്രിട്ടീഷ് ഭരണകാലത്ത് ദക്ഷിണേന്ത്യയിൽ പൊട്ടിപുറപ്പെട്ട നിരവധി കലാപങ്ങളിൽ ഏറ്റവും ഗൗരവമേറിയതായിരുന്നു പഴശ്ശി കലാപം. ഈ കലാപത്തിന്റെ വീരപുരുഷൻ കേരളവർമ്മ പഴശ്ശിരാജയായിരുന്നു.

പഴശ്ശി കലാപത്തിന് രണ്ട് ഘട്ടങ്ങളുണ്ടായിരുന്നു. 1793 മുതൽ 1797 വരെയായിരുന്നു ഒന്നാം ഘട്ടം. ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയമായിരുന്നു ഒന്നാം കലാപത്തിന്റെ പ്രാഥമിക കാരണം. 1792 ൽ മലബാർ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായപ്പോൾ നികുതി പിരിക്കാനുള്ള അധികാരം അവർ പ്രാദേശിക ഭരണാധികാരികൾക്ക് നൽകി. അവരുടെ നികുതിനിർണയവും പിരിവും നിഷ്ഠുരമായിരുന്നു. ഇതിനു പുറമെ പഴശ്ശിയുടെ എതിർപ്പിന് മറ്റൊരുകാരണം കൂടിയുണ്ടായിരുന്നു. ടിപ്പു സുൽത്താനെ എതിർത്തിരുന്ന കമ്പനിയുടെ ശക്തനായ പിന്തുണക്കാരനായിരുന്നു ആദ്യകാലങ്ങളിൽ അദ്ദേഹം. പക്ഷേ, ശ്രീരംഗപട്ടണം സന്ധിക്ക് ശേഷം നികുതി പിരിക്കാനുള്ള അധികാരം കമ്പനി നൽകിയത് കുറുമ്പ്രനാട്ടെ വീരവർമ്മയ്ക്കായിരുന്നു. നായർ സമുദായാംഗങ്ങൾ, മാപ്പിളമാർ, ഗോത്രജനത എന്നിവരടങ്ങിയ പഴശ്ശിയുടെ പട്ടാളം കമ്പനി സൈന്യത്തെ ശക്തമായി ചെറുത്തു. തുടർന്ന് ഇംഗ്ലീഷുകാരെ വയനാട്ടിൽ നിന്ന് പുറത്താക്കാനായി പഴശ്ശി മൈസൂരിന്റെ സഹായം തേടി. അവസാനം ബ്രിട്ടീഷ് സൈന്യം വയനാട്ടിൽ നിന്ന് പിന്മാറുകയും 1797 ൽ പഴശ്ശിയുമായി അനുരഞ്ജനത്തിലാവുകയും ചെയ്തു.

**പഴശ്ശിയെക്കുറിച്ച് ബേബർ**

പഴശ്ശിവിപ്ലവത്തെ അടിച്ചമർത്താനുള്ള ഉത്തരവാദിത്വം തലശ്ശേരി സബ്കളക്ടർ ആയിരുന്ന തോമസ് ഹാർവി ബേബറെയാണ് ഏൽപ്പിച്ചിരുന്നത്. പഴശ്ശിരാജയുടെ മൃതശരീരം അദ്ദേഹം തന്റെ പല്ലക്കിൽ വഹിച്ചുകൊണ്ട് മാനന്തവാടിയിൽ കൊണ്ടുവന്ന് ആചാരബഹുമതികളോടെ സംസ്കരിച്ചു. 1805 ഡിസംബർ 31 ന് അദ്ദേഹം മലബാറിലെ പ്രിൻസിപ്പൽ കലക്ടർക്ക് അയച്ച കത്തിലൂടെ ഇങ്ങനെ റിപ്പോർട്ട് ചെയ്തു. "ഒരു പ്രക്ഷോഭകാരിയാണെങ്കിലും അദ്ദേഹം ഈ രാജ്യത്തെ സ്വാഭാവിക മുഖ്യന്മാരിൽ ഒരുവനും അക്കാരണത്താൽ പരാജിതനായ വെറുമൊരു ശത്രു എന്നതിനുപരി പരിഗണിക്കപ്പെടേണ്ടവനുമാകുന്നു. എല്ലാ വർഗക്കാരിലും പഴശ്ശിരാജയോട് നിശ്ചിതമായ താൽപര്യം ഉണ്ടായിരുന്നു. തന്റെ മരണത്തിനുപോലും മായ്ക്കാനാകാത്തവിധത്തിൽ ഇന്നാട്ടുകാർ അദ്ദേഹത്തെ കുറിച്ച് ഭക്തിയുടെ സീമയിലെത്തുന്ന സ്നേഹാദരങ്ങൾ പുലർത്തിപ്പോന്നു".

1800 ലാണ് പഴശ്ശി കലാപത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. കലാപകാരികളെ വയനാട്ടിൽ മാത്രമായി ഒതുക്കി നിർത്താനുള്ള ആസൂത്രണം കേണൽ വെല്ലസ്ലി നടത്തി. പഴശ്ശിരാജയുടെ സൈന്യത്തിൽ കുറിച്യരും കുറുമ്പരുമായിരുന്നു വലിയൊരു വിഭാഗം. തലശ്ശേരിയിലെ സബ്കളക്ടർ ആയിരുന്ന തോമസ് ഹാർവി ബേബർ പുൽപ്പള്ളിയിൽ *കോൽക്കാർ* എന്ന തദ്ദേശീയ സൈന്യത്തെ അണിനിരത്തി രാജയ്ക്കെതിരെ പടനയിച്ചു. 1805 നവംബർ 30 ന് വയനാട്ടിലെ മാവിലാത്തോട് എന്ന സ്ഥലത്തുവച്ച് പഴശ്ശിരാജ കൊല്ലപ്പെട്ടു.



പഴശ്ശിരാജയുടെ ശവകുടീരം, മാനന്തവാടി

## വേലുത്തമ്പിയും പാലിയത്തച്ചനും (Velu Thampi and Paliath Achan)

മലബാർ കൈവശപ്പെടുത്തിയശേഷം ബ്രിട്ടീഷുകാർ തിരുവിതാംകൂറിലും കൊച്ചിയിലും കൂടി തങ്ങളുടെ രാഷ്ട്രീയ, വാണിജ്യ താൽപര്യങ്ങൾ ഉറപ്പിക്കാൻ ശ്രമിച്ചു. 1800 ൽ കമ്പനി തിരുവിതാംകൂറിലെയും കൊച്ചിയിലെയും ബ്രിട്ടീഷ് റസിഡന്റായി കേണൽ മെക്കാളയെ നിയമിച്ചു. നാട്ടുരാജ്യങ്ങളുടെ എല്ലാ ആഭ്യന്തര കാര്യങ്ങളുടെയും നിയന്ത്രണം അദ്ദേഹം ഏറ്റെടുക്കാൻ തുടങ്ങിയതോടെ ഭരണാധികാരികൾക്ക് പരമാധികാരം നഷ്ടപ്പെട്ടു.

1805 ൽ ബ്രിട്ടീഷുകാർ തിരുവിതാംകൂറിലെ ഭരണാധികാരിയുമായി സ്ഥായിയായ സൗഹൃദത്തിന്റെയും ആശ്രയത്വത്തിന്റെയും ഒരു സന്ധിയിൽ ഒപ്പുവെച്ചു. ഇത് ഫലത്തിൽ തിരുവിതാംകൂറിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് അന്ത്യം കുറിച്ചു. കപ്പം അടച്ചു തീർക്കാൻ റസിഡന്റ് നിർബന്ധം ചെലുത്തുകയും ഒപ്പം തന്നെ രാജ്യത്തിന് ഒരു വൻതുക നൽകേണ്ടിയിരുന്ന മാത്തു തരകൻ എന്നയാളുടെ ഭൂമി കണ്ടുകെട്ടാൻ വേലുത്തമ്പി പുറപ്പെടുവിച്ച കൽപ്പന അദ്ദേഹം റദ്ദാക്കുകയും ചെയ്തു. ഇതെല്ലാം കമ്പനിക്കെതിരായി ഒരു സായുധ കലാപം സംഘടിപ്പിക്കാൻ ദളവയെ പ്രേരിപ്പിച്ചു. കേണൽ മെക്കാളെയുടെ ഇടപെടലിനെതിരായ വികാരം പങ്കുവച്ച കൊച്ചിയിലെ മുഖ്യമന്ത്രിയായ പാലിയത്തച്ചനുമായി അദ്ദേഹം രഹസ്യധാരണയുണ്ടാക്കി. അവർ കോഴിക്കോട് സാമൂതിരിയുമായും മൗറീഷ്യസിലുള്ള ഫ്രഞ്ചുകാരുമായും രഹസ്യമായി ആശയവിനിമയം നടത്തി. 1808 ഡിസംബറിൽ മെക്കാളെയുടെ കൊച്ചിയിലെ



വേലുത്തമ്പി ദളവ

ക്യാമ്പ് ഭവനം തദ്ദേശീയ സൈന്യം ആക്രമിച്ചു. എന്നാൽ റസിഡന്റ് ഒരു കപ്പലിൽ കയറി രക്ഷപ്പെട്ടു.

കലാപം തുടരവെ 1809 ജനുവരിയിൽ (മലയാള വർഷം 984, മകരം 1) കുണ്ടറയിലെത്തിയ വേലുത്തമ്പി ജനങ്ങളുടെ പൂർണമായ പിന്തുണ ലഭിക്കുന്നതിനായി അവരോട് ആവേശോജ്ജ്വലമായ ഒരു ആഹ്വാനം നടത്തി. "കുണ്ടറ വിളംബരം" എന്നറിയപ്പെട്ട ഈ വിളംബരം ദക്ഷിണേന്ത്യയിലെ കൊളോണിയൽ വിരുദ്ധ സമരത്തിന്റെ നാഴികക്കല്ലായ ഒരു രേഖയാണ്.

### കുണ്ടറ വിളംബരവും കർഷകരും

സാധാരണ ജനങ്ങളുടെ സാമ്പത്തിക ദുരിതങ്ങൾക്കാണ് കുണ്ടറ വിളംബരം ഊന്നൽ നൽകിയത്. യൂറോപ്യന്മാർ "ഉപയോഗശൂന്യമായ സ്ഥലങ്ങളുടെ പരമാധികാരിയായി സ്വയം പ്രഖ്യാപിക്കുന്ന ആശയം," ഭൂമിയുടെയും കൃഷിയുടെയും മേലുള്ള കൊളോണിയൽ ചൂഷണത്തെ സംബന്ധിച്ച ദീർഘവീക്ഷണപരമായ കാഴ്ചപ്പാടാണ്. കർഷകരുടെ പിന്തുണ ലഭിക്കുന്നതിനായി അദ്ദേഹം വിളംബരത്തിൽ പരാമർശിച്ച ഒരു പ്രധാന കാര്യമായിരുന്നു ഇത്. അങ്ങനെ ഈ വിപ്ലവത്തിന് വിദേശാധിപത്യത്തിനെതിരായ കർഷക കലാപത്തിന്റെ ചില സവിശേഷതകൾ ഉണ്ടായിരുന്നു. ഈ വിളംബരത്തിന് ശേഷമുള്ള 60 വർഷകാലഘട്ടത്തിനുള്ളിൽ യൂറോപ്യൻ മുതലാളിമാർ ഉയർന്ന മലമ്പ്രദേശങ്ങളിലെ ഉപയോഗശൂന്യമായ വിശാലമായ ഭൂപ്രദേശം ചൂഷണം ചെയ്യുകയും കർഷകരെ ഭൂരഹിതരായ കർഷകത്തൊഴിലാളികളായി അധഃപതിപ്പിക്കുകയും ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിൽ, കാർഷിക മുതലാളിത്തത്തിന്റെ ആവിർഭാവത്തിനും വളരെ മുമ്പ്, കോളനിവാഴ്ചയുടെ ഈ പ്രത്യേക പ്രതിഭാസം തിരിച്ചറിഞ്ഞ ഒരു ഭരണാധികാരിയും ഇന്ത്യയിലുണ്ടായിരുന്നില്ല.

ബ്രിട്ടീഷുകാർ കൊച്ചി ആക്രമിച്ചതോടെ പാലിയത്തച്ചൻ വേലുത്തമ്പിയുമായുള്ള സഖ്യം ഉപേക്ഷിച്ചു. പുതിയ ദളവയായ ഉമ്മിണിത്തമ്പി വേലുത്തമ്പിയെ പിടിക്കാൻ കൽപ്പന പുറപ്പെടുവിക്കുകയും അദ്ദേഹത്തെ പിടിച്ചു കൊടുക്കുന്നവർക്ക് പാരിതോഷികം വാഗ്ദാനം ചെയ്യുകയും ചെയ്തു. തുടർന്ന് മണ്ണടിയിൽ വേലുത്തമ്പി അഭയം തേടിയ ഭവനം തിരുവിതാംകൂറിന്റെയും ബ്രിട്ടീഷുകാരുടെയും സൈന്യം വളഞ്ഞു. ജീവനോടെ പിടിക്കുന്നതു മൂലമുണ്ടാകുന്ന നാണക്കേട് ഒഴിവാക്കാനായി അദ്ദേഹം ആത്മഹത്യ ചെയ്തു. തിരുവിതാംകൂറിൽ ബ്രിട്ടീഷുകാർക്കെതിരായ വീരോചിതമായ ചെറുത്തു നിൽപ്പിന്റെ ഒരധ്യായം അതോടെ അവസാനിച്ചു.


➲ **ചർച്ച ചെയ്യുക...**

കേരളത്തിലെ സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളുടെ ചരിത്രത്തിൽ കുണ്ടറ വിളംബരത്തിനുള്ള പ്രാധാന്യം

### കുറിച്യ കലാപം (The Kurichiya Revolt)

പഴശ്ശി കലാപം അടിച്ചമർത്തിയശേഷം ബ്രിട്ടീഷുകാർ വയനാട്ടിലെ ഗോത്രജനതയായ കുറിച്യരുടെയും കുറുമ്പരുടെയും തുണ്ടു ഭൂമികൾ പിടിച്ചെടുത്തു. പഴശ്ശി കലാപത്തിൽ അവർ പങ്കെടുത്തതിലുള്ള പ്രതികാരമായിട്ടാണ് ഈ ഭൂമി പിടിച്ചെടുത്തത്. കൂടാതെ അവർ പരമ്പരാഗത രീതിയിൽ വനത്തിൽ നടത്തുന്ന വെട്ടിച്ചുട്ടുകൃഷിക്ക് ബ്രിട്ടീഷുകാർ അനുമതി നിഷേധിക്കുകയും ബ്രിട്ടീഷുകാർ അവരോട് സാധനത്തിന് പകരം പണം നികുതിയായി അടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

1812 മാർച്ചിലാണ് കലാപം ആരംഭിച്ചത്. കലാപകാരികളുടെ നേതാവ് രാമനമ്പി അഥവാ രാമമൂപ്പനായിരുന്നു. 1812 മെയ് 1ന് ബ്രിട്ടീഷ് സൈന്യം രാമനമ്പിയെ പിടികൂടി വധിച്ചു. 1812 മെയ് മാസത്തോടെ ബ്രിട്ടീഷുകാർ കുറിച്യ കലാപം അടിച്ചമർത്തി. കുറിച്യകലാപം ഒരു ഗോത്ര കലാപമായിരുന്നെങ്കിലും കൊളോണിയൽ ചൂഷണത്തിന്റെ ദുരിതമനുഭവിച്ച സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഇതിനെ പിന്തുണച്ചു.




മലബാർ മാനുവലിന്റെ രചയിതാവിന്റെ പേരെഴുതുക.

### മാപ്പിള കലാപങ്ങൾ (Mappila Outbreaks)

മാപ്പിള കലാപങ്ങൾ എന്നറിയപ്പെട്ട അക്രമാസക്തമായ കലാപങ്ങളുടെ ഒരു പരമ്പരയ്ക്ക് പത്തൊമ്പതാം നൂറ്റാണ്ടിലെ മലബാർ സാക്ഷ്യം വഹിച്ചു. ഇത്തരം അൻപതിലധികം കലാപങ്ങൾ ദക്ഷിണ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. മലബാറിലെ കാർഷിക പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയമിതനായ വില്യം ലോഗൻ ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയത്തിന്റെ ഫലമായുണ്ടായ ദാരിദ്ര്യവും കാർഷിക അസംതൃപ്തിയുമാണ് കലാപം പൊട്ടിപ്പുറപ്പെടാൻ കാരണമായതെന്ന് റിപ്പോർട്ട് ചെയ്തു. അവസാനം ബ്രിട്ടീഷുകാരുടെ അടിച്ചമർത്തൽ നയത്തിന്റെയും പരിഷ്കരണ നടപടികളുടെയും ഫലമായി കലാപങ്ങൾ അവസാനിച്ചു. ഇത്തരം മാപ്പിള കലാപങ്ങളുടെ മൂർധന്യത്തിലായിരുന്നു 1921 ലെ മലബാർ കലാപം.

**ചർച്ച ചെയ്യുക...**
കലാപകാരികൾക്ക് ബ്രിട്ടീഷുകാരെ ചെറുക്കാൻ കഴിയുമായിരുന്നോ?

### സാമൂഹിക പരിഷ്കരണം (Social Reform)

പത്തൊൻപതാം നൂറ്റാണ്ടിലെ കേരളസമൂഹം നിരവധി മതപരമായ അന്ധവിശ്വാസങ്ങൾക്കും സാമൂഹിക അസമത്വത്തിനും സാക്ഷ്യം വഹിച്ചു. ഫ്യൂഡൽ നാടുവാഴികളുടെ അടിച്ചമർത്തൽ ഭരണവും സവർണ ഹിന്ദുക്കൾ ആധിപത്യം സ്ഥാപിച്ച ജാതിവ്യവസ്ഥയും താഴ്ന്ന ജാതിയിൽപ്പെട്ട ജനങ്ങളുടെ ജീവിതം ദുരിതപൂർണമാക്കി. പെൺകുട്ടികൾ പ്രായപൂർത്തിയാകുന്ന സമയത്തും, വിവാഹം, ഗർഭം, മരണം തുടങ്ങിയ അവസരങ്ങളിലും യുക്തിരഹിതവും ബുദ്ധിശൂന്യവുമായ ആചാരങ്ങൾ അനുഷ്ഠിക്കപ്പെട്ടിരുന്നു. കേരളത്തിലുടനീളം നിലനിന്ന മറ്റൊരു ചൂഷണവ്യവസ്ഥ അടിമത്തമായിരുന്നു. ഈ ഫ്യൂഡൽ സംസ്കാരത്തിനെതിരായാണ് കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കൾ 19, 20 നൂറ്റാണ്ടുകളിൽ പ്രക്ഷോഭം ആരംഭിച്ചത്. ആര്യസമാജം, തിയോസഫിക്കൽ സൊസൈറ്റി തുടങ്ങിയ അഖിലേന്ത്യ പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് കേരളത്തിൽ ശാഖകൾ ഉണ്ടായിരുന്നെങ്കിലും അവയ്ക്ക് പരിമിതമായ സ്വാധീനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രാദേശികമായി രൂപം കൊണ്ട പരിഷ്കരണ പ്രസ്ഥാനങ്ങളാണ് പ്രധാനമായും കേരളത്തിൽ ശാശ്വതമായ സ്വാധീനം ചെലുത്തിയത്. പ്രധാന സാമൂഹിക പരിഷ്കർത്താക്കളെയും അവരുടെ സംഭാവനകളെയും കുറിച്ച് ചുവടെ പ്രതിപാദിക്കുന്നു.

## വൈകുണ്ഠ സ്വാമികൾ



**പ്രസ്ഥാനം**

സമത്വ സമാജം


**പ്രസിദ്ധീകരണങ്ങൾ**

*അഖില തിരട്ട്, അരുൾനൂൽ*

**പരിഷ്കാരങ്ങൾ**

- ദക്ഷിണേന്ത്യയിൽ ആദ്യത്തെ കണ്ണാടി പ്രതിഷ്ഠ നടത്തി.
- അദ്ദേഹത്തിന്റെ ധാർമ്മിക വിശ്വാസവ്യവസ്ഥ അയ്യാവഴി എന്നറിയപ്പെട്ടു.
- ഒരു തരത്തിലുമുള്ള വിവേചനങ്ങളില്ലാതെ എല്ലാപേരുടെയും സമത്വത്തിനായി അദ്ദേഹം നിലകൊണ്ടു.

## ശ്രീനാരായണ ഗുരു



**പ്രസ്ഥാനം**

ശ്രീനാരായണ ധർമ്മപരിപാലന യോഗം


**പ്രസിദ്ധീകരണങ്ങൾ**

*ആത്മോപദേശ ശതകം, ദൈവദശകം, ദർശനമാല, ശിവശതകം, നവമഞ്ജരി*

**പരിഷ്കാരങ്ങൾ**

- അന്ധവിശ്വാസങ്ങൾ, ജാതിവിവേചനങ്ങൾ എന്നിവയുടെ ഉച്ചാടനത്തിനായി നിലകൊണ്ടു.
- പാശ്ചാത്യ വിദ്യാഭ്യാസം, വാണിജ്യ വ്യവസായ സംരംഭങ്ങൾ എന്നിവ ഏറ്റെടുക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.
- 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്നത് അദ്ദേഹത്തിന്റെ പ്രസിദ്ധമായ വചനമായിരുന്നു.
- യാഥാസ്ഥിതിക ജനവിഭാഗത്തെ അമ്പരപ്പിച്ചു കൊണ്ട് 1888 ൽ അദ്ദേഹം അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി.

## ചട്ടമ്പി സ്വാമികൾ



**പ്രസിദ്ധീകരണങ്ങൾ**

*പ്രാചീന മലയാളം, ആദിഭാഷ, വേദാധികാര നിരൂപണം*

**പരിഷ്കാരങ്ങൾ**

- അദ്ദേഹം ജാതിവ്യവസ്ഥയെയും യുക്തിരഹിതമായ സാമൂഹികാചാരങ്ങളെയും എതിർത്തു.
- മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലയേറിയ സംഭാവനകൾ നൽകി.
- വേദങ്ങളിൽ ബ്രാഹ്മണർക്കുണ്ടായിരുന്ന കുത്തകാധിപത്യത്തെ അദ്ദേഹം വെല്ലുവിളിച്ചു.

## അയ്യങ്കാളി



**പ്രസ്ഥാനം** : സാധുജന പരിപാലനയോഗം

**പരിഷ്കാരങ്ങൾ**

- താഴ്ന്ന ജാതിക്കാർക്ക് പൊതുനിരത്തുകൾ തുറന്ന് കിട്ടുന്നതിനും സ്കൂൾ പ്രവേശനം നൽകുന്നതുൾപ്പെടെയുള്ള പൗരാവകാശങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടി നിലകൊണ്ടു.
- ജാതി വ്യവസ്ഥയെ എതിർത്തു, താഴ്ന്ന ജാതിക്കാർക്ക് പൊതുവിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വേണ്ടി തൊഴിലാളി സമരം നയിക്കുകയും ചെയ്തു.
- താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് വസ്ത്രം ധരിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്കെതിരായി 'കല്ലുമാല സമരം' സംഘടിപ്പിച്ചു.

## വക്കം അബ്ദുൽ ഖാദർ മൗലവി



**പ്രസ്ഥാനം**

തിരുവിതാംകൂർ മുസ്ലീം മഹാജനസഭ

**പ്രസിദ്ധീകരണങ്ങൾ**

*സ്വദേശാഭിമാനി* (കെ. രാമകൃഷ്ണപിള്ള പത്രാധിപർ) *അൽ- ഇസ്ലാം* (അറബി - മലയാളം മാസിക)

**പരിഷ്കാരങ്ങൾ**

- ഇസ്ലാമികമല്ലാത്ത എല്ലാ ആചാരങ്ങളെയും ഉപേക്ഷിക്കാൻ അദ്ദേഹം മുസ്ലീങ്ങളോട് ആഹ്വാനം ചെയ്തു.
- പാശ്ചാത്യ വിദ്യാഭ്യാസം നേടാനും ആധുനിക പുരോഗമനപ്രസ്ഥാനങ്ങളിൽ പ്രധാന പങ്ക് വഹിക്കാനും മുസ്ലീങ്ങളെ ഉപദേശിച്ചു.

## വാഗ്ഭടാനന്ദൻ



**പ്രസ്ഥാനം**

ആത്മവിദ്യാസംഘം

**പ്രസിദ്ധീകരണങ്ങൾ**

*അഭിനവ കേരളം* (മാസിക) *ആത്മവിദ്യാകാഹളം* (പത്രിക)

**പരിഷ്കാരങ്ങൾ**

- താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനുള്ള അവകാശത്തെ പിന്തുണച്ചു.
- ദുർബല വിഭാഗങ്ങളുടെ സാമ്പത്തിക പുരോഗതിയിൽ സൂക്ഷ്മ ശ്രദ്ധപതിപ്പിക്കുകയും കർഷക പ്രസ്ഥാനങ്ങളുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തു.
- യുക്തിചിന്തയും വിമർശന ചിന്തയും പ്രോത്സാഹിപ്പിച്ചു.

*കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കളുടെ പ്രസിദ്ധീകരണങ്ങൾ, പ്രസ്ഥാനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തുക.*

### മാർ കുര്യാക്കോസ് ഏലിയാസ് ചാവറ




**പ്രസിദ്ധീകരണങ്ങൾ**

*ആത്മാനുതാപം, ഇടയനാടകങ്ങൾ, ധ്യാനസല്ലാപങ്ങൾ, നാലാഗമങ്ങൾ*

**പരിഷ്കാരങ്ങൾ**

- മധ്യകേരളത്തിൽ അദ്ദേഹം നിരവധി വിദ്യാലയങ്ങൾ സ്ഥാപിച്ചു.
- സമൂഹത്തിലെ ദരിദ്രർക്കും വാർധക്യം ബാധിച്ചവർക്കുമായി അനാഥാലയങ്ങൾ സ്ഥാപിച്ചു.
- 1846 ൽ കോട്ടയത്തെ മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ചു.

### വി.ടി. ഭട്ടതിരിപ്പാട്



**പ്രസിദ്ധീകരണം**

*അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് (നാടകം)*

**പരിഷ്കാരങ്ങൾ**

- നമ്പൂതിരി സ്ത്രീകളോടുള്ള, പ്രത്യേകിച്ച് വിധവകളോടുള്ള, ദ്രോഹപരമായ പെരുമാറ്റങ്ങളെ നിന്ദിച്ചു.
- സ്ത്രീധന സമ്പ്രദായത്തെയും പ്രായം കുറഞ്ഞ പെൺകുട്ടികളെ പ്രായമേറിയ പുരുഷന്മാർ വിവാഹം കഴിക്കുന്ന രീതിയേയും ചെറുത്തു.

ഇവർക്കു പുറമെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന മറ്റനേകം പരിഷ്കർത്താക്കളും സമൂഹത്തിൽ നിലനിന്ന പരമ്പരാഗതാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും എതിരായി പോരാടി. സഹോദരൻ അയ്യപ്പൻ, പൊയ്കയിൽ ശ്രീകുമാര ഗുരുദേവൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, മന്നത്ത് പത്മനാഭൻ, സയ്യിദ് സനഹുള്ള മക്തി തങ്ങൾ, കുമാരനാശാൻ, സി. കേശവൻ തുടങ്ങിയവർ അവരിൽ ചിലരാണ്. സ്ത്രീ പരിഷ്കർത്താക്കളായ പാർവതി നെന്മിനി മംഗലം, ആര്യാപള്ളം, ശാരദ അമ്മാൾ, കെ.സി. നാരായണി അമ്മ, കാളിക്കുട്ടി ആശാട്ടി തുടങ്ങിയവർ സ്ത്രീകളുടെ ഉയർച്ചയ്ക്കും ഉന്നമനത്തിനുമായി നിലകൊണ്ടു. അങ്ങനെ പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ കേരള സമൂഹത്തിൽ നിലനിന്ന പ്രസക്തമായ നിരവധി പ്രശ്നങ്ങളെ സാമൂഹിക പരിഷ്കർത്താക്കൾ അഭിസംബോധന ചെയ്തു. അവ ഇങ്ങനെ സംഗ്രഹിക്കാം:

- ജാതി വിലക്കുകളുടെ ഉച്ചാടനം
- വിദ്യാഭ്യാസത്തിന്റെ വ്യാപനം
- സ്ത്രീശാക്തീകരണം
- സാമൂഹികനീതി
- അധഃസ്ഥിതവർഗത്തിന്റെ ഉന്നമനം
- യുക്തിചിന്തയും വിമർശനബുദ്ധിയും
- പൊതു ഇടങ്ങൾ എല്ലാ പേർക്കും ഉറപ്പാക്കൽ

**ചർച്ച ചെയ്യുക...**
കേരളത്തിലെ സാമൂഹിക പരിഷ്കരണത്തിന്റെ സ്വഭാവം

## ഒരു ജനാധിപത്യ സമൂഹത്തിനായുള്ള പോരാട്ടം (STRUGGLE FOR A DEMOCRATIC SOCIETY)

സാമൂഹിക അനാചാരങ്ങൾ, ജാതിയിൽ അധിഷ്ഠിതമായ വിലക്കുകൾ, അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ ലംഘനം എന്നിവയ്ക്കെതിരായും മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനു വേണ്ടിയും സംഘടിപ്പിക്കപ്പെട്ട ചില പൗരാവകാശ പ്രസ്ഥാനങ്ങൾക്ക് കേരളം സാക്ഷിയായി. അത്തരം പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള ഒരു ലഘു വിവരണമാണ് ചുവടെ നൽകിയിട്ടുള്ളത്.

### ചാന്നാർ കലാപം (Shanar Agitation)

സാമൂഹികനീതി സംരക്ഷിക്കുന്നതിനായി നടന്ന ആദ്യകാല സമരങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു തെക്കൻ തിരുവിതാംകൂറിൽ നടന്ന ചാന്നാർ കലാപം. സമൂഹത്തിലെ സവർണ സ്ത്രീകൾക്കുണ്ടായിരുന്നതു പോലെ, വസ്ത്രം ധരിക്കാനുള്ള അവകാശം അന്ന് ചാന്നാർ സ്ത്രീകൾക്കുണ്ടായിരുന്നില്ല. കേണൽ മൺറോ ദിവാനായിരുന്ന കാലഘട്ടത്തിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ചാന്നാർ സ്ത്രീകൾക്ക് കുപ്പായം കൊണ്ട് ശരീരം മറയ്ക്കാൻ അനുവാദം നൽകിക്കൊണ്ട് കൽപ്പന പുറപ്പെടുവിച്ചു. എന്നാൽ ഇതുകൊണ്ട് സംതൃപ്തരാകാതിരുന്ന ചാന്നാർ സമുദായംഗങ്ങൾ സവർണസ്ത്രീകൾ ധരിക്കുന്നതു പോലെ മേൽമുണ്ടും കുടി ധരിച്ച് പൊതു നിരത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. തുടർന്ന് 1859 ജൂലൈ 26ന് വസ്ത്രധാരണവുമായി ബന്ധപ്പെട്ട് നിലനിന്ന എല്ലാ വിലക്കുകളും നിരോധിച്ചുകൊണ്ട് രാജാവ് കൽപ്പന പുറപ്പെടുവിച്ചു.




ഗാന്ധിജി - വൈക്കം സത്യാഗ്രഹത്തിൽ


### വൈക്കം സത്യഗ്രഹം (Vaikom Satyagraha)

അയിത്തോച്ചാടനത്തിനായി കേരളത്തിൽ നടന്ന ആദ്യത്തെ പ്രധാന പ്രക്ഷോഭമായിരുന്നു 1924-25 ലെ പ്രസിദ്ധമായ വൈക്കം സത്യഗ്രഹം. വൈക്കം ക്ഷേത്രത്തിന് സമീപമുള്ള റോഡുകളിൽ കുടി അവർണർക്ക് നടക്കുന്നതിനുള്ള അവകാശം നേടുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.

ടി.കെ. മാധവൻ, മന്നത്ത് പത്മനാഭൻ, സി.വി. കുഞ്ഞിരാമൻ, കെ. കേളപ്പൻ തുടങ്ങിയ സുപ്രധാന നേതാക്കൾ ഈ സത്യഗ്രഹവുമായി ബന്ധപ്പെട്ടിരുന്നു. മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ നടന്ന *സവർണജാഥ* ഈ സത്യഗ്രഹത്തിന്റെ ഒരു പ്രധാന പ്രത്യേകതയായിരുന്നു. ഈ ജാഥയിലെ അംഗങ്ങൾ തിരുവനന്തപുരത്ത് വരികയും റാണിയായ സേതുലക്ഷ്മിബായിക്ക് നിവേദനം സമർപ്പിക്കുകയും ചെയ്തു. വൈക്കം സത്യഗ്രഹവും *സവർണജാഥ*യും ക്ഷേത്രപ്രവേശനത്തിന് അനുകൂലമായി പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്നതിന് സഹായകമായി. ഒടുവിൽ, മഹാത്മാഗാന്ധിയുടെ മധ്യസ്ഥതയിൽ 1925 ൽ സത്യഗ്രഹം വിജയകരമായി അവസാനിച്ചു.



ടി.കെ. മാധവൻ



മന്നത്ത് പത്മനാഭൻ


1925 നവംബർ 23ന് ക്ഷേത്രത്തിന്റെ കിഴക്കേനടയിലേക്ക് നയിക്കുന്ന രണ്ടു പാതകൾ ഒഴികെ ക്ഷേത്രത്തിന്റെ മൂന്ന് വശങ്ങളിൽ കൂടിയുള്ള റോഡുകളും എല്ലാ വിഭാഗം ജനങ്ങൾക്കുമായി തുറന്നു കൊടുത്തു കൊണ്ട് സർക്കാർ പ്രഖ്യാപനം നടത്തി.

## ഗുരുവായൂർ സത്യഗ്രഹം (Guruvayur Satyagraha)

1931–32 ലെ ഗുരുവായൂർ സത്യഗ്രഹം കേരളത്തിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ മറ്റൊരു പ്രധാന നാഴികക്കല്ലായിരുന്നു. ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു കൊടുക്കുക എന്നതായിരുന്നു സത്യഗ്രത്തിന്റെ ലക്ഷ്യം. കോഴിക്കോട് സാമൂതിരിയുടെ അധീനതയിലായിരുന്ന ക്ഷേത്രം പൂർണമായും സവർണർക്കായി നിയന്ത്രിക്കപ്പെട്ടിരുന്നു. 1931 നവംബർ 1ന് കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ എന്നിവരുടെ നേതൃത്വത്തിൽ സത്യഗ്രഹമാരംഭിച്ചു. കെ.കേളപ്പൻ ക്ഷേത്രത്തിനു മുന്നിൽ അനിശ്ചിതകാല നിരാഹാരം ആരംഭിച്ചു. പ്രതിലോമകാരികളായ സവർണർ എ.കെ. ഗോപാലൻ, പി.കൃഷ്ണപിള്ള തുടങ്ങിയ സന്നദ്ധസേവകരെ ആക്രമിച്ചു. തുടർന്ന് ഗാന്ധിജിയുടെ ഉപദേശപ്രകാരം സത്യഗ്രഹം അവസാനിപ്പിച്ചു. അതിനുശേഷം അവർണർക്ക് ക്ഷേത്രപ്രവേശനം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ പൊതുജനാഭിപ്രായം ആരായുന്നതിനു വേണ്ടി പൊന്നാനി താലൂക്കിൽ പരിമിതമായ ജനഹിത പരിശോധന നടത്തി. ഈ ജനഹിത പരിശോധന അവർണർ ക്ഷേത്രപ്രവേശനം നടത്തുന്നതിന് ഭൂരിഭാഗം ജനങ്ങളും അനുകൂലമാണെന്ന വസ്തുത വെളിപ്പെടുത്തി. എന്നാൽ താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രപ്രവേശനം നേടുക എന്ന അടിയന്തിര ലക്ഷ്യം നേടുന്നതിൽ ഗുരുവായൂർ സത്യഗ്രഹം പരാജയപ്പെട്ടു. എന്നിരുന്നാലും എല്ലാവർക്കും ക്ഷേത്രപ്രവേശനം എന്ന പൊതുജനാഭിപ്രായം സംഘടിപ്പിക്കാൻ ഇതിന് കഴിഞ്ഞു.

**ചർച്ച ചെയ്യുക...**

വൈക്കം, ഗുരുവായൂർ സത്യഗ്രഹികൾ ഉയർത്തിപ്പിടിച്ച അവകാശങ്ങൾ



കെ. കേളപ്പൻ



എ.കെ. ഗോപാലൻ




പി. കൃഷ്ണപിള്ള

## ആധുനികകാലത്തെ അത്ഭുതം (Miracle of Modern Times)



ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ

തന്റെ രാജ്യത്തെ എല്ലാ ക്ഷേത്രങ്ങളും ജാതി വിവേചനം കൂടാതെ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു നൽകികൊണ്ട് തിരുവിതാംകൂറിലെ ഭരണാധികാരിയായ ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ 1936 നവംബർ 12ന് പുറപ്പെടുവിച്ച ക്ഷേത്രപ്രവേശന വിളംബരം ക്ഷേത്രപ്രവേശന പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ വിജയത്തെ കുറിച്ചു. ഇന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ വിളംബരമായ ഇത് ഒരു ചരിത്രരേഖയായിരുന്നു. ഗാന്ധിജി ഈ വിളംബരത്തെ "ആധുനിക കാലത്തെ അദ്ഭുതം" എന്ന് വിശേഷിപ്പിച്ചു. ഇത് കേരള സമൂഹത്തിൽ നിശ്ശബ്ദവും രക്തരഹിതവുമായ ഒരു വിപ്ലവം കൊണ്ടുവന്നു. അവർണർക്ക് തങ്ങളുടെ രാജ്യങ്ങളിലെ ക്ഷേത്രങ്ങൾ തുറന്നു കൊടുത്തു കൊണ്ട് കൊച്ചിയിലെയും മലബാറിലെയും ഭരണകൂടങ്ങൾ സമാനമായ നിയമങ്ങൾ നടപ്പിലാക്കി.


THE PROCLAMATION ISSUED BY
HIS HIGHNESS THE MAHARAJA OF TRAVANCORE
UNDER THE SAGACIOUS GUIDANCE AND ENCOURAGEMENT
OF HIS MOTHER
MAHARANI SETU PARVATI BAI
AND
WITH THE STATESMAN LIKE COUNSEL
OF HIS DEWAN
SACHIVOTTAMA SIR C.P.RAMASWAMI AIYAR, K.C.I.E.
PROFOUNDLY CONVINCED OF THE TRUTH AND VALIDITY
OF OUR RELIGION, BELIEVING THAT IT IS BASED ON DIVINE
GUIDANCE AND ON AN ALL-COMPREHENDING TOLERATION,
KNOWING THAT IN ITS PRACTICE IT HAS THROUGHOUT
THE CENTURIES, ADAPTED ITSELF TO THE NEEDS OF
CHANGING TIMES, SOLICITOUS THAT NONE OF OUR HINDU
SUBJECTS SHOULD, BY REASON OF BIRTH OR CASTE
OR COMMUNITY, BE DENIED THE CONSOLATIONS AND
SOLACE OF THE HINDU FAITH, WE HAVE DECIDED AND
HEREBY DECLARE, ORDAIN AND COMMAND THAT,
SUBJECT TO SUCH RULES AND CONDITIONS AS MAY BE
LAID DOWN AND IMPOSED BY US FOR PRESERVING
THEIR PROPER ATMOSPHERE AND MAINTAINING
THEIR RITUALS AND OBSERVANCES, THERE SHOULD
HENCEFORTH BE NO RESTRICTION PLACED ON ANY
HINDU BY BIRTH OR RELIGION, ON ENTERING OR
WORSHIPPING AT THE TEMPLES CONTROLLED BY US
AND OUR GOVERNMENT. SION MANUAL

ക്ഷേത്രപ്രവേശന വിളംബരം

## പാലിയം സത്യഗ്രഹം (Paliyam Satyagraha)

1947 മുതൽ 1948 മാർച്ച് വരെ നടന്ന പാലിയം സത്യഗ്രഹം അയിത്തോച്ചാടനത്തിനായി കേരളത്തിൽ നടന്ന മറ്റൊരു പ്രധാന പ്രക്ഷോഭമായിരുന്നു. കൊച്ചി രാജ്യത്തിൽ ക്ഷേത്രങ്ങളിലേക്കും സവർണരുടെ ഭവനങ്ങളിലേക്കും പോകുന്ന സമീപ റോഡുകളിലും അവർണർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. കൊച്ചിയിലെ മുൻ മന്ത്രിമുഖ്യനായിരുന്ന പാലിയത്തച്ചന്റെ ചേന്നമംഗലത്തുള്ള വീടിനു മുന്നിലുള്ള റോഡിൽ കൂടി നടക്കാനുള്ള അവർണരുടെ ശ്രമങ്ങൾ സംഘർഷത്തിലേക്ക് നയിച്ചു. ഈ സാഹചര്യത്തിൽ പാലിയം റോഡ് എല്ലാവർക്കും തുറന്നു കൊടുക്കാൻ പാലിയം കുടുംബത്തെ നിർബന്ധിക്കുന്നതിനായി കൊച്ചി രാജ്യപ്രജാമണ്ഡലം, കമ്യൂണിസ്റ്റ് പാർട്ടി, എസ്.എൻ.ഡി.പി. യോഗം തുടങ്ങിയവർ സംയുക്തമായി ഒരു സത്യഗ്രഹം സംഘടിപ്പിച്ചു. സി. കേശവൻ തുടക്കം കുറിച്ച സത്യഗ്രഹം 1947 ഡിസംബർ 4ന് ആരംഭിച്ചു. സത്യഗ്രഹികളിലൊരാളായ എ.ജി. വേലായുധന്റെ മരണത്തെത്തുടർന്ന് സത്യഗ്രഹം പിൻവലിച്ചു. 1948 ഏപ്രിലിൽ കൊച്ചിയിലെ എല്ലാ ക്ഷേത്രങ്ങളും എല്ലാ വിഭാഗം ഹിന്ദുക്കൾക്കുമായി തുറന്നുകൊടുത്തു. തുടർന്ന് അവർണർക്കും അഹിന്ദുക്കൾക്കും പാലിയം റോഡിൽകൂടി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു.



സി. കേശവൻ

*ഒരു ജനാധിപത്യസമൂഹത്തിനുവേണ്ടിയുള്ള വ്യത്യസ്ത സമരങ്ങളുടെ ലക്ഷ്യങ്ങൾ താരതമ്യം ചെയ്യുക.*



സി.ശങ്കരൻനായർ

## ദേശീയ പ്രസ്ഥാനം (NATIONAL MOVEMENT)

ആദ്യഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം കേരളത്തിൽ ദുർബലമായിരുന്നു. സി.ശങ്കരൻനായർ, ജി.പി.പിള്ള എന്നിവരായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യകാല പ്രമുഖനേതാക്കൾ. 1897ൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അമരാവതി സമ്മേളനത്തിന് അധ്യക്ഷം വഹിച്ചത് സി.ശങ്കരൻനായരായിരുന്നു. ദേശീയ പ്രസ്ഥാനം കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ളതിനെക്കാൾ മലബാറിൽ ശക്തമായിരുന്നു. മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിലും കൊച്ചിയും തിരുവിതാംകുറും രാജാക്കന്മാർ ഭരിച്ചിരുന്ന നാട്ടുരാജ്യങ്ങളും ആയിരുന്നതാണ് ഇതിന് കാരണം. കേരളത്തിലെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ ചുവടെ പട്ടികയിൽ നൽകിയിട്ടുണ്ട്.

### കൊച്ചി

**1921** കേരള പ്രവിശ്യ കോൺഗ്രസ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു. നിസ്സഹകരണ പ്രസ്ഥാനം

**1930** സിവിൽ നിയമലംഘനപ്രസ്ഥാനം


**1936** തൃശ്ശൂർ പട്ടണത്തിലെ വൈദ്യുതി വിതരണം സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാനുള്ള ദിവാൻ ഷൺമുഖം ചെട്ടിയുടെ തീരുമാനത്തിനെതിരായി തൃശ്ശൂരിൽ വൈദ്യുതി പ്രക്ഷോഭം.

**1941** വി.ആർ.കൃഷ്ണൻ എഴുത്തച്ഛന്റെ അധ്യക്ഷതയിൽ കൊച്ചിരാജ്യ പ്രജാമണ്ഡലം എന്ന ഒരു പുതിയ രാഷ്ട്രീയ പ്രസ്ഥാനം നിലവിൽ വന്നു.

**1942** പ്രജാമണ്ഡലത്തിന്റെ നേതൃത്വത്തിൽ ക്വിറ്റിന്ത്യാ പ്രസ്ഥാനം

**1946** കൊച്ചിയിൽ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനു വേണ്ടി പ്രജാമണ്ഡലത്തിന്റെ നേതൃത്വത്തിൽ രാജ്യവ്യാപകപ്രക്ഷോഭം.

**1948** ഇ. ഇക്കണ്ടവാര്യർ പ്രധാന മന്ത്രിയായി കൊച്ചിയിലെ ആദ്യത്തെ സമ്പൂർണ്ണ പ്രജാമണ്ഡല മന്ത്രിസഭ. പ്രജാമണ്ഡലം, ഔപചാരികമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ലയിച്ചു.



ഇ.ഇക്കണ്ടവാര്യർ

## മലബാർ

**1920** കുടിയായ്മ പരിഷ്കാരങ്ങൾ ആവശ്യപ്പെട്ട മഞ്ചേരി രാഷ്ട്രീയ സമ്മേളനം നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും

**1921** ടി. പ്രകാശത്തിന്റെ അധ്യക്ഷതയിൽ ഒറ്റപ്പാലത്തുവച്ച് ആദ്യത്തെ അഖിലകേരള പ്രവിശ്യാ സമ്മേളനം.


വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, സീതി കോയതങ്ങൾ, ആലിമുസലിയാർ എന്നിവരുടെ നേതൃത്വത്തിൽ ബ്രിട്ടീഷാധിപത്യത്തിനും ഭൂപ്രഭുത്വത്തിനും എതിരായി മലബാർ കലാപം തൊണ്ണൂറ് മാപ്പിളകലാപകാരികളിൽ 61 പേർ തിരൂരിൽ നിന്നും കോയമ്പത്തൂരിലേക്ക് പോയ അടച്ചുപൂട്ടിയ ഗുഡ്സ് വാഗണിൽ യാത്രാമധ്യേ ശ്വാസംമുട്ടി മരണപ്പെട്ടു. ഇത് 'വാഗൺദുരന്തം' എന്നറിയപ്പെടുന്നു.



ആലിമുസലിയാർ

**1930** കെ.കേളപ്പൻ, മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, ഇ.മൊയ്തുമൗലവി, മൊയ്യാരത്ത് ശങ്കരൻ, പി.കൃഷ്ണപിള്ള, ആർ.വി.ശർമ തുടങ്ങിയവർ നയിച്ച ഉപ്പുസത്യഗ്രഹം.

**1936** കണ്ണൂരിൽ നിന്നും മദ്രാസുവരെ എ.കെ.ഗോപാലന്റെ നേതൃത്വത്തിൽ *പട്ടിണിജാഥ*



മുഹമ്മദ് അബ്ദുർ റഹ്മാൻസാഹിബ്

**1942** ക്വിറ്റിന്ത്യാപ്രസ്ഥാനവും കീഴരിയൂർ ബോംബ്കേസും.

### പൂക്കോട്ടൂർ യുദ്ധം

മലബാർ കലാപകാലത്തെ ആദ്യത്തെ ആസൂത്രിതവും നേരിട്ടുള്ളതുമായ ആക്രമണം പൊട്ടിപ്പുറപ്പെട്ടത് 1921 ആഗസ്റ്റിൽ പൂക്കോട്ടൂരിൽ ആയിരുന്നു. ഏകദേശം 3000 കലാപകാരികൾ ഇതിൽ പങ്കെടുത്തു. ഈ കലാപം വളരെ ശക്തമായതിനാൽ ജില്ലാ മജിസ്ട്രേട്ടായിരുന്ന തോമസ്, കലാപത്തെ അടിച്ചമർത്താൻ കൂടുതൽ സൈനിക സഹായം മദ്രാസ് സർക്കാരിനോട് ആവശ്യപ്പെട്ടു. കോമസ് എന്ന യുദ്ധക്കപ്പലിന് കോഴിക്കോട് തുറമുഖത്തെത്താൻ ആവശ്യമായ ഏർപ്പാടുകളും ചെയ്തിരുന്നു. യുദ്ധക്കപ്പലിന്റെ സാന്നിധ്യം കലാപകാരികളെ ഭയപ്പെടുത്തും എന്ന പ്രതീക്ഷയിലാണ് ഇങ്ങനെ ചെയ്തത്. നൂറുകണക്കിന് കലാപകാരികൾ ഇതിൽ കൊല്ലപ്പെട്ടു.



പൂക്കോട്ടൂർ യുദ്ധ സ്മാരകം

## തിരുവിതാംകൂർ

**1927** ഉത്തരവാദഭരണത്തിന് വേണ്ടിയുള്ള ജനകീയ പ്രക്ഷോഭം

**1929** ദക്ഷിണേന്ത്യൻ രാജ്യങ്ങളുടെ ജനകീയ സമ്മേളനം

**1932** സി.കേശവൻ, ടി.എം.വർഗീസ്, എൻ.വി.ജോസഫ്, പി.കെ. കുഞ്ഞ് എന്നിവരുടെ നേതൃത്വത്തിൽ അഖില തിരുവിതാംകൂർ സംയുക്തകരാഷ്ട്രീയ സമിതി നിവർത്തനപ്രക്ഷോഭം ആരംഭിച്ചു. ശ്രീമൂലം പ്രജാസഭയിലേക്ക് സ്വത്തടിസ്ഥാനത്തിന് പകരം ജനസംഖ്യാടിസ്ഥാനത്തിൽ വോട്ടവകാശം ആവശ്യപ്പെട്ടായിരുന്നു സമരം സംഘടിപ്പിക്കപ്പെട്ടത്.


പട്ടം എ.താണുപിള്ള

**1938** ഉത്തരവാദഭരണം നേടുന്നതിനായി പട്ടം എ.താണുപിള്ള ആദ്യ പ്രസിഡന്റായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിക്കപ്പെട്ടു.
രാജ്യമൊട്ടാകെ സിവിൽ നിയമലംഘന സമരം.
അക്കമ്മ ചെറിയാൻ നയിച്ച സ്റ്റേറ്റ് കോൺഗ്രസ് ആക്ഷൻ കൗൺസിലിന്റെ വമ്പിച്ച പ്രകടനം തിരുവനന്തപുരത്ത്.


അക്കമ്മ ചെറിയാൻ

*ഉത്തരവാദ ഭരണകൂടം*

*ജനങ്ങളുടെ ആഗ്രഹത്തെ മാനിക്കുന്ന ഭരണകൂടം.*

*കേരളത്തിലെ ദേശീയ പ്രസ്ഥാനത്തെ ഇന്ത്യയിലെ ദേശീയ പ്രസ്ഥാനവുമായി നിങ്ങൾ എങ്ങനെയാണ് ബന്ധപ്പെടുത്തുക?*

## ജനകീയ സമരങ്ങൾ (POPULAR STRUGGLES)

കേരളത്തിലെ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഒരു പ്രധാന സവിശേഷത തൊഴിലാളികളുടെയും കർഷകരുടെയും സജീവ പങ്കാളിത്തമായിരുന്നു. സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ നേതാക്കളാണ് കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകിയത്.

1930 കളിൽ സോഷ്യലിസ്റ്റ് ആശയങ്ങളും ഇടതുപക്ഷരാഷ്ട്രീയവും കേരളത്തിൽ വേരുറപ്പിക്കാൻ തുടങ്ങി. കോൺഗ്രസ് സോഷ്യലിസ്റ്റുകൾ എന്നറിയപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ഇടതുപക്ഷവിഭാഗം ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകി. സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് ലഭിച്ച പ്രചാരം ചില ജനകീയ സമരങ്ങൾക്ക് വഴിയൊരുക്കി. 1941ലെ കയ്യൂർ സമരവും 1946ലെ പുന്നപ്രവയലാർ സമരവും ഇക്കൂട്ടത്തിൽ ഏറ്റവും പ്രധാനങ്ങളായിരുന്നു.

മലബാറിലെ തൊഴിലാളികളും കർഷകരും 1940 സെപ്തംബർ 15 അടിച്ചമർത്തൽ വിരുദ്ധ ദിനമായി സംഘടിപ്പിച്ചു. കണ്ണൂരിലെ മൊറാഴയിൽ നടന്ന കർഷക സമ്മേളനത്തിന്റെ നേർക്കുണ്ടായ പോലീസ് നടപടി കലാപത്തി

ലേക്ക് നയിക്കുകയും ഇതിനെ സർക്കാർ ക്രൂരമായി അടിച്ചമർത്തുകയും ചെയ്തു. കർഷകർ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൻ കീഴിൽ സംഘടിച്ചു. പ്രാദേശിക ജനക്കൂട്ടവും പോലീസും തമ്മിൽ നടന്ന തുറന്ന പോരാട്ടത്തിൽ 1941 മാർച്ച് 28ന് കയ്യൂരിൽവച്ച് ഒരു പോലീസുകാരൻ കൊല്ലപ്പെട്ടു. കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളായ നാല് യുവകർഷകർ അറസ്റ്റ് ചെയ്യപ്പെടുകയും 1943 മാർച്ച് 29ന് തൂക്കിലേറ്റപ്പെടുകയും ചെയ്തു.

കേരളത്തിലെ വ്യത്യസ്തങ്ങളായ ജനകീയ പ്രസ്ഥാനങ്ങളെ പട്ടികപ്പെടുത്താമോ?

1946 ഒക്ടോബറിൽ ആലപ്പുഴ നഗരത്തിലെ വ്യാവസായികത്തൊഴിലാളികൾ, പുന്നപ്രയിലെ മത്സ്യത്തൊഴിലാളികൾ, വയലാറിലെ കുടിയാൻമാർ തുടങ്ങിയവർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രകടനം നടത്തുകയും പോലീസുമായി ശക്തമായി ഏറ്റുമുട്ടുകയും ചെയ്തു. തുടർന്ന് നടന്ന പോലീസ് വെടിവയ്പ്പിൽ ഏകദേശം നൂറ്റിയൻപതോളം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ജനങ്ങളുടെ ജീവത്യാഗവും രക്തസാക്ഷിത്വവും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ശക്തമായ അടിത്തറപാകി.


## മലയാളി സ്വത്വബോധവും ഐക്യകേരളത്തിനാ b pf f {] Ø ന്‍ h pw (MALAYALI IDENTITY AND THE MOVEMENT FOR A UNITED KERALA)

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിലെ ജനങ്ങളുടെ സാംസ്കാരികോദ്ഗ്രഥനത്തിൽ മലയാളഭാഷ ഒരു പ്രധാനഘടകമായി പ്രവർത്തിച്ചു. ഭാഷയെയും പ്രദേശത്തെയും അടിസ്ഥാനമാക്കിയുള്ള മലയാളി സ്വത്വബോധത്തിന്റെ വേരുകൾ സി.ഇ. പതിനാലാം നൂറ്റാണ്ടിലെ വ്യാകരണഗ്രന്ഥമായ *ലീലാതിലക*ത്തിൽ തന്നെ കണ്ടെത്താൻ കഴിയും. ഇത് ഏക ഭാഷ സംസാരിക്കുന്ന മലയാളി സമൂഹത്തെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചരണത്തോടെയാണ് ഒരു പൊതുഭാഷയെ അടിസ്ഥാനമാക്കിയുള്ള ഒരുതരം പ്രാദേശികബോധം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിൽ ആവിർഭവിച്ച് തുടങ്ങിയത്. അച്ചടിവിദ്യയുടെ കടന്നുവരവും പ്രാദേശിക ഭാഷാ വർത്തമാനപ്പത്രങ്ങളുടെ സ്ഥാപനവും ഈ ഉപദേശീയതാ വികാരം വളർത്തിയതിൽ പ്രധാന ഘടകങ്ങളായിരുന്നു. തിരുവിതാംകൂറിലെ ഭരണരംഗത്ത് പുറത്തുനിന്നുള്ളവരെ നിയമിക്കുന്നതിനെതിരായി 10028 പേർ ഒപ്പിട്ട് 1891ൽ തയാറാക്കിയ മലയാളി മെമ്മോറിയൽ എന്ന നിവേദനം ഈ ബോധത്തിന്റെ അടയാളമായിരുന്നു.

➲ **ചർച്ച ചെയ്യുക...**

മലയാളി സ്വത്വബോധത്തിന്റെ ഇന്നത്തെ പ്രസക്തി ചർച്ചചെയ്യുക.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേശീയ പ്രസ്ഥാനത്തോടു കൂടിയാണ് ഒരു മലയാളി സ്വത്വബോധം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെയുള്ള അതിരുകൾ



ഇ.എം.ശങ്കരൻനമ്പൂതിരിപ്പാട്

1956 ൽ നിലവിൽ വന്ന പതിനാല് സംസ്ഥാനങ്ങൾ കണ്ടെത്തുക

ഭേദിച്ച് കേരളത്തിലുടനീളം വ്യാപിച്ചു തുടങ്ങിയത്. ഭാഷാടിസ്ഥാനത്തിൽ 1921 നിലവിൽവന്ന കേരളപ്രവിശ്യ കോൺഗ്രസ് കമ്മിറ്റി മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിലെ ജനങ്ങളെ പ്രതിനിധീകരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ 1921ൽ ഒറ്റപ്പാലത്ത് വച്ച് ആദ്യത്തെ അഖിലകേരള പ്രവിശ്യാസമ്മേളനം നടന്നു. ഈ സമ്മേളനത്തിലാണ് ആദ്യമായി മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ പ്രതിനിധികൾ ഒരുമിച്ച് പങ്കെടുത്തത്. ഉപദേശീയതയ്ക്കുവേണ്ടിയുള്ള ഈ ഉദ്വേഗം ഇ.എം.ശങ്കരൻനമ്പൂതിരിപ്പാട് രചിച്ച 'ഒന്നേകാൽ കോടി മലയാളികൾ' പോലെയുള്ള ഗ്രന്ഥങ്ങളിൽ പ്രതിഫലിച്ചു. 1947 ഏപ്രിലിൽ തൃശ്ശൂരിൽ കെ.കേളപ്പന്റെ അധ്യക്ഷതയിൽ നടന്ന ഐക്യ കേരളസമ്മേളനം, ഐക്യകേരളത്തിന്റെ രൂപീകരണം ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കി. 1949 ജൂലൈ 1 ന് തിരുവിതാംകൂറും കൊച്ചിയും ലയിച്ച് *തിരു-കൊച്ചി* എന്ന പുതിയ രാജ്യം രൂപം കൊണ്ടത് കേരളസംസ്ഥാന രൂപീകരണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലേക്കുള്ള ഒരു പ്രധാന കാൽവയ്പ്പായിരുന്നു. പിന്നീട് സയ്യദ്ഫസൽ അലിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവ ഉൾക്കൊള്ളിച്ച് കേരളസംസ്ഥാനം രൂപീകരിക്കാൻ നിർദേശം നൽകി. അങ്ങനെ 1956 നവംബർ 1 ന് കേരള സംസ്ഥാനം ഔദ്യോഗികമായി നിലവിൽവന്നു.

## നമുക്ക് വിലയിരുത്താം (LET US ASSESS)

1. ബ്രിട്ടീഷുകാരുടെ കീഴിൽ കേരളത്തിൽ കൊളോണിയൽ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായ വികാസത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
2. കേരളത്തിന്റെ വിദ്യാഭ്യാസത്തിനും വിജ്ഞാനത്തിനും മിഷണറിമാർ നിസ്തുലമായ സംഭാവനകൾ നൽകി. വ്യക്തമാക്കുക.
3. കേരളത്തിലെ വ്യത്യസ്ത പ്രതിഷേധ പ്രസ്ഥാനങ്ങളുടെ പ്രകൃതം വിശകലനം ചെയ്യുക.
4. കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കൾ അഭിസംബോധന ചെയ്ത പ്രശ്നങ്ങൾ ഏതെല്ലാം?
5. കേരളത്തിലെ ദേശീയ പ്രസ്ഥാനത്തെ വിശദമാക്കുക.
6. തിരുവിതാംകൂറിനും കൊച്ചിക്കും മലബാറിൽ നിന്നും വ്യത്യസ്തമായ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക അനുഭവമാണ് ഉണ്ടായിരുന്നത് - സമർഥിക്കുക.

7. കേരളത്തിന്റെ ഏകീകരണത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്യുക.

8. **ബി കോളത്തിൽ അനുയോജ്യമായവയുമായി എ കോളത്തെ ബന്ധപ്പെടുത്തുക.**

| **എ** | **ബി** |
|---|---|
| വി.ടി. ഭട്ടതിരിപ്പാട് | അഭിനവകേരളം |
| ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് | അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് |
| വാഗ്ഭടാനന്ദൻ | അരുൾനൂൾ |
| വൈകുണ്ഠസ്വാമികൾ | ഒന്നേകാൽകോടി മലയാളികൾ |

9. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിലെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. തന്നിട്ടുള്ള പട്ടികയിൽ അവ അനുയോജ്യമായി ക്രമപ്പെടുത്തുക.

- അക്കമ്മ ചെറിയാൻ ആക്ഷൻ കൗൺസിലിന് നേതൃത്വം നൽകി.
- പട്ടിണി ജാഥ
- പ്രജാമണ്ഡലം മന്ത്രിസഭ
- പട്ടം എ താണുപിള്ളയുടെ നേതൃത്വത്തിൽ ഉത്തരവാദ ഭരണത്തിനായുള്ള പ്രസ്ഥാനം.
- ആദ്യത്തെ അഖില കേരള പ്രവിശ്യാ സമ്മേളനം
- വൈദ്യുതി പ്രക്ഷോഭം

| മലബാർ | കൊച്ചി | തിരുവിതാംകൂർ |
|---|---|---|
| • | • | • |
| • | • | • |

10. ഇന്ത്യയിലെ ബ്രിട്ടീഷ് അധികാരത്തെ ശക്തിപ്പെടുത്താൻ പരിഷ്കാരങ്ങൾക്ക് കഴിഞ്ഞതെങ്ങനെ? പരിശോധിക്കുക.

**നിങ്ങൾക്ക് കൂടുതൽ അറിയണമെങ്കിൽ വായിക്കുക:**

ചെറിയാൻ, പി ജെ (എഡിറ്റഡ്). *പെർസ്പെക്ടീവ് ഓൺ കേരള ഹിസ്റ്ററി,* തിരുവനന്തപുരം

കുറുപ്പ്, കെ കെ എൻ, *പഴശ്ശി സമരങ്ങൾ.*

മേനോൻ, എ, ശ്രീധര, *ഹിസ്റ്ററി ഓഫ് ഫ്രീഡം മൂവ്മെന്റ് ഇൻ കേരള,* ഡി.സി. ബുക്സ്

മേനോൻ, എ ശ്രീധര, *എ സർവ്വെ ഓഫ് കേരള ഹിസ്റ്ററി,* ഡി.സി. ബുക്സ്

മേനോൻ, പി കെ കെ, *ദി ഹിസ്റ്ററി ഓഫ് ഫ്രീഡം മൂവ്മെന്റ് ഇൻ കേരള,* തിരുവനന്തപുരം

രാഘവവാരിയർ, *മധ്യകാല കേരളം സ്വരൂപ നീതിയുടെ ചരിത്രപാഠങ്ങൾ,* സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം

പണിക്കർ, കെ എൻ, *എഗെൻസ്റ്റ് ലോർഡ് ആന്റ് സ്റ്റേറ്റ് റിലീജിയൻ ആന്റ് പെസന്റ് അപ്റൈസിംഗ്സ് ഇൻ മലബാർ - 1836 - 1921,* ഒയുപി, ന്യൂഡൽഹി

ഗോപകുമാർ, പി എഫ്, *കേരള നവോത്ഥാനം,* ചിന്തബുക്സ്, തിരുവനന്തപുരം